Reg. No. 101, M. 2293

ഒററപ്രതിക്ക 2 ണ.

# സത്യദീപം

["ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 ഇടവം 2—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 മേയ് 16 | ലക്കം 37

## പരിശുദ്ധത്രിത്വം*

(കെ. എം. ജോസഫ് ബി എസ്‌സി ബി എൽ)

ജീവനിലും സത്യത്തിലും സ്നേഹത്തിലും മനുഷ്യനുള്ള അഭിലാഷങ്ങൾക്കു് ഈ ലോകത്തു് ഒരുവിധത്തിലും അറുതിവരുന്നില്ല. ജീവൻ മരണത്തെക്കൊണ്ടും സത്യം അസത്യത്തെക്കൊണ്ടും സ്നേഹം വിരോധത്തെക്കൊണ്ടും ഇവിടെ സമ്മിശ്രമാണു്. മനുഷ്യാഗ്രഹങ്ങൾക്കു് അടക്കം വരുന്നതിനു് ഈ ലോകത്തിന്റെ അതിർത്തികളെ വിട്ടു് അവർ പോകേണ്ടിയിരിക്കുന്നു. തനിജീവനിലേക്കും തനിസത്യത്തിലേക്കും തനിസ്നേഹത്തിലേക്കുമാണു് പോകേണ്ടതു്. അതുതന്നെയാണു് ദൈവം.

ദൈവത്തെക്കുറിച്ചുള്ള നമ്മുടെ ഈ ജ്ഞാനം ദൃഷ്ടിഗോചരവസ്തുക്കളിൽ മനുഷ്യയുക്തിയുടെ പ്രയോഗംകൊണ്ടു് ഉണ്ടാകുന്നതാണു്. ഇതു് ഏററവും അപൂർണ്ണമാകുന്നു. ഒരു ചിത്രംകണ്ടു ചിത്രകാരനെക്കുറിച്ചുണ്ടാകുന്ന അറിവുപോലെയാണു് നമ്മുടെ ഈ ജ്ഞാനവും. എത്രനാൾ ഒരു ചിത്രത്തെ വീക്ഷിച്ചുകൊണ്ടിരുന്നാലും ചിത്രകാരന്റെ ആന്തരികവിചാരങ്ങളെയോ പ്രതിപത്തികളെയോ പ്രതീക്ഷകളെയോ ആഗ്രഹങ്ങളെയോ ശരിയായി നമ്മൾ അറിയുകയില്ല. അയാൾ സ്വയം വെളിപ്പെടുത്തിയെങ്കിൽ മാത്രമേ ഇവയെല്ലാം നാമറിയുകയുള്ളു.

ഈ ബ്രഹ്മാണ്ഡത്തെ വീക്ഷിച്ചാൽ ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ചും അവിട്ടത്തെ പ്രതാപം, ജീവിതം, സൗന്ദര്യം ഇവയെക്കുറിച്ചും എളിയ വിവരങ്ങൾ നമുക്കുണ്ടാകും. പക്ഷേ അവിട്ടത്തെ ആലോചനയെക്കുറിച്ചോ സ്നേഹത്തെക്കുറിച്ചോ സമ്യക്കായ യാതൊരു രൂപവും നമുക്കു കിട്ടുന്നില്ല. അതിനാൽ ദൈവത്തിന്റെ ആഭ്യന്തരജീവിതത്തെക്കുറിച്ചു കൂടുതൽ ഗ്രഹിക്കുവാൻ മനുഷ്യൻ ആഗ്രഹിക്കുന്നതു് സ്വാഭാവികം മാത്രമാണു്. ക്രിസ്തുവിനു നാലു നൂററാണ്ടുകൾക്കപ്പുറം തത്വജ്ഞാനിയായ പ്ലേറേറാ ചോദിക്കുന്നു: "ഒരു ദൈവം മാത്രമേ ഉള്ളുവെങ്കിൽ ദൈവം എന്തിനെക്കുറിച്ചാണു് ചിന്തിക്കുന്നതു്? അദ്ദേഹത്തിനു ബുദ്ധിയുണ്ടെങ്കിൽ എന്തിനെക്കുറിച്ചെങ്കിലും ചിന്തിക്കേണ്ടതാണു്."

"ഒരു ദൈവം മാത്രമേ ഉള്ളുവെങ്കിൽ ദൈവം ആരെയാണു് സ്നേഹിക്കുന്നതു്? സൗഖ്യമായിരിക്കുന്നതിനു് സ്നേഹം അനിവാര്യമാണു്."

ഉത്തരം ലഭിക്കാതെ ഈ ചോദ്യങ്ങൾ അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരുന്നു. ദൈവത്തിൽ നിന്നു മാത്രമേ ഒരുത്തരം ഉണ്ടാകുമായിരുന്നുള്ളു. നമ്മുടെ കർത്താവു് ഭൂമിയിൽ വന്നപ്പോൾ അതു് ഉണ്ടാവുകയും ചെയ്തു. പിതാവായ ദൈവത്തിന്റെയും പുത്രനായ ദൈവത്തിന്റെയും പരിശുദ്ധാത്മാവായ ദൈവത്തിന്റെയും തത്വം വെളിവാക്കപ്പെട്ടു. ഈ ബഹ്മത്തായ ഗൂഢതത്വമാണു് പ്ലേറോയുടെ ചോദ്യങ്ങൾക്കു് സമാധാനം പറയുന്നതു്. യുക്തികൾക്കപ്പുറമുള്ളതും എന്നാൽ അതിനു വിരുദ്ധമല്ലാത്തതുമായ ഈ ഗൂഢതത്വത്തെ വ്യാഖ്യാനിക്കുവാനാണു് ഞാൻ ശ്രമിക്കുന്നതു്. ദൈവം എന്തിനെക്കുറിച്ചു ചിന്തിക്കുന്നെന്നും ആരെ സ്നേഹിക്കുന്നെന്നുമുള്ള പ്ലേറോയുടെ ചോദ്യങ്ങൾക്കു് ഉത്തരം പറയുന്നതിനു ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള മനുഷ്യന്റെ ചിന്തകളെ നമുക്കു പരിശോധിക്കാം.

മനുഷ്യൻ ചിന്തിക്കുന്നു. അവൻ ഒരാശയത്തെപ്പററി ചിന്തിക്കുന്നു—നീതി, വിശ്വാസം, ശരണം, ഉപവി ഇതുപോലെ ഒരു ആശയം. പക്ഷെ ആരാണു് നീതിയെ കണ്ടിട്ടുള്ളതു്? ആരാണു് ഉപവിയുടെ പുറപ്പാടു് കണ്ടിട്ടുള്ളതു്? ആർക്കാണു് ശരണത്തിന്റെ തൂക്കവും വലിപ്പവും നിറവും നിശ്ചയമുള്ളതു്? ഈ ആശയങ്ങളെ ആരും തപിക്കുകയും സ്പർശിക്കുകയും ചെയ്തിട്ടില്ല. എന്നാലും അവയുണ്ടെന്നു നമുക്കറിയാം. അവയെവിടെനിന്നു വന്നു? ബാഹ്യലോകത്തിൽ എങ്ങും അവയെ കാണുന്നില്ലല്ലോ. അതിനാൽ അവ മനസ്സിൽത്തന്നെ ജനിച്ചതായിരിക്കണം. പക്ഷേ മൃഗങ്ങളിൽ നിന്നു മൃഗങ്ങൾ ജനിക്കുന്നതുപോലെയല്ല. നാം കാണുന്നതല്ലാതെ ജനനത്തിനു് വേറെയും വിധങ്ങൾ ഉണ്ടു്. ഏററവും പരിശുദ്ധമായ ജനനം മനസ്സിൽ ഉണ്ടാകുന്ന ആശയങ്ങളുടേതും ആലോചനകളുടേതുമാണു്. നമ്മുടെ ചില ആശയങ്ങൾ സാധാരണങ്ങളും നിസ്സാരങ്ങളും ആരും പിന്നീടു് ഓർക്കാത്തവയുമാണു്. എന്നാൽ ജീവനും ശക്തിയും ഉള്ള ആശയങ്ങളും മനുഷ്യനുണ്ടു്. അവന്റെ മുഴുഹൃദയത്തേയും മുഴുശക്തിയേയും അടക്കംചെയ്യുന്ന ആശയങ്ങൾ അവനുണ്ടു്. ഒരുവന്റെ വ്യക്തിത്വത്തെ മുഴുവൻ ഈ ആശയങ്ങൾ വഹിച്ചുകൊണ്ടിരിക്കും. അവയെ അവന്റേതായി തിരിച്ചറിയുന്നതു് നിഷ്പ്രയാസമാണു്. അതുകൊണ്ടാണു് ഏതെങ്കിലും ആശയത്തെപ്പററി ഇതു് പാസ്കലിന്റേതു്, ഇതു് ഷേക്സ്പിയറുടേതു്, ഇതു് ഡാന്റേയുടേതു് എന്നു നമ്മൾ പറയുന്നതു്.

ഈ അറിവുതന്നെ ദൈവത്തിന്റെ കാര്യത്തിലും നമുക്കു പ്രയോഗിക്കാം. ദൈവം ചിന്തിക്കുന്നു. അവിടുന്നു് ഒരാശയത്തെപ്പററി ചിന്തിക്കുന്നു. ദൈവത്തിന്റെ ആശയം ബാഹ്യലോകത്തുനിന്നു വന്നിട്ടുള്ളതല്ല. അതു് അവിട്ടത്തെ ഉള്ളിൽ താനെ ഉണ്ടായതാണു്. നമ്മുടെ ഉള്ളിൽ ആശയങ്ങൾ ഉണ്ടാകുന്നതിലും പരിപൂർണ്ണമായി അതുണ്ടായി. ജനിപ്പിക്കുവാനുള്ള കഴിവു് നമുക്കുമാത്രം ഉള്ളതല്ല. സുവിശേഷത്തിലെ ഭാഷയിൽ "ചെവി കൊടുത്തവനു കേട്ടുകൂടയോ? കണ്ണു സൃഷ്ടിച്ചവനു കണ്ടുകൂടയോ? സന്താനങ്ങളെ ഉൽപാദിപ്പിക്കുവാൻ അന്യരെ സൃഷ്ടിക്കുന്ന എനിക്കുതന്നെ ഉൽപാദിപ്പിച്ചുകൂടയോ? അന്യർക്കു ജന്മത്തെ കൊടുക്കുന്ന ഞാൻ വന്ധ്യനാകുമോ?" സർവ്വശക്തനല്ലോ ദൈവം. അവിട്ടത്തെ ആശയം വെറും നിസ്സാരമായിരിക്കയില്ല. അതു് അറിയപ്പെട്ടതും അറിയപ്പെടാവുന്നതുമായ സർവ്വത്തിന്റെയും അഗാധതയിൽ നിന്നു പുറപ്പെടുന്നതായിരിക്കും. ഈ ആശയത്തിൽ ദൈവം തന്നെ മുഴുവനായി ആഴ്ത്തിയിരിക്കും. അങ്ങനെ അതു് അവിട്ടത്തെപ്പോലെ സജ്ജീവമായിരിക്കുന്നു, സനാതനമായിരിക്കുന്നു, പരിപൂർണ്ണമായിരിക്കുന്നു. ഒരു മനുഷ്യനു് അയാളുടെ വ്യക്തിത്വത്തെ അയാളുടെ ആശയങ്ങളിൽ അമഴ്ത്തുവാൻ കഴിയുമെങ്കിൽ ദൈവത്തിനു നിശ്ചയമായും കൂടുതൽ പരിപൂർണ്ണമായി ഇതു സാധിക്കുന്നതാണു്. അങ്ങനെ അവിട്ടത്തെ ആശയം (അവിടുന്നു തന്നെത്തന്നെ അറിയുന്ന അറിവു്) ഒരു ദൈവവ്യക്തിയായിരിക്കുന്നു.

ദൈവത്തിന്റെ ഈ ആശയത്തെ രണ്ടുവിധത്തിൽ നാമകരണം ചെയ്യാവുന്നതാണു്. അതിനെ ഒരു വചനം എന്നു വിളിക്കാം; അല്ലെങ്കിൽ, ഒരു പുത്രൻ എന്നു വിളിക്കാം. യഥാർത്ഥത്തിൽ രണ്ടും ഒന്നുതന്നെ. രണ്ടു വീക്ഷണങ്ങൾ എന്നുമാത്രം.

എന്റെ ആശയം ഞാൻ ഉച്ചരിച്ചാൽ പിന്നെ അതു വചനമാണു്. അതുപോലെതന്നെ ദൈവത്തിന്റെ ആശയത്തേയും ഒരു വചനമെന്നു പറയാം. അതു് ഉള്ളിലുള്ള ഒരു വചനമാണു്. ദൈവത്തിന്റെ ആശയം നമ്മുടേതുപോലെയല്ല. അവിടുന്നു് ഒരിക്കൽ ഒന്നു ചിന്തിക്കുകയും പിന്നീടു മറെറാന്നു ചിന്തിക്കുകയും ചെയ്യുന്നില്ല. ദൈവത്തിൽ ആശയങ്ങൾ മരിക്കുവാൻ വേണ്ടി ജനിക്കുകയോ, വീണ്ടും ജനിക്കുവാൻവേണ്ടി മരിക്കുകയോ ഇല്ല. എല്ലാം അവിട്ടത്തേക്കു് എപ്പോഴുമാകുന്നു. അവിട്ടത്തേക്കു് ഒരു വചനംമാത്രം മതിയാകും; മറെറാന്നിന്റെ ആവശ്യമേ ഇല്ല. ആ വചനം അല്ലെങ്കിൽ ആശയമാകട്ടെ സനാതനമായുള്ളതും അവിട്ടത്തോടു് സമമായുള്ളതുമാണു്. അതു പരിപൂർണ്ണവ്യക്തി




പാലാ സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ തൊഴിലാളികളുടെ ഏകാന്തധ്യാനത്തിനുശേഷം എടുത്ത ഗ്രൂപ്പ്ഫോട്ടോ.

* മോൺസിഞ്ഞോർ ഫൾട്ടൻ ജെ. ഷീൻ ചെയ്ത ഒരു റേഡിയോ പ്രസംഗത്തിന്റെ സംഗ്രഹം.

ത്വവും ആദിജാതവുമാകുന്നു. മാനുഷികമായ എല്ലാ വചനങ്ങൾക്കുമാരംഭം ഈ ഒരു വചനംതന്നെ. സൃഷ്ടികളത്രയും ഇതിന്റെ ശബ്ദഭാഗങ്ങളോ അക്ഷരങ്ങളോ മാത്രമേ ആകുന്നുള്ളൂ. എല്ലാ ജ്ഞാനത്തിന്റേയും ഉത്ഭവം ഈ വചനംതന്നെ. അധുനാതനങ്ങളായ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളും, ആകാശത്തെപ്പററിയുള്ള പുതിയ വിജ്ഞാനവും, ജീവശാസ്ത്രം, ഊർജ്ജശാസ്ത്രം തുടങ്ങിയവയും, അവയ്ക്കുമേലായ തത്വശാസ്ത്രം ദൈവശാസ്ത്രം മുതലായവയും എല്ലാം ഉത്ഭവിക്കുന്നതു് ദൈവത്തിന്റെ ആശയത്തിൽനിന്നാണു്.

ദൈവത്തിന്റെ പരമമായ ആശയത്തെ അവിടുത്തെ ജ്ഞാനമെന്നനിലയിൽ വചനം എന്നു മാത്രമല്ല വിളിക്കുന്നതു്. ജനിപ്പിക്കപ്പെട്ടതാകയാൽ പുത്രൻ എന്നും വിളിക്കാവുന്നതാണു്. ഉല്പാദിപ്പിക്കുന്ന ആളാണല്ലോ പിതാവെന്നു വ്യവഹരിക്കപ്പെടുന്നതു്. അതുകൊണ്ടു് പരിശുദ്ധ ത്രിത്വത്തിലും ഉൽപാദകൻ പിതാവുതന്നെ. ഉൽപാദിപ്പിക്കപ്പെട്ടതു് പിതാവിന്റെ സ്വരൂപവും ഛായയുമാകുന്നു. അതിനെയത്രേ പുത്രൻ എന്നു വിളിക്കുന്നതു്. ലൗകികമായ ഒരു പിതാവുതന്നെ തന്റെ സ്വഭാവമാഹാത്മ്യവും ജീവിതവൈശിഷ്ട്യവും പുത്രനിലേക്കു പകത്തുന്നുണ്ടു്. ആ സ്ഥിതിക്കു് സ്വർഗ്ഗീയപിതാവു് എത്രയോ പരിപൂർണ്ണമായി ഇതുതന്നെ സാധിക്കുന്നു എന്നു വിചാരിക്കുക.

ദൈവത്തിനു് എപ്പോഴും ഇപ്പോൾതന്നെ. അതുകൊണ്ടു് ആദിയിൽ ദൈവം ഉണ്ടായിരിക്കുകയും പിന്നീടു് ചിന്ത തുടങ്ങുകയുമല്ല. ദൈവം പരിണാമങ്ങൾക്കു് അതീതനാണു്. പുതുതായി ഒന്നുണ്ടാകുകയോ പഴയതു വിട്ടുപോകുകയോയില്ല. അതിനാൽ ദൈവത്തിനു് തന്റെ വചനത്തേയും സ്വരൂപത്തേയും പുത്രനേയും വിചാരിച്ചു പിതൃത്വേന "നീ എന്റെ പുത്രനാകുന്നു; "ഇന്നു" നിന്നെ ജനിപ്പിച്ചു" എന്നു പറയാവുന്നതാണു്. "ഇന്നു്" എന്നു വച്ചാൽ എന്നുമെന്നാണു് അർത്ഥം. ഇന്നു പ്രവൃത്തി ആരംഭിക്കുന്നതോ അവസാനിക്കുന്നതോ ഇല്ല.

ലോകാരംഭത്തിലേക്കു കടക്കുക. യുഗയുഗാന്തരങ്ങളെ തരണംചെയ്യുക—വചനം ദൈവത്തിലായിരുന്നു. ഈ വചനമത്രേ വിശുദ്ധയോഹന്നാൻ ശ്രവിച്ചതു്. "ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തിലായിരുന്നു. വചനം ദൈവമായിരുന്നു" (യോഹ. I-1). ആശയത്തിനു രൂപമുണ്ടാകുവാൻ ഒരു വചനം വേണം. അതുകൊണ്ടു് വിശുദ്ധ യോഹന്നാന്റെ ഭാഷയിൽ "വചനം മാംസമായി നമ്മോടുകൂടെ വസിച്ചു." ഈ വചനം ത്രിത്വത്തിന്റെ രണ്ടാമാളെന്യേ മറെറാന്നുമല്ല.

ദൈവത്തിന്റെ ആന്തരികജീവിതത്തെക്കുറിച്ചുള്ള പഠനം ഇതുകൊണ്ടും പൂർത്തിയാകുന്നില്ല.

എല്ലാ ജീവന്റേയും സത്യത്തിന്റേയും നന്മയുടേയും ഉൽപത്തി ദൈവമാകുന്നു. അതുകൊണ്ടു് അവിടുത്തേക്കു് ഒരു മനസ്സും ബുദ്ധിയും ഉണ്ടായിരിക്കണം, സ്നേഹവും വിചാരവും ഉണ്ടായിരിക്കണം. എല്ലാ ജീവികളും അവയുടെ പരിതൃപ്തിയെ കാംക്ഷിക്കുന്നു. കണ്ണിന്റെ തൃപ്തി നിറമാണു്. സൂര്യാസ്തമയത്തിൽ പശ്ചിമാംബരത്തിൽ കാണുന്ന അരുണവർണ്ണം അതു് ഇഷ്ടപ്പെടുന്നു. കാതിന്റെ തൃപ്തി സ്വരമാണു്. അതു സംഗീതമാധുരിയെ ഇഷ്ടപ്പെടുന്നു. സ്നേഹം ഇരുപക്ഷങ്ങളുള്ളതാണു്. സ്നേഹിക്കുന്നവനും സ്നേഹിക്കപ്പെടുന്നവനും. ഞാൻ സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നു. അതു് എന്റെ സ്നേഹമോ അവന്റെ സ്നേഹമോ അല്ല, ഞങ്ങളുടെ സ്നേഹമാണു്. ഞങ്ങൾക്കു തമ്മിൽ ഒരു ബന്ധമുണ്ടു്. അതിലാണു് ഞങ്ങളുടെ ഹൃദയങ്ങൾ ഒരുമിച്ചു കൂടികൊള്ളുന്നതു്. പിതാവു് തന്റെ സ്വരൂപത്തിന്റെ പരിതൃപ്തിയായ പുത്രനെ സ്നേഹിക്കുന്നു. പുത്രൻ പിതാവിനേയും സ്നേഹിക്കുന്നു. സ്നേഹം പിതാവിൽ മാത്രമോ പുത്രനിൽ മാത്രമോ അല്ല. അവരുടെ മദ്ധ്യത്തിലാണു് എന്തോ ഉള്ളതു്. പിതാവു് താൻ ജനിപ്പിച്ച പുത്രനെ സ്നേഹിക്കുന്നു; പുത്രൻ തന്നെ ജനിപ്പിച്ച പിതാവിനേയും. അവർ പരസ്പരം പരിഗണിക്കുകയും സ്നേഹിക്കുകയും സ്നേഹത്തിൽ അവിഭക്തമായിത്തീരുകയും ചെയ്യുന്നു. ശക്തിയായും പരിപൂർണ്ണമായും അവർ ഏകീഭവിക്കുന്നു. അങ്ങനെ അതു ജീവനുള്ള ഒരു ബന്ധമാകുന്നു. പരമമായ ഈ സ്നേഹംതന്നെ ഒരു വ്യക്തിത്വമായിത്തീരുന്നു, അല്ല ഒരു വ്യക്തിയായിത്തീരുന്നു. ഈ സംപൂർണ്ണാവസ്ഥയിൽ സ്നേഹം സംസാരിക്കുന്നില്ല, വിലപിക്കുന്നില്ല, സ്വയംവാക്കുകൾകൊണ്ടു് പ്രകാശിപ്പിക്കുന്നുമില്ല. ഒരു അരൂപി മാത്രമായി അതു് അങ്ങനെ ഉണ്ടായിരിക്കുന്നു. അതുതന്നെ ത്രിത്വത്തിന്റെ മൂന്നാമാളായ പരിശുദ്ധാരൂപി.

പിതാവും പുത്രനും പരിശുദ്ധാരൂപിയും ഒന്നായിരിക്കുക; ഒരു ദൈവത്തിൽ മൂന്നു് ആളുകൾ ഉണ്ടായിരിക്കുക. ഇതത്രേ ദൈവത്തിന്റെ ആഭ്യന്തരജീവിതം. ഇതുതന്നെ ത്രിത്വത്തിന്റെ ഗൂഢതത്വം. ഞാൻ ഞാനായിരിക്കുന്നതുപോലെ ഞാൻ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നു; ഞാൻ ഉണ്ടായിരിക്കുന്നതുപോലെ എന്റെ അറിവും സ്നേഹവും ഉണ്ടായിരിക്കുന്നു; എന്നാലും ഞാൻ ഞാൻ മാത്രമാണു്. ഏതാണ്ടു് ഇതുപോലെ അല്ല ഇതിനെക്കാൾ ഗൂഢമായ ഏതോ വിധത്തിൽ ദൈവത്തിൽ മൂന്നു ആളുകൾ ഉണ്ടു്. പക്ഷേ ഒരു ദൈവം മാത്രമേയുള്ളൂ.

തത്വജ്ഞനായ പ്ലേറേറായുടെ ചോദ്യങ്ങൾക്കു് ഇനി സമാധാനമുണ്ടു്. ഒരു ദൈവമേ ഉള്ളുവെങ്കിൽ അദ്ദേഹം എന്തിനെപ്പററി ചിന്തിക്കുന്നു? അവിടുന്നു നിത്യമായ ഒരു ആശയത്തെ ചിന്തിക്കുന്നു. ഒരു ദൈവമേ ഉള്ളുവെങ്കിൽ അദ്ദേഹം ആരെ സ്നേഹിക്കുന്നു? അവിടുത്തെ പുത്രനെ സ്നേഹിക്കുന്നു. അവരുടെ സ്നേഹമാകട്ടെ പരിശുദ്ധാരൂപിയുമാകുന്നു. ഇപ്രകാരമുള്ള ത്രിത്വത്തിന്റെ ഗൂഢതത്വത്തെ ആയിരിക്കണം തത്വജ്ഞനായ പ്ലേറേറാ വെമ്പലോടുകൂടി തേടിക്കൊണ്ടിരുന്നതു്.

——

കുടുംബപംക്തി

# കുട്ടികൾ

## അഞ്ചുവയസ്സിനു താഴെ

(എൻ. ഏ. കെ.)

(IV)

ഈ പ്രപഞ്ചത്തെപ്പററി നമുക്കുള്ളതിൽനിന്നു് വ്യത്യസ്തമായ ഒരു വീക്ഷണവും അഭിപ്രായഗതിയുമാണു് മൂന്നോ നാലോ വയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടിക്കുള്ളതു്. ഒരു കൊച്ചുകുട്ടിയുടെ ദൃഷ്ടിയിൽ നാം അധിവസിക്കുന്ന ഭവനവും ഭവനപരിസരങ്ങളിലുള്ള കുററിക്കാടുകളും വൃക്ഷങ്ങളും വളരെ ഉയരംകൂടിയവയും എല്ലാംതന്നെ അത്ഭുതകരവും രസകരവുമായ കാഴ്ചകളുമാണു്. ചിലപ്പോൾ ഒരു പുഴുവിനെയോ ജനാലയുടെ സമീപത്തുള്ള മഞ്ഞ നാരങ്ങായോ പച്ചനിറത്തിലുള്ള പുൽത്തകിടികളിൽ അങ്ങിങ്ങായി വിടന്നു വികസിച്ചുനിൽക്കുന്ന പുഷ്പങ്ങളോ ചൂണ്ടിക്കാണിച്ചുകൊണ്ടു് "അതെന്താണു്?" "അതാ നോക്കു" എന്നു പറഞ്ഞു പ്രായമുള്ളവരുടെ ശ്രദ്ധയെ അങ്ങോട്ടാകർഷിക്കുവാൻ കൊച്ചുകുട്ടികൾ ശ്രമിക്കും. അങ്ങനെയുള്ള അവസരങ്ങളിൽ "അതെപ്പററി അധികമൊന്നും പറയുവാനില്ല, അതിൽ വലിയ അത്ഭുതത്തിനവകാശമില്ല, അതൊരു വെറും പുഴുവാണു്, അതിനെ തൊടരുതേ," അല്ലെങ്കിൽ "അതൊരു നാരങ്ങായാണു്, അതിൽ അതിശയിക്കത്തക്കതായി യാതൊന്നുമില്ല," ഈവിധത്തിലൊക്കെ മാത്രം കൊച്ചുകുട്ടിയോടു പറയുവാനുള്ള സന്മനസ്സേ കൂടെയുള്ളവർക്കുള്ളുവെങ്കിൽ ആ കുട്ടി നിരാശാഭരിതനായിത്തീരും. പല വലിയ ആളുകളും കൊച്ചുകുട്ടികളുടെ ജിജ്ഞാസ നിറഞ്ഞ ചോദ്യങ്ങൾക്കു മറുപടി നൽകുന്നതു് ഏറെക്കുറെ മേലുദ്ധരിച്ച രീതിയിലാണു്. നമ്മിൽ പലരും നമ്മുടെ ചുററുപാടും കാണുന്ന മനോജ്ഞവും മനോഹരവും അത്ഭുതാവഹവുമായ കാഴ്ചകളിൽ എന്തെങ്കിലും ഒരു പുതുമയോ ആനന്ദമോ ദർശിക്കാറില്ല. ആവക കാഴ്ചകളിൽ അതിരററു് ആഹ്ലാദിക്കുകയും അതിശയിക്കുകയും ചെയ്യുന്ന കുട്ടികൾ അതെപ്പററി അറിയുവാനുള്ള ആകാംക്ഷയോടെ ചോദിക്കുന്ന ചോദ്യങ്ങൾക്കു അനാസ്ഥയോടും അവജ്ഞയോടുംകൂടെ നൽകുന്ന മറുപടി കേൾക്കുമ്പോൾ അവരിൽ ഉളവാകുന്ന നിരാശയുടെ ഫലമായി അവരുടെ മുഖം കണക്കിലേറെ മ്ലാനമാകുന്നതു സാധാരണഗതിയിൽ ആരും ശ്രദ്ധിക്കാറില്ല. ശ്രദ്ധിച്ചാൽത്തന്നെ അത്ര കാര്യമായിക്കരുതാറുമില്ല. കുട്ടികൾ നമ്മുടെ ശ്രദ്ധയിൽപ്പെടുത്തുന്ന വസ്തുക്കളെപ്പററി ചിലപ്പോൾ നമുക്കു കാര്യമായിട്ടൊന്നുംതന്നെ അറിയാനും പാടില്ലായിരിക്കും. അതത്ര കാര്യമായി കരുതേണ്ടതില്ല. എന്നാൽ നമ്മുടെ കുട്ടികൾ കൂടുതൽ നിരീക്ഷണതല്പരരും ജിജ്ഞാസുക്കളുമായിത്തീരുവാൻ സഹായകമായി നിൽക്കുന്നതു് അവരുടെ ചോദ്യങ്ങൾക്കു നൂറുശതമാനവും ശരിയായ മറുപടി നൽകുക എന്നുള്ളതല്ല, പ്രത്യുത, നമ്മുടെ സഹതാപവും അവരുടെ ചോദ്യങ്ങൾക്കു മറുപടി പറയുവാൻ നാം പ്രകടിപ്പിക്കുന്ന സന്നദ്ധതയുമാണു്. കുട്ടികൾ ഓരോ കാര്യത്തെപ്പററി ചോദിക്കുമ്പോൾ അവരെ നിരാശപ്പെടുത്തുകയും നിരുത്സാഹപ്പെടുത്തുകയും അരുതെന്നു സാരം. അത്ഭുതത്തിൽനിന്നും ജിജ്ഞാസയിൽനിന്നും പല സംഗതികൾ ഉടലെടുക്കുന്നുണ്ടു്. സുപ്രസിദ്ധ ശാസ്ത്രജ്ഞന്മാരായിത്തീർന്നിട്ടുള്ളവർ അവരുടെ ഗവേഷണസംരംഭം ആരംഭിച്ചതു് ദൈനംദിനജീവിതത്തിലെ സാധാരണസംഭവങ്ങളിലും നിസ്സാരവസ്തുക്കളിലും പ്രദർശിപ്പിച്ച താല്പര്യത്തിൽക്കൂടെയാണു്. നിസ്സാരങ്ങളെന്നു കരുതി അവഗണിക്കപ്പെട്ടിരുന്ന ചില കാര്യങ്ങളാണു് വലിയ ചില സത്യങ്ങളെ വെളിപ്പെടുത്തുവാനുതകിയ അന്വേഷണത്തിനു വഴിതെളിച്ചതു്. ചുററുപാടും കാണുന്ന മനോഹരമായ കാഴ്ചകളെപ്പററി കുട്ടികളിൽ സ്വാഭാവികമായി ഉദിക്കുന്ന അത്ഭുതവും ജിജ്ഞാസയും സകലത്തെയും സൃഷ്ടിച്ചു പോററിപ്പുലർത്തുന്ന ദൈവത്തോടു സ്നേഹവും ബഹുമാനവും ഉണ്ടാകുവാൻ പ്രയോജനപ്പെടുത്താവുന്നതാണു്.

ദൈവത്തെപ്പററി നമ്മുടെ കൊച്ചുകുട്ടികളോടു് എന്തു പറയും എന്നുള്ളതാണു് ഇനിയും നമ്മുടെ ചിന്തയ്ക്കു വിഷയമാകേണ്ടതു്. നാം ഉച്ചരിക്കുന്ന വാക്കുകൾ അവയുടെ അർത്ഥം എന്തെന്നു് ഗ്രഹിക്കാതെതന്നെ നമ്മുടെ കുട്ടികൾ വളരെ വേഗത്തിൽ ഹൃദിസ്ഥമാക്കുമെന്നുള്ള പരമാർത്ഥം നാം മറക്കരുതു്. ഈ പരമാർത്ഥം ശരിക്കു മനസ്സിലാക്കിയിട്ടുള്ള മാതാപിതാക്കന്മാർ അവരുടെ കുട്ടികളെ വളരെയധികം വാക്കുകളും വാചകങ്ങളും മനഃപാഠം പഠിപ്പിക്കുവാൻ ബദ്ധപ്പെടുകയില്ല. നേരെമറിച്ചു് കൊച്ചുകുട്ടികളിൽനിന്നു് ഓരോ കാര്യങ്ങളെപ്പററി പുറപ്പെടുന്ന ചോദ്യങ്ങൾക്കു മറുപടി പറയുവാൻ അവർ പ്രത്യേകം ശ്രദ്ധിക്കുന്നതായിരിക്കും. ദൈവം അദൃശ്യമായി എല്ലായിടത്തും വ്യാപരിച്ചുകൊണ്ടിരിക്കുന്ന ഒരരൂപിയാണെന്നു പറഞ്ഞാൽ അതു മനസ്സിലാക്കുവാനുള്ള കഴിവു് നമ്മുടെ കുട്ടികൾക്കില്ലെങ്കിൽ നാം അതിൽ ഖേദിക്കേണ്ടതില്ല. അല്പമെങ്കിലും നിരാശപ്പെടേണ്ടതുമില്ല.

ദൈവത്തിന്റെ ആകൃതിയെപ്പററിയും പ്രകൃതിയെപ്പററിയും കൊച്ചുകുട്ടികൾക്കു വിചിത്രതരമായ ചില അഭിപ്രായങ്ങളായിരിക്കും ഉള്ളതു്. അവരുടെ ഭാവന അത്രകണ്ടു് അപക്വമാണു്. ഉദാഹരണമായി ഈശ്വരൻ സർവ്വവ്യാപിയാണെന്നു പറഞ്ഞാൽ കൊച്ചുകുട്ടികൾക്കു അതു മനസ്സിലാക്കുവാനും വിശ്വസിക്കുവാനും വളരെ വിഷമം തോന്നും. ദൈവം ഒരാളല്ലേയുള്ളൂ. ഒരാൾ എല്ലായിടത്തും ഒരുപോലെ വ്യാപരിക്കുന്നതെങ്ങനെ? പല കഷണങ്ങളായി സ്വയം വെട്ടിമുറിച്ചിട്ടാണോ ദൈവം എല്ലായിടത്തും ഒരുപോലെ വ്യാപരിക്കുന്നതു്? ഈദൃശസംശയങ്ങളും ചോദ്യങ്ങളും കൊച്ചുകുട്ടികൾ ചോദിച്ചുവെന്നുവരാം. എന്നാൽ ദൈവം സ്നേഹിക്കുന്നവനാണെന്നും കൊച്ചുകുട്ടികൾ വഴക്കാളികളാണെങ്കിലും അവരെ സ്നേഹിക്കുന്നുവെന്നും അവരുടെ ആവശ്യങ്ങളൊക്കെ നിറവേററുവാൻ തക്ക സന്മനസ്സുള്ളവനാണെന്നും കൊച്ചുകുട്ടികളെ പറഞ്ഞു മനസ്സിലാക്കുവാൻ നാം ശ്രദ്ധിക്കണം........കൊച്ചുകുട്ടികൾ നല്ലവരും ഉന്മേഷഭരിതരുമായി കാണുവാൻ ആഗ്രഹിക്കുന്ന ആളാണു ദൈവമെന്നും, അവർ ചെയ്യുന്ന ഓരോ സൽപ്രവൃത്തികളും ദൈവത്തിനു് ഇഷ്ടമാണെന്നും വേണം കൊച്ചുകുട്ടികളെ നാം പഠിപ്പിക്കുവാൻ. ക്രിസ്തു ചെയ്തിട്ടുള്ള ഓരോ സ്നേഹപ്രവൃത്തികളെപ്പററിയും കൊച്ചുകുട്ടികളെ പറഞ്ഞു മനസ്സിലാക്കുന്നതു് ദൈവത്തെപ്പററി വ്യക്തമായ ചില ധാരണകൾ അവർക്കു ലഭിക്കുന്നതിനു് സഹായിക്കും. ക്രിസ്തു ചെയ്തിട്ടുള്ള പ്രവൃത്തികളുടെ അത്ഭുതസ്വഭാവം കൊച്ചുകുട്ടികളെ പ്രത്യേകമായി സ്പർശിച്ചു എന്നുവരികയില്ല. അവരുടെ ചുററുപാടും കാണുന്ന എല്ലാകാര്യങ്ങളും അവരിൽ അത്ഭുതവും ജിജ്ഞാസയും ജനിപ്പിക്കുവാൻ പര്യാപ്തമാണു്. അവരുടെ ദൃഷ്ടിയിൽ അസാദ്ധ്യമായി ഒന്നുംതന്നെയില്ല. എന്നാൽ നമ്മുടെ കർത്താവിന്റെ ദയയെപ്പററിയും ശിശുക്കളോടുള്ള സ്നേഹത്തെപ്പററിയും, രോഗികളെ സൗഖ്യമാക്കിയിട്ടുള്ളതിനെപ്പററിയും സ്നേഹിതന്മാരെ സഹായിച്ചിട്ടുള്ളതിനെപ്പററിയും, കുട്ടികളെ പറഞ്ഞു മനസ്സിലാക്കിയാൽ അവർക്കതു ഗ്രഹിക്കുവാനും അങ്ങനെയുള്ള ദൈവത്തെ സ്നേഹിക്കുവാനും കഴിയും. ഉറങ്ങുവാൻ പോകുന്നതിനു മുൻപു് പറഞ്ഞുകേൾപ്പിക്കുന്ന കഥകൾ, ഞായറാഴ്ച ദിവസം വേദസംബന്ധമായി അവരെ കാണിക്കുന്ന ചിത്രങ്ങൾ ഇവയൊക്കെ ദൈവത്തെപ്പററി സുസ്ഥിരമായ ഒരഭിപ്രായം അവരിൽ സൃഷ്ടിക്കുവാൻ സഹായിക്കും.

കൊച്ചുകുട്ടികളുടെ സന്ധ്യാപ്രാർത്ഥനകൾ പല്ലു തേക്കുന്നതുപോലെയോ ഭക്ഷണത്തിനു മുൻപായി കൈ കഴുകുന്നതുപോലെയോ വെറുമൊരു ദിനചര്യയായി കലാശിക്കുക സാധാരണയാണു്. പ്രാർത്ഥനയുടെ രീതിയും ക്രമങ്ങളും, പ്രാർത്ഥനാമനോഭാവത്തെ കാര്യമായി സ്പർശിക്കുകതന്നെ ചെയ്യും.

# *മാതൃസ്തുതി

('മഹൽ'—ആയേഗാ..........എ. മ.)

പാടിടാം.....പാടിടാം....പാടിടാം....
പാടിടാം മേരിഗീതം....പാടിടാം.....
തുമഹിമയാർന്നൊരമ്മേ
വരമേകിടേണെ ചെമ്മേ
ചാരെയണഞ്ഞിടുന്നേൻ
തവപാദമാശ്രയം മേ
വിനയേശിടാതെ മഹിയിൽ
ശ്രീയാർന്നിടിച്ചുകന്യേ
പാരം പ്രതാപപൂർണ്ണേ
നിതരാം വണങ്ങിടുന്നേൻ (പാടിടാം

അഴലൊഴുകന്നിടുന്നോ —
രിപാപികൾക്കധീശേ
ഹാ നിൻ കൃപാവരങ്ങൾ
പാരം പൊഴിച്ചിടേണെ
പരിപേശലാംഗി ധന്യേ,
വിമലാംബികേ, മനോജ്ഞേ,
പാരം പ്രതാപപൂർണ്ണേ
നിതരാം വണങ്ങിടുന്നേൻ (പാടിടാം

(ജോയ് തോട്ടാൻ)

* അടുത്തു പ്രസിദ്ധീകരിക്കുന്ന "കിരണങ്ങൾ" എന്ന ഗാനകൃതിയിൽ നിന്നു്.

# വിദ്യാലയങ്ങളിൽ രാഷ്ട്രീയ വിളയാട്ടം

ചെക്കൊസ്ലോവാക്യായിലെ വിദ്യാലയങ്ങൾ ഒരുവക രാഷ്ട്രീയോപകരണങ്ങളായിട്ടാണു് അവിടത്തെ ഗവമ്മെൻറു കരുതുന്നതെന്നും തന്മൂലം വിദ്യാലയധർമ്മങ്ങൾ അനുഷ്ഠിക്കുവാൻ അവിടെ നിവൃത്തിയില്ലാതായിത്തീർന്നിരിക്കുകയാണെന്നും ചെക്കൊസ്ലോവാക്യായിലെ അദ്ധ്യാപകന്മാർ പരാതിപ്പെട്ടിരിക്കുന്നു. രാഷ്ട്രീയോദ്ദേശ്യങ്ങൾക്കുവേണ്ടിയുള്ള പ്രദർശനങ്ങൾ, കളികൾ, പ്രസംഗങ്ങൾ, ഉത്സവങ്ങൾ, സിനിമാകൾ മുതലായ പ്രചരണപരിപാടികൾ അദ്ധ്യയനസമയത്തിന്റെ 50ശതമാനവും അപഹരിച്ചുകളയുന്നുവത്രെ. അദ്ധ്യാപകർക്കു് പഠനവിഷയങ്ങളിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കാൻ സാധിക്കാത്തവിധത്തിൽ മററനവധി ചുമതലകൾ അവരുടെ മേൽ അടിച്ചേല്പിക്കപ്പെടുന്നു. ഗവമ്മെൻറിൽനിന്നും പുതിയപുതിയ കല്പനകൾ പുറപ്പെടുവിച്ചു് വിദ്യാലയങ്ങളിലെ പ്രവർത്തനപരിപാടി സദാ വ്യത്യാസപ്പെടുത്തിക്കൊണ്ടിരിക്കുന്നതിനാൽ അദ്ധ്യാപകർക്കു് ഒരു പ്രത്യേകവിഷയത്തിൽ ശ്രദ്ധപതിക്കുന്നതിനോ നിശ്ചിതപരിപാടിയനുസരിച്ചു് ജോലിചെയ്യുന്നതിനോ സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുന്നു. ഇങ്ങനെ കമ്മ്യൂണിസ്റ്റു വ്യവസ്ഥിതിയിൽ ചെക്കൊസ്ലോവാക്യായിലെ വിദ്യാലയങ്ങൾ രാഷ്ട്രീയ കേളീരംഗമായി രൂപാന്തരപ്പെട്ടുകൊണ്ടിരിക്കയാണു്.

വിമർശനവീഥി

# ന: ഗ്രന്ഥത്തിന്റെ വിശ്വാസ്യതയ്ക്കു്

## വേറെ രണ്ടു ലക്ഷ്യങ്ങൾ

നടപടിഗ്രന്ഥത്തിലെ സംഭവവിവരണങ്ങൾ അവിതർക്കിതങ്ങളായ ഇതരചരിത്രരേഖകളിൽനിന്നും നാം അറിയുന്ന വിവരങ്ങളോടു് ഏററവും കൃത്യമായി യോജിച്ചിരിക്കുന്നുണ്ടെന്നു കാണിക്കുവാൻ ഇനിയും അനേകം ദൃഷ്ടാന്തങ്ങൾ ഉദ്ധരിക്കാവുന്നതാണ്. അവയെല്ലാം സ്ഥലമനുവദിക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ രണ്ടു ദൃഷ്ടാന്തങ്ങൾകൂടി എടുത്തു കാണിച്ച് ആ വിഷയം അവസാനിപ്പിക്കാമെന്നാണ് വിചാരിക്കുന്നതു്.

### എഫേസൂസിലെ ലഹള

പൗലോസ് ശ്ലീഹാ തന്റെ മൂന്നാമത്തെ മിഷനറി സഞ്ചാരത്തിനിടയിൽ എഫേസൂസിൽ ചെന്നു സുവിശേഷം പ്രസംഗിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ അവിടത്തെ പെയ്ഗൻമതക്കാർ ശ്ലീഹാക്കു വിരോധമായി നടത്തിയ ഒരു ലഹളയെക്കുറിച്ചു ന:ഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ടു (XIX 23-40). ശ്ലീഹായുടെ പ്രസംഗം കേട്ടു വിശ്വസിച്ചു അനേകം പെയ്ഗൻ മതക്കാർ ക്രിസ്ത്യാനികളായി. ഈ മാനസാന്തരത്തിന്റെ ഫലമായി, എഫേസൂസിലെ സുപ്രസിദ്ധദേവിയായ ഡയാനായുടെ (Diana) ക്ഷേത്രത്തിലെ അർച്ചകന്മാരുടെ സംഖ്യ കുറഞ്ഞു. ഇതിൽ ഡെമെട്രിയൂസ് (Demetrius) എന്നു പേരുള്ള ഒരു തട്ടാനും അയാളുടെ കൂട്ടജോലിക്കാരും ക്ഷോഭിച്ചു. കാരണം, ഡയാനാദേവിയുടെ ക്ഷേത്രത്തിന്റെ വെള്ളിപ്രതിമകൾ അവരുണ്ടാക്കി ജനങ്ങൾക്കു വിററുകൊണ്ടിരുന്നതിനു് ഇടിവു തട്ടി. ശ്ലീഹായും കൂട്ടുകാരും ഡയാനാദേവിയെ നശിപ്പിക്കുവാൻ വന്നിരിക്കുന്നവരാണെന്നു പറഞ്ഞു് അവർ ജനങ്ങളെ ഇളക്കിവിട്ടു. ജനക്കൂട്ടം ഇതുകേട്ടു പ്രക്ഷുബ്ധരായി ശ്ലീഹായുടെ സഹകാരികളായ രണ്ടുപേരെ പിടിച്ചു ബന്ധിച്ചു ബഹളംകൂട്ടി പൊതുയോഗം കൂടുന്ന സ്ഥലത്തേക്കു കൊണ്ടുപോയി. പട്ടണാധികാരികൾ ഇടപെട്ടു്, ബഹളമുണ്ടാക്കരുതെന്നു് ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും, ശ്ലീഹായുടേയും സഹകാരികളുടേയും പ്രസംഗങ്ങളാൽ തട്ടാന്മാരുടെ ജോലിക്കും ആദായത്തിനും കുറവുതട്ടിയിട്ടുണ്ടെങ്കിൽ നീതിന്യായക്കോടതികൾ മുഖേന നിവൃത്തിയുണ്ടാക്കേണ്ടതാണെന്നു പ്രസ്താവിക്കുകയും ചെയ്തതിനാൽ ലഹളയവസാനിച്ചു. ഇതാണ് ന:ഗ്രന്ഥത്തിലെ വിവരണത്തിന്റെ സംക്ഷേപം.

ഈ വിവരണത്തിൽ ഡയാനാദേവിയുടെ ആരാധനയെ സംബന്ധിച്ചു ചെയ്തിട്ടുള്ള പ്രസ്താവങ്ങളും സൂചനകളും ഇതരചരിത്രരേഖകളിൽനിന്നു നാം അറിഞ്ഞിട്ടുള്ള വസ്തുതകളോടു് പരിപൂർണ്ണമായി യോജിക്കുന്നുണ്ടു്. എഫേസൂസിൽ ഡയാനാദേവിയുടെ ആരാധന വളരെ പ്രസിദ്ധമായിരുന്നു. ആ ദേവിയുടെ ബിംബം ആകാശത്തുനിന്നു വീണുകിട്ടിയതാണെന്നു ജനങ്ങൾ വിശ്വസിച്ചിരുന്നു. ആ ദേവിയുടെ ആരാധനയ്ക്കായി മനോഹരമായ ഒരു ക്ഷേത്രം ആ പട്ടണത്തിലുണ്ടായിരുന്നു. ക്ഷേത്രത്തിന്റെ ചെറിയ രൂപങ്ങൾ വെള്ളികൊണ്ടുണ്ടാക്കി അവിടെ വിൽക്കപ്പെട്ടിരുന്നു. ഈ ദേവിയോടുള്ള ഭക്തി ആ പട്ടണത്തിലും അയൽപ്രദേശങ്ങളിലും പ്രചുരമായി പ്രചരിച്ചിരുന്നു. പ്രസ്തുത ഭക്തിയാൽ ജനങ്ങൾ ഉന്മത്തരാവുകയും അതിന്റെ നാമത്തിൽ ഏതക്രമവും ചെയ്യുവാൻ അവർ സന്നദ്ധരാവുകയും ചെയ്തിരുന്നു. ഇങ്ങനെ ഇതരചരിത്രരേഖകളിൽനിന്നു നാമറിയുന്ന വസ്തുതകളോടു ന:ഗ്രന്ഥത്തിലെ വിവരണം പരിപൂർണ്ണമായും യോജിച്ചിരിക്കുന്നതായിട്ടാണു കാണുന്നതു്. മാത്രമല്ല, വിവരണത്തിലെ വേറെ പല സംഗതികളും എഫേസൂസു പട്ടണത്തിൽ കണ്ടെടുക്കപ്പെട്ടിട്ടുള്ള ശിലാലിഖിതങ്ങളോടു വിസ്മയനീയമാംവിധം യോജിച്ചിരിക്കുകയും ചെയ്യുന്നു. പൊതുയോഗം കൂടുന്ന സ്ഥലത്തെ തിയേറ്റർ (Theatre) എന്നാണ് ഗ്രന്ഥത്തിൽ വിളിച്ചിരിക്കുന്നതു്. ആ സ്ഥലത്തിന്റെ പേർ അതുതന്നെയാണെന്നു ശിലാലിഖിതം തെളിയിക്കുന്നു. ലഹള ശമിപ്പിച്ച പട്ടണത്തിലെ ഉദ്യോഗസ്ഥനെ "ടൗൺ ക്ലാർക്കു്" (Town Clerk) എന്നാണു ഗ്രന്ഥത്തിൽ വിളിച്ചിരിക്കുന്നതു്. എഫേസൂസ് പട്ടണത്തിലെ അധികാരികളിൽ ഒരു ഗണത്തിന്റെ ഉദ്യോഗപ്പേർ ഇതുതന്നെയാണെന്നു ശിലാലിഖിതം തെളിയിക്കുന്നു. ഈ ഉദ്യോഗപ്പേരുള്ള അധികാരിഗണം വേറെസ്ഥലങ്ങളിലുമുണ്ടായിരുന്നുവെങ്കിലും എഫേസൂസിലെ ടൗൺക്ലാർക്കിന്റെ കർത്തവ്യങ്ങൾ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നതരത്തിലുള്ളതാണെന്നു ശിലാലിഖിതങ്ങളിൽനിന്നു തെളിയുന്നതു പ്രത്യേകം ശ്രദ്ധേയമാണ്. എഫേസൂസ് പട്ടണത്തെ "ഡയാനാ മഹാദേവിയുടെ ഉപാസകൻ" എന്നു ഗ്രന്ഥത്തിൽ വിളിച്ചിരിക്കുന്നതു് അബദ്ധമല്ലയോ എന്നു പലരും വിചാരിക്കാതിരുന്നില്ല. എന്നാൽ എഫേസൂസ് പട്ടണത്തിനു "ഡയാനായുടെ ക്ഷേത്രസൂക്ഷിപ്പുകാരൻ" (Temple Keeper) എന്ന പേരുണ്ടായിരുന്നെന്നു ശിലാലിഖിതം തെളിയിച്ചിരിക്കുന്നു. ഡയാനാദേവിക്കു വിരോധമുള്ള "പണാപഹരണം", "ദൈവദൂഷണം" എന്ന കുററങ്ങളെക്കുറിച്ചു ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഈ രണ്ടു കുററങ്ങൾ എഫേസൂസ് പട്ടണത്തിലെ നിയമങ്ങളുടെ ദൃഷ്ടിയിൽ ശിക്ഷാർഹങ്ങളായി പ്രത്യേകം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണെന്നു ശിലാലിഖിതങ്ങൾ തെളിയിച്ചിരിക്കുന്നു. കുററക്കാരെ നിയമാനുസൃതം വിസ്തരിക്കുന്ന സ്ഥലത്തെക്കുറിച്ചു് "അസംബ്ലി" (Assembly) എന്നു ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഈ സംജ്ഞ എഫേസൂസ് പട്ടണത്തിലെ കേസുവിചാരണ ചെയ്യുന്ന സ്ഥലത്തിനുള്ള ഔദ്യോഗികമായ പേരാണെന്നു ശിലാലിഖിതങ്ങളിൽനിന്നു തെളിയുന്നുണ്ടു് (Inscriptions found in the great theatre; Wood's Discoveries at Ephesus, 1877, pp. 43, 47, 53, 51, 15, 39-; Harnach, The Acts of the Apostles, 1909 p. 63). പ്രസ്തുത ലഹളയെപ്പററിയുള്ള വിവരണത്തിലെ ആളുകളേയും സ്ഥലങ്ങളേയും നടപടികളേയും സംബന്ധിച്ചുള്ള ന:ഗ്രന്ഥത്തിലെ ഏററവും ചില്ലറ പ്രസ്താവങ്ങൾപോലും ഇതരചരിത്രരേഖകളോടും ശിലാലിഖിതങ്ങളോടും ഇത്രമാത്രം യോജിച്ചിരിക്കണമെങ്കിൽ ആ ഗ്രന്ഥത്തിന്റെ കർത്താവു് താൻ വിവരിക്കുന്ന കാര്യങ്ങളിൽ എത്രയധികം സൂക്ഷ്മമായ അറിവുള്ളയാളായിരിക്കണം! ഗ്രന്ഥത്തിന്റെ പരിപൂർണ്ണമായ വിശ്വാസയോഗ്യതയ്ക്കു് ഇതിലധികം അവിതർക്കിതമായ തെളിവു് എന്തുണ്ടാകാം?

### പൗലോസിന്റെ ലേഖനങ്ങളോടുള്ള യോജിപ്പു്

ന:ഗ്രന്ഥത്തിന്റെ വിശ്വാസ്യതയ്ക്കുള്ള അവസാനത്തെ തെളിവായി ചൂണ്ടിക്കാണിക്കുവാൻ പോകുന്നതു് അതിലെ വിവരണങ്ങൾക്കു പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളോടുള്ള പരിപൂർണ്ണമായ യോജിപ്പിനെയാണ്. ഗ്രന്ഥത്തിലെ രണ്ടാമത്തെ പകുതി മുഴുവനും പൗലോസ് ശ്ലീഹായുടെ മിഷനറിപ്രവർത്തനങ്ങളെക്കുറിച്ചു് പ്രതിപാദിക്കുന്നവയാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ശ്ലീഹായെക്കുറിച്ചു് അതിലടങ്ങിയിരിക്കുന്ന വിവരങ്ങൾ യഥാർത്ഥങ്ങളാണോ എന്നറിയുവാൻ ഏററവും പററിയ മാർഗ്ഗം ശ്ലീഹായോടുതന്നെ ചോദിക്കുകയാണല്ലോ. നാം ചോദിക്കാതെതന്നെ ശ്ലീഹാ തന്റെ മിഷനറിപ്രവർത്തനങ്ങളെപ്പററി പല വിവരങ്ങളും താൻ സ്ഥാപിച്ച വിവിധ സ്ഥലങ്ങളിലെ ക്രിസ്ത്യൻസമൂഹങ്ങൾക്കു് ഓരോ ആവശ്യം പ്രമാണിച്ചു് എഴുതി അയച്ച ലേഖനങ്ങൾവഴി നമുക്കു നൽകിയിട്ടുണ്ടു്. പൗലോസ്ശ്ലീഹായുടെ 14 ലേഖനങ്ങളാണു നമുക്കു ലഭിച്ചിട്ടുള്ളതു്. ഈ ലേഖനങ്ങളെല്ലാം ശ്ലീഹാതന്നെ എഴുതിയിട്ടുള്ളതാണെന്നു പണ്ഡിതവിമർശകന്മാർ മിക്കവാറും എല്ലാവരുംതന്നെ സമ്മതിക്കുന്നുണ്ടു്. ശ്ലീഹായുടെ മിഷനറിപ്രവർത്തനങ്ങളിലെ ഏതെങ്കിലും സംഭവത്തെപ്പററി ശ്ലീഹായുടെ ലേഖനങ്ങളിലും നടപടിഗ്രന്ഥത്തിലും അടങ്ങിയിട്ടുള്ള വിവരണങ്ങളെ താരതമ്യംചെയ്യുന്നപക്ഷം രണ്ടുംതമ്മിൽ പരിപൂർണ്ണമായ യോജിപ്പുണ്ടെന്നു കാണാം.

### നിരുദ്ദിഷ്ടമായ യോജിപ്പു്

ഏതെങ്കിലും ഒരു സംഭവത്തെപ്പററി രണ്ടുപേർ എഴുതിയിട്ടുള്ള വിവരണങ്ങൾ പരസ്പരംയോജിക്കുന്നുണ്ടെങ്കിൽ ആ യോജിപ്പു യാദൃച്ഛികമായുണ്ടായതോ, യാദൃച്ഛികമായുണ്ടാകാത്തതോ ആയിരിക്കണമല്ലോ. വിവരണങ്ങൾ രണ്ടും ഏററവും ചില്ലറയായ സംഗതികളിൽപ്പോലും യോജിക്കുന്നുണ്ടെങ്കിൽ അതു കേവലം യാദൃച്ഛികമാകാൻ നിവൃത്തിയില്ല. അതിനു എന്തെങ്കിലുമൊരു കാരണമുണ്ടായിരിക്കണം. വിവരിക്കപ്പെട്ട സംഭവം യഥാർത്ഥത്തിൽ നടന്നതാണെങ്കിൽ യോജിപ്പിനുള്ള കാരണം സ്പഷ്ടമാണ്. വിവരണങ്ങളെഴുതിയ രണ്ടുപേരും സംഭവത്തെ ശരിയായി അറിഞ്ഞിരുന്നു. അതിനാൽ അവരുടെ വിവരണങ്ങൾക്കു് ഏററവും ചില്ലറയായ സംഗതികളിൽപ്പോലും യോജിപ്പുണ്ടായി. ഈ യോജിപ്പു് അവർ മനഃപൂർവ്വം ആലോചിച്ചുണ്ടാക്കിയതല്ല; വിവരിച്ച സംഭവത്തെപ്പററിയുള്ള അവരുടെ ശരിയായ അറിവിൽനിന്നു്, അവരുദ്ദേശിക്കാതെ, സ്വതേയുണ്ടായതാണ്. ഇങ്ങനെയുള്ള യോജിപ്പിനെ "നിരുദ്ദിഷ്ടമായ" യോജിപ്പെന്നു (Undesigned agreement) വിളിക്കാം. യഥാർത്ഥത്തിൽ നടക്കാത്ത സംഭവത്തെപ്പററിയുള്ളതാണു വിവരണങ്ങളെന്നുവരികിൽ അവയിലെ യോജിപ്പിനു രണ്ടു കാരണങ്ങളുണ്ടാകാം. ഒന്നെങ്കിൽ, ഒരാളെഴുതിയ വിവരണത്തോടൊപ്പിച്ചു് മററെയാൾ തന്റെ വിവരണമെഴുതി. അല്ലെങ്കിൽ മൂന്നാമതൊരാൾ അതിനു മുമ്പെഴുതിയ വിവരണത്തിൽനിന്നെടുത്തു രണ്ടുപേരും അവരുടെ വിവരണങ്ങളെഴുതി. ആദ്യത്തെ വിധത്തിലാണെങ്കിൽ, വിവരണങ്ങൾ രണ്ടും തമ്മിലുള്ള യോജിപ്പു നിരുദ്ദിഷ്ടമല്ല; നേരെമറിച്ചു പ്രത്യക്ഷത്തിൽ "ഉദ്ദിഷ്ട"മാണ്. രണ്ടാമത്തെ വിധത്തിലാണെങ്കിൽ, യോജിപ്പു പ്രത്യക്ഷത്തിൽ ഉദ്ദിഷ്ടമല്ല; എന്നുവരികിലും വിവരണങ്ങൾ മൂലമായ വേറൊന്നിനോടൊപ്പിച്ചു് എഴുതിയവയാകയാൽ അവയിലെ യോജിപ്പു പരോക്ഷമായി ഉദ്ദിഷ്ടംതന്നെ. ഈ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി, സംഭവവിവരണങ്ങളിൽ സത്യമേതു്, അസത്യമേതു് എന്നു വിവേചിക്കാൻ പര്യാപ്തമായ ഒരു പ്രമാണത്തെ നിരൂപണശാസ്ത്രം സ്വീകരിച്ചിട്ടുണ്ടു്. അതെന്തെന്നാൽ, ഒരു സംഭവത്തെപ്പററിയുള്ള രണ്ടു വിവരണങ്ങളിൽ അതിന്റെ ഏററവും ചില്ലറയായ വശങ്ങളിൽപ്പോലും, നിരുദ്ദിഷ്ടമായ യോജിപ്പുണ്ടെങ്കിൽ ആ യോജിപ്പു വിവരണങ്ങളുടെ യാഥാർത്ഥ്യത്തിനു ശരിയായ ലക്ഷ്യമാകുന്നു. ഈ പ്രമാണംവച്ചുകൊണ്ടു പൗലോസ്ശ്ലീഹായുടെ മിഷനറിപ്രവർത്തനത്തെപ്പററിയുള്ള നടപടിഗ്രന്ഥത്തിലെ വിവരണത്തേയും, ശ്ലീഹായുടെ ലേഖനങ്ങളിലുള്ള വിവരണത്തേയും താരതമ്യംചെയ്തു നോക്കുന്നപക്ഷം ഏററവും ചില്ലറയായ സംഗതികളിൽപ്പോലും നിരുദ്ദിഷ്ടമായ യോജിപ്പു കാണാവുന്നതാണ്. ഇതിനു അനേകം ദൃഷ്ടാന്തങ്ങളുള്ളതിൽ രണ്ടെണ്ണം ചൂണ്ടിക്കാണിക്കാം.

### രണ്ടു ദൃഷ്ടാന്തങ്ങൾ

പൗലോസ് ശ്ലീഹാ തന്റെ റോമാക്കാർക്കുള്ള ലേഖനം മൂന്നാമത്തെ മിഷനറിയാത്രയുടെ അവസാനത്തിൽ, ഗ്രീസിലെ രാജ്യങ്ങൾ രണ്ടാംപ്രാവശ്യം സന്ദർശിച്ചുകഴിഞ്ഞയവസരത്തിൽ, എഴുതിയതാണെന്നാണ് പൊതുവേയുള്ള പണ്ഡിതാഭിപ്രായം. ശ്ലീഹായുടെ മിഷനറിപ്രവർത്തനത്തിലെ പ്രസ്തുതഘട്ടം ന: ഗ്രന്ഥത്തിൽ വരുന്നതു് 20-ാം അദ്ധ്യായത്തിന്റെ ആരംഭത്തിലാണ്. ഈ ഘട്ടത്തിൽ ശ്ലീഹായുടെ ഉദ്ദേശമെന്തായിരുന്നെന്നും ശ്ലീഹാ ചെയ്തതെന്താണെന്നും റോമാക്കാർക്കുള്ള ലേഖനത്തിൽ അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു്; അതു ന: ഗ്രന്ഥത്തിലും പ്രസ്താവിച്ചിട്ടുണ്ടു്. ഈ രണ്ടു പ്രസ്താവങ്ങളിലും നിരുദ്ദിഷ്ടമായ യോജിപ്പു കാണുന്നു. റോമയിൽ ചെന്നു് അവിടത്തെ ക്രിസ്ത്യാനികളെ സന്ദർശിക്കുവാൻ താൻ വളരെ നാളായി ആഗ്രഹിക്കുന്നുവെന്നു പറഞ്ഞശേഷം താൻ തല്ക്കാലം ജറുശലേമിലേക്കു പോകുകയാണെന്നു ശ്ലീഹാ ലേഖനത്തിൽ പ്രസ്താവിക്കുന്നു. (റോമാ. XV. 25). ജറുശലേമിനെ ലക്ഷ്യമാക്കി ശ്ലീഹാ സിറിയായിലേക്കു കപ്പൽകയറുവാൻ പോകയാണെന്നു ന: ഗ്രന്ഥത്തിലും പ്രസ്താവിച്ചിരിക്കുന്നു. (XX. 3). താൻ മാസിഡോണിയ, അക്കായിയാ എന്ന രാജ്യങ്ങൾ സന്ദർശിച്ചു മടങ്ങിയിരിക്കുകയാണെന്നു് ശ്ലീഹാ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നു. (XV. 26). ഈ വസ്തുതതന്നെ ന: ഗ്രന്ഥത്തിലും പ്രസ്താവിച്ചിട്ടുണ്ടു്. (XX. 2). മാസിഡോണിയായിലേയും അക്കായിയായിലേയും സഞ്ചാരത്തിനിടയ്ക്കു് അവിടത്തെ ക്രിസ്ത്യാനികളിൽനിന്നു ജറുശലേമിലെ പാവപ്പെട്ട ക്രിസ്ത്യാനികൾക്കായി താൻ ധർമ്മം ശേഖരിച്ചുവെന്നും, അതുംകൊണ്ടാണു് താൻ ജറുശലേമിലേക്കു പോകുന്നതെന്നും ശ്ലീഹാ പ്രസ്താവിക്കുന്നു. (XV. 26), ഈ ധർമ്മശേഖരത്തിന്റെ കാര്യം ന: ഗ്രന്ഥത്തിൽ ഈ ഘട്ടത്തിൽ പ്രസ്താവിച്ചിട്ടില്ലെങ്കിലും ഗ്രന്ഥകാരനു് അതറിവുണ്ടായിരുന്നെന്നു വേറൊരു ഘട്ടത്തിലുള്ള പ്രസ്താവത്തിൽനിന്നു കാണാം. ഗ്രന്ഥകാരൻ ആ ഭാഗത്തു വിവരിക്കുന്നതു് പൗലോസ് ശ്ലീഹാ ജറുശലേമിൽ ചെന്നിട്ടുണ്ടായ അനുഭവങ്ങളെയാണ്. ശ്ലീഹാ ജറുശലേമിലെ യഹൂദന്മാരോടു ചെയ്ത പ്രസംഗത്തിനിടയിൽ, തന്റെ സഞ്ചാരം കഴിഞ്ഞു താൻ മടങ്ങിവന്നിരിക്കുന്നതു തന്റെ സജാതീയരായ പാവപ്പെട്ടവർക്കുവേണ്ടി ശേഖരിച്ച ധർമ്മവുംകൊണ്ടാണെന്നു പ്രസ്താവിച്ചതായി ഗ്രന്ഥകർത്താവു രേഖപ്പെടുത്തിയിരിക്കുന്നു. (XIV. 17).

ഇനി രണ്ടാമത്തെ ദൃഷ്ടാന്തം. ശ്ലീഹാ റോമാക്കാർക്കുള്ള ലേഖനത്തിൽ തന്റെ മിഷനറിവേലയെപ്പററി പറയുകയിൽ താൻ കിഴക്കു ജറുശലേം മുതൽ പടിഞ്ഞാറു ഇല്ലിറിക്കം (Illyricum) വരെയുള്ള രാജ്യങ്ങളിൽ ക്രിസ്തുവിന്റെ സുവിശേഷം ഫലപ്രദമായി പ്രസംഗിച്ചിട്ടുണ്ടെന്നു പ്രസ്താവിച്ചിരിക്കുന്നു. (XV. 19). ന: ഗ്രന്ഥത്തിൽ ഇല്ലിറിക്കം എന്ന സ്ഥലത്തിന്റെ പേർ ഒരിടത്തും പറഞ്ഞിട്ടില്ല. എന്നുവരികിലും ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ള പടിഞ്ഞാറെ അതിർത്തി ആ സ്ഥലത്തെതന്നെയാണ് വിവക്ഷിക്കുന്നതു്. മാസിഡോണിയാ മുതലായ പ്രദേശങ്ങളിൽ സഞ്ചരിച്ചശേഷം ശ്ലീഹാ മടങ്ങിയെന്നാണ് ഗ്രന്ഥത്തിലെ പ്രസ്താവം. (XX. 2). ഇല്ലിറിക്കം എന്ന സംസ്ഥാനം മാസിഡോണിയാ സംസ്ഥാനത്തിന്റെ തൊട്ടപ്പുറത്തുള്ള സംസ്ഥാനമാകയാൽ ശ്ലീഹായുടെ പ്രവർത്തനത്തിന്റെ അതുവരെയുള്ള അതിർത്തി ഇല്ലിറിക്കം ആയിരുന്നുവെന്നുതന്നെയാണ് ഗ്രന്ഥകാരന്റെ വിവക്ഷ. പേർ പറഞ്ഞിട്ടില്ലെങ്കിലും ന: ഗ്രന്ഥം അതേസ്ഥലംതന്നെ വിവക്ഷിക്കുന്നതുകൊണ്ടു് അതിലെ വിവരണത്തിനു ലേഖനത്തിലെ വിവരണത്തോടുള്ള യോജിപ്പു നിരുദ്ദിഷ്ടമാണെന്നു കൂടുതലായി തെളിയിക്കുകയും ചെയ്യുന്നു.

### ഉപസംഹാരം

ന: ഗ്രന്ഥത്തിന്റെ കർത്താവു താൻ വിവരിക്കുന്ന സംഗതികളെക്കുറിച്ചു സൂക്ഷ്മമായ ജ്ഞാനം ലഭിച്ചിട്ടുള്ള ആളാണോ എന്നു നാം പരിശോധിച്ചു. നീതിന്യായക്കോടതിയിൽ സാക്ഷിമൊഴികൾ വിശ്വാസയോഗ്യങ്ങളാണോ എന്നറിയാൻ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗമുപയോഗിച്ചാണ് നാം പരിശോധന നടത്തിയതു്. ഗ്രന്ഥത്തിലെ വിവരണത്തിൽ വരുന്ന സ്ഥലങ്ങളേയും ആളുകളേയും അവരുടെ ഉദ്യോഗപ്പേരുകളേയും മററു പല കാര്യങ്ങളേയും കുറിച്ചുള്ള പ്രസ്താവങ്ങൾ സമകാലികങ്ങളായ ഇതരചരിത്രരേഖകളോടും അടുത്തകാലങ്ങളിൽ കണ്ടെടുത്തിട്ടുള്ള ശിലാലിഖിതങ്ങളോടും പരിപൂർണ്ണമായി യോജിക്കുന്നുണ്ടെന്നു നാം കണ്ടിരിക്കുന്നു. മാത്രമല്ല, സമകാലികങ്ങളായ ഇതരചരിത്രരേഖകളിൽ കാണാത്തതും അടുത്തകാലത്തു കണ്ടെടുക്കപ്പെട്ട ശിലാലിഖിതങ്ങളിൽമാത്രം കണ്ടിട്ടുള്ളതുമായ പല സംഗതികളും ന: ഗ്രന്ഥത്തിൽ നാം കാണുകയും ചെയ്തിരിക്കുന്നു. അതെ, വിവരണത്തിൽപ്പെട്ട സംഗതികളെക്കുറിച്ചു ഗ്രന്ഥകർത്താവിനുള്ള ജ്ഞാനം സമകാലികചരിത്രകാരന്മാരെ അതിശയിക്കുന്നതാണെന്നു തെളിയുന്നു. ഒരു ദൃക്സാക്ഷിയുടെ വിവരണമാണ് ഗ്രന്ഥത്തിലടങ്ങിയിരിക്കുന്നതെന്നു അനുമിക്കത്തക്കവിധം അത്ര സൂക്ഷ്മമായ ജ്ഞാനമാണ് അതിൽ പ്രകാശിച്ചുകാണുന്നതു്. പൗലോസ് ശ്ലീഹായുടെ ചെസറിയായിൽനിന്നു ഇ

# നേഴ്സുകളുടെ മദ്ധ്യസ്ഥ സീയെന്നായിലെ വി. കത്രീനാ

(റവ. ഫാ. ആലുംപറമ്പിൽ)

രോഗീപരിചരണം അതിശ്രേഷ്ഠമായ ഒരു പരോപകാരപ്രവൃത്തിയാണല്ലോ. താദൃശമായ പരോപകാരപ്രവൃത്തിയിൽ ആജീവനാന്തം വ്യാപൃതയായിരുന്ന ഒരു പുണ്യവതിയാണു സീയെന്നായിലെ വി. കത്രീനാ. 1943 സെപ്റ്റംബർ 15-ാംനു പരിശുദ്ധപിതാവു 12 ാംപീയൂസ് തിരുമനസ്സുകൊണ്ടു പുണ്യവതിയെ ഇറ്റലിയിൽ സേവനമനുഷ്ഠിക്കുന്ന നേഴ്സുകളുടെയെല്ലാം സ്വർഗ്ഗീയ മദ്ധ്യസ്ഥയായി പ്രഖ്യാപനംചെയ്തു. ഒരു പ്രത്യേകസന്ദേശം മുഖേനയാണു് ഔദ്യോഗികപ്രഖ്യാപനമുണ്ടായതു്. എന്നാൽ ഈ വാർത്ത ദിനപ്പത്രങ്ങളിൽ വെണ്ടയ്ക്കാ അക്ഷരത്തിൽ ചേർത്തുകണ്ടില്ല. കാരണം, അതിൻെറ പ്രാധാന്യത്തെപ്പററി അത്രയേ അവർക്കു അറിവുണ്ടായിരുന്നുള്ളു. എന്നാൽ വി. കത്രീനായുടെ ജീവചരിത്രം അറിയാവുന്നവരുടെ ഹൃദയത്തിൽ ആ പ്രഖ്യാപനം ആനന്ദത്തിൻെറ ഒരു വേലിയേററംതന്നെ ഉളവാക്കി.

സീയെന്നായിലെ ആ മഹനീയ കന്യകയെ ഇററാലിയൻ ജനപദത്തിൻെറ രക്ഷാകർത്രിയും പരിപാലികയുമായി നാമകരണംചെയ്തിട്ടു് അധികനാൾ കഴിഞ്ഞിരുന്നില്ല. അവൾക്കു ഏതൽപര്യന്തം നല്കപ്പെട്ട ബഹുമതികളിൽ ഏററം ഒടുവിലത്തേതാണു് ഇററലിയിൽ ആതുരശുശ്രൂഷ ചെയ്യുന്ന ഭക്തകളായ വനിതകളുടെ സംരക്ഷിക എന്ന സ്ഥാനം. കത്രീനാ എന്ന നാമധേയംതന്നെ ധീരയായ ഒരു ബാലികയുടെ ചിത്രമാണു നമ്മുടെ കൺമുമ്പിൽ അവതരിപ്പിക്കുന്നതു്; സഭയിൽ അത്യാവശ്യമായിരുന്ന ഒരു കാര്യം നടപ്പിലാക്കുന്നതിനുവേണ്ടി പരിശുദ്ധ പിതാവിനെത്തന്നെയും നിർബന്ധിക്കുവാൻ മുതിർന്ന ഒരു ധൈര്യവതിയുടെ ചിത്രം. ക്രിസ്തുവിൻെറ സഭയിൽ ക്രമസമാധാനങ്ങൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടിയും, ക്രിസ്തുവിൻെറ വികാരി റോമിൽ തിരിച്ചെത്തുന്നതിനുവേണ്ടിയും ആത്മാർത്ഥമായി പരിശ്രമിച്ചവരിൽ അഗ്രഗണ്യയെന്നനിലയിലാണു പുണ്യവതിയെ പലരും അറിയുന്നതു്. ബഹുജനശ്രദ്ധയെ ആകർഷിച്ച പല പല നേട്ടങ്ങളും സ്വഭാവവിശേഷങ്ങളും വി. കത്രീനായ്ക്കുണ്ടു്. എന്നാൽ അവയെയെല്ലാം അതിശയിക്കുന്നതാണു് അവളുടെ നിസ്സ്വാർത്ഥമായ ആതുരസേവനതല്പരത. ഈ വസ്തുതയാണു് നേഴ്സുകളുടെ മദ്ധ്യസ്ഥയായി വിശുദ്ധയെ ഉയർത്തുവാൻ പന്ത്രണ്ടാംപീയൂസ് തിരുമേനിയെ പ്രേരിപ്പിച്ചതു്. വി. കത്രീനായുടെ സേവനം ആവശ്യപ്പെടുന്ന രോഗി എത്ര പരുഷസ്വഭാവിയായാലും, രോഗം എത്ര അറപ്പുള്ളതായാലും അതൊന്നും ഭക്തയായ ആ ഡൊമിനിക്കൻ മൂന്നാംസഭാംഗത്തെ ശുശ്രൂഷയിൽനിന്നു പിന്തിരിപ്പിക്കുവാൻ മതിയായിരുന്നില്ല. തൻെറ പരിചരണംകൊണ്ടും സാന്ത്വനംകൊണ്ടും അവരുടെ വേദനയും കണ്ണുനീരും മാറ്റുവാൻ അവൾ സദാ ജാഗരൂകയായി വർത്തിച്ചു.

ഉത്തമനേഴ്സാകുന്നതിനു അത്യന്താപേക്ഷിതമായ എല്ലാ സൽഗുണങ്ങളും സീയെന്നായിലെ വി. കത്രീനായിൽ ഒത്തിണങ്ങിയിരുന്നു. ദൈവസ്നേഹമാണു് അവയിൽ ഒന്നാമത്തേതു്. പുണ്യവതിയുടെ ഹൃദയം സദാ ദൈവസ്നേഹാഗ്നിയിൽ ജ്വലിച്ചുകൊണ്ടിരുന്നു. എല്ലാം ദൈവസ്തുതിക്കായി മാത്രം ചെയ്തു. മററു യാതൊരുദ്ദേശവുമില്ല. എപ്പോഴും ദൈവത്തിൽ ആശ്രയിച്ചു. ദൈവത്തെക്കൂടാതെ ഒന്നും സാദ്ധ്യമല്ല എന്ന ബോധം അവളെ എളിമപ്പെടുത്തി. ദൈവസ്തുതി, ആത്മരക്ഷ ഇവയെ ലാക്കാക്കി എല്ലാം ചെയ്യുന്ന ഒരാൾ എങ്ങനെ ഉത്തമനേഴ്സ് ആകാതിരിക്കും? അങ്ങനെയുള്ളവരിൽ സ്വാർത്ഥചിന്തയ്ക്കു സ്ഥാനമില്ല. കൃത്യവിലോപത്തിനും സ്ഥാനമില്ല.

ദൈവസ്നേഹമാകുന്ന അടിസ്ഥാനത്തിൽ കെട്ടിപ്പടുത്തതായിരുന്നു അന്യാദൃശമായ അവളുടെ പരസ്നേഹം. ഏതൊരു മനുഷ്യനേയും, അവൻ എത്ര അധഃസ്ഥിതനുമായിക്കൊള്ളട്ടെ, സ്രഷ്ടാവിൻെറ പ്രതിച്ഛായയായി അവൾ പരിഗണിച്ചു. ദൈവമഹത്വം അവനിൽ പ്രതിബിംബിക്കുന്നുണ്ടു്. കീറത്തുണിയിൽ നഗ്നത മറച്ചു മേവുന്ന സാധുവായ രോഗിയെപ്പോലും അവഗണിക്കാവുന്നതല്ല. നേരേമറിച്ചു് ആദരപൂർവ്വം സ്നേഹിക്കേണ്ടതാണു്. സ്നേഹപൂർവ്വം പരിചരിക്കേണ്ടതാണു്. അവനും ദൈവത്തിൻെറ കൈവേലയാകുന്നു. അവൻെറ ആത്മാവു് അത്യുന്നതൻെറ സൗന്ദര്യത്തെ പ്രതിഫലിപ്പിക്കുന്നു. ഏതെങ്കിലും ഒരു പാവപ്പെട്ട ഭിക്ഷുവിൻെറ വ്രണങ്ങൾ കഴുകിവച്ചുകെട്ടാനിടയാകുമ്പോഴെല്ലാം ക്രിസ്തുനാഥനു ശുശ്രൂഷചെയ്യുകയാണെന്നു വി. കത്രീനാ കരുതിയിരുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നുതന്നെ കല്പിച്ചിട്ടുണ്ടല്ലോ: സത്യമായി ഞാൻ നിങ്ങളോടുപറയുന്നു, എൻെറ ഏററം ചെറിയ സഹോദരരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തപ്പോഴെല്ലാം എനിക്കാകുന്നുചെയ്തതു് (മത്താ. 25 40)

ദൈവസ്നേഹം, പരസ്നേഹം എന്നി സ്നേഹത്തിൻെറ ഉറവുകളിൽനിന്നു ഉത്ഭവിച്ച സ്വഭാവവിശേഷങ്ങളാണു് കത്രീനായെ ഒരു തികഞ്ഞ നേഴ്സ് ആക്കിത്തീർത്തതു്. ധൈര്യം, ക്ഷമ, ശാന്തത, വിനയം, ദയ, ദീനാനുകമ്പ ഇവയെല്ലാം ആ നാരീരത്നത്തിൽ ഇണങ്ങിച്ചേർന്നിരുന്നു. പ്രായോഗികജീവിതത്തിൽ മേല്പറഞ്ഞ ഗുണലക്ഷണങ്ങൾ എങ്ങനെ പ്രകാശിച്ചിരുന്നുവെന്നു് അവളുടെ കുമ്പസാരക്കാരനും ഉപദേഷ്ടാവുമായിരുന്ന ഡൊമിനിക്കൻ സന്യാസി കാപ്പുവായിലെ വാഴ്ത്തപ്പെട്ട റെയ്മൊണ്ടു്, അവളുടെ ജീവിതകഥയിലെ ഒരു സംഭവം ഉദ്ധരിച്ചുകൊണ്ടു് ഇങ്ങനെ വിവരിക്കുന്നു:

തേക്കാ (Tecca) എന്നുപേരായ ഒരു പാവപ്പെട്ട രോഗിണി സീയെന്നായിലുണ്ടായിരുന്നു. ചികിത്സയ്ക്കും ഔഷധത്തിനും ഗത്യന്തരമില്ലായ്കയാൽ അവൾ ആശുപത്രിയെ ശരണംപ്രാപിച്ചു. അവൾ ചെന്നുചേർന്ന ആശുപത്രിക്കു് അവളുടെ ആവശ്യാദികൾ സാധിച്ചുകൊടുക്കുന്നതിനുവേണ്ടുന്ന വിഭവസമ്പത്തുണ്ടായിരുന്നില്ല. രോഗം ഒന്നിനൊന്നു വർദ്ധിച്ചു. കുഷ്ഠം ദേഹം മുഴുവൻ വ്യാപിച്ചു. ദുർഗ്ഗന്ധം വമിച്ചുതുടങ്ങി. ആരും അവളെ സമീപിക്കുവാൻപോലും കനിഞ്ഞില്ല. ആശുപത്രിയധികാരികൾ അവളെ പട്ടണത്തിനു വെളിയിൽ ഇമ്മാതിരി രോഗികൾക്കായുള്ള കെട്ടിടത്തിലേക്കു മാററാൻ വേണ്ട നടപടികൾ കൈക്കൊണ്ടു. ഇതുകേട്ടപ്പോൾ കത്രീനായുടെ മനസ്സലിഞ്ഞു. വേഗം അവൾ ആശുപത്രിയിലെത്തി തേക്കായെ സന്ദർശിച്ചു; സ്നേഹപൂർവ്വം ആലിംഗനംചെയ്തു. അവൾക്കു ആവശ്യമായതെല്ലാം എത്തിച്ചുകൊടുക്കാമെന്നു പറഞ്ഞു. മാത്രമല്ല, തേക്കാ ജീവൻവെടിയുന്നതുവരെ അവൾക്കു് ഒരു ദാസിയായി ശുശ്രൂഷചെയ്തുകൊള്ളാമെന്നു വാഗ്ദാനവുംചെയ്തു. കത്രീനാ വാക്കു പാലിച്ചു. ദിവസേന പ്രഭാതത്തിലും പ്രദോഷത്തിലും അവൾ ചെന്നു രോഗിയെക്കാണും; ആവശ്യമായവ വാങ്ങിക്കൊടുക്കും; വേണ്ട ശുശ്രൂഷകൾ ചെയ്തുകൊടുക്കും. ആ കുഷ്ഠരോഗിയിൽ തൻെറ ജ്ഞാനമണവാളനായ ക്രിസ്തുനാഥനെയാണു കത്രീനാ ദർശിച്ചതു്. ആകയാൽ അവർണ്ണ്യമായ സ്നേഹബഹുമാനത്തോടെ ഈ സേവനങ്ങളെല്ലാം ചെയ്തുകൊടുത്തിരുന്നു.

കത്രീനായുടെ അനുകമ്പയും ഔദാര്യവും കുഷ്ഠരോഗിണിയിൽ നന്ദിയോപ്രതിസ്നേഹമോ അല്ല ഉളവാക്കിയതു്. തേക്കാ അനുദിനം കൂടുതൽ പരുഷപ്രകൃതിയായിത്തീർന്നു. ലഭിച്ചുകൊണ്ടിരുന്ന സേവനം തനിക്കു് അവകാശപ്പെട്ടതാണെന്നും, അങ്ങനെയെല്ലാം ചെയ്യാൻ കത്രീനാ ബാദ്ധ്യസ്ഥയാണെന്നുമുള്ള ഭാവമായിരുന്നു അവൾക്കു്. എളിമപ്പെടുകയും നന്ദിപറകയും ചെയ്യുന്നതിനുപകരം തേക്കാ കൂടുതൽ ഔദ്ധത്യം ഭാവിക്കയും ആവശ്യങ്ങൾ വർദ്ധിപ്പിക്കയും ചെയ്തു. എല്ലാം തൻെറ ഹിതാനുസരണം നടന്നില്ലെങ്കിൽ ഉപകാരിണിയെ ഏററം നിചമായ ഭാഷയിൽ ഭർത്സിക്കയും ചെയ്തിരുന്നു. ചില ദിവസം ഭക്തയായ കത്രീനാ പ്രാർത്ഥനയ്ക്കായി പള്ളിയിൽ കൂടുതൽ സമയം ചെലവഴിച്ചെന്നുവരും. അന്നു പതിവിൽ കുറേ താമസിച്ചായിരിക്കും ആശുപത്രിയിൽ എത്തുന്നതു്. അങ്ങനെ വരുന്ന അവസരങ്ങളിൽ തേക്കാ കോപം കാണിക്കും. കുത്തുവാക്കു പറയും. ഏകദേശം ഇങ്ങനെയായിരിക്കും അവളുടെ മുള്ളുവാക്കുകൾ: "ഗുഡ്മോർണിംഗ്, എൻെറ പ്രഭ്വീ, ഫൊണ്ടെബ്രാണ്ടായിലേ (പട്ടണത്തിൽ ആ ഭാഗത്താണു കത്രീനാ താമസിച്ചിരുന്നതു്) എൻെറ രാജ്ഞി, തിരുമനസ്സിലേക്കു് ആ സന്യാസികളുടെ പള്ളിയിൽ ദിവസം മുഴുവൻ കുത്തിയിരിക്കാനാണു താല്പര്യം. ഇന്നുരാവിലേ സമയം മുഴുവൻ കളഞ്ഞതു് അവിടെയായിരുന്നെന്നു് എനിക്കറിയാം. എൻെറ പ്രഭ്വീ, നിനക്കു പ്രിയമുള്ള ആ സന്യാസിമാരുടെ സമീപത്തു ഇരുന്നിട്ടു് ഒരു മതിയും വരുന്നില്ലല്ലോ!"

സുകൃതിനിയായ കത്രീനായുടെ ഉപവിയും, കോപിഷ്ഠയായ തേക്കായുടെ കൃതഘ്നതയും തമ്മിലുള്ള സമരം തുടർന്നുകൊണ്ടിരുന്നു. എല്ലാവർക്കും വിസ്മയമായി. സദാ ഇങ്ങനെ അപവാദംപറയുന്ന ഒരാളെ മടികൂടാതെ പരിചരിക്കുവാൻ എങ്ങനെ കത്രീനായ്ക്കു മനസ്സുവരുന്നു: അവളുടെ അമ്മ ലാപ്പാതന്നെയും അവൾക്കു രോഗം പകർന്നേക്കുമെന്നു് ഭയപ്പെട്ടു. അമ്മയുടെ ഭയം ശരിയായിരുന്നു. കത്രീനായുടെ കരങ്ങളിൽ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങി. എന്നിട്ടും അവൾ ശുശ്രൂഷ മതിയാക്കിയില്ല. ഒടുവിൽ തേക്കാ അന്തരിച്ചു. മൃതദേഹം കത്രീനാ ആദരപൂർവ്വം കുളിപ്പിച്ചു; വസ്ത്രങ്ങൾ അണിയിച്ചു; യഥോചിതം സംസ്കരിച്ചു. ജീവിച്ചിരുന്നപ്പോൾ തന്നെപ്പററി അപവാദം പറഞ്ഞ ആളിനാണു് ഈ അന്തിമോപകാരവും ചെയ്യുന്നതെന്നോർക്കണം. വീരോചിതമായ ഉപവിയുടെ ഈ അവസാന കൃത്യവും ചെയ്തുകഴിഞ്ഞപ്പോൾ കത്രീനായുടെ കരങ്ങളിൽനിന്നു രോഗലക്ഷണങ്ങൾ മാറി. കരങ്ങൾ രണ്ടും പൂർവ്വാപരി വെണ്മയും മാർദ്ദവവും ഉള്ളതായി.

വളരെ സ്നേഹപൂർവ്വം കത്രീനാ പരിചരിച്ച മറെറാരു രോഗിണിയായിരുന്നു പൽമറിനാ സഹോദരി. രോഗം അവളുടെ ശരീരത്തെക്കാൾ ആത്മാവിനെയാണു് കൂടുതൽ ബാധിച്ചിരുന്നതു്. അസൂയയും അഹങ്കാരവും അവളിൽ ഒളിഞ്ഞിരുന്നു ശല്യം ചെയ്തിരുന്നു. കത്രീനായുടെ സേവനസന്നദ്ധതയും, സുകൃതനിഷ്ഠയും കണ്ടപ്പോൾ അവൾക്കു് അടക്കാൻ വയ്യാത്ത വിദ്വേഷമാണുണ്ടായതു്. അസൂയ ശക്തിപ്പെടുമ്പോൾ വിദ്വേഷമാകുമല്ലോ. ഒടുവിൽ കത്രീനാ എന്ന പേരു ശബ്ദിച്ചുകേൾക്കുന്നതുതന്നെ അവൾക്കു ദുസ്സഹമായി തോന്നി. അസൂയയും വിദ്വേഷവും മൂർദ്ധന്യത്തിലെത്തി. അവൾ കത്രീനായെക്കുറിച്ചു അപവാദം പറയാൻ തുടങ്ങി. പുണ്യവതിയുടെ ചാരിത്രശുദ്ധിയെപ്പോലും ചോദ്യംചെയ്യുന്ന വർത്തമാനങ്ങൾ സങ്കല്പനം ചെയ്തു് ഓരോരുത്തരുടെ ചെവിയിൽ രഹസ്യമായി പകർന്നുകൊടുത്തു. ഇത്തരം വാർത്തകൾ കാട്ടുതീപോലെ പ്രചരിക്കുമല്ലോ. ഈ അപവാദവ്യവസായം അഭിവൃദ്ധിപ്പെടുന്നതു കണ്ടിട്ടും കത്രീനാ അതൊന്നും അറിഞ്ഞ ഭാവമേ കാണിച്ചില്ല. മാത്രമല്ല, കൂടുതൽ താല്പര്യത്തോടും സ്നേഹാദരങ്ങളോടുംകൂടെ ആവശ്യമായ ശുശ്രൂഷകൾ തുടർന്നുകൊണ്ടിരുന്നു. തൻെറ സ്വർഗ്ഗീയമണവാളനോടുള്ള സ്നേഹത്തെപ്രതി അവൾ നിന്ദാപമാനങ്ങൾ സസന്തോഷം സ്വീകരിച്ചു. നിന്ദിച്ചവൾക്കുവേണ്ടി ഹൃദയപൂർവ്വം പ്രാർത്ഥിച്ചു: "ദൈവമേ നിൻെറ അനന്തകരുണയാൽ അവളെ കൈവിടല്ലേ."

പൽമറിനായുടെ ആരോഗ്യസ്ഥിതി ആശങ്കാജനകമായി. എന്നിട്ടും കത്രീനായോടുള്ള വെറുപ്പിനു യാതൊരു കുറവും കണ്ടില്ല. അവളെ പ്രശാന്തയാക്കാനും, അവളുടെ വേദന കുറയ്ക്കാനും കത്രീനാ തുടർന്നു ശ്രമിച്ചെങ്കിലും അതൊന്നും ഫലവത്തായില്ല. കോപപരവശയായിത്തീർന്ന പൽമറിനാ പുണ്യവതിയെ മുറിയിൽനിന്നു ബഹിഷ്കരിച്ചശേഷമേ അടങ്ങിയുള്ളു. ഏറെനാൾ കഴിഞ്ഞില്ല, പൽമറിനായിൽ അവശേഷിച്ചിരുന്ന അല്പമായ ശക്തിയും അസ്തമിച്ചു. മരിക്കുമെന്ന ദിക്കായി. അതും നിത്യനാശത്തിൽ നിപതിക്കാൻ തക്ക സ്ഥിതിയിൽ.

പൽമറിനായുടെ അപകടനില അറിഞ്ഞപ്പോൾ, ദീനവത്സലയായ പുണ്യവതി സാദ്ധ്യമായ സർവ്വശക്തിയോടുംകൂടെ ദൈവത്തോടു് ദുർഭഗയായ ആ സഹോദരിയെ സഹായിക്കണമേ എന്നു പ്രാർത്ഥിച്ചു. അസൂയയും അഹങ്കാരവും അധികനാൾ കടിയിരുന്നതുകൊണ്ടു കടുത്തുപോയ ആ ഹൃദയത്തെ മയപ്പെടുത്തുവാൻ അവൾ കണ്ണുനീരോടെ അപേക്ഷിച്ചു. ആ പ്രാർത്ഥനയുടെ ശക്തി കണ്ടാലും! അനുതാപം ജനിക്കുന്നതിനുമുമ്പു് പൽമറിനായ്ക്കു മരിക്കുവാൻ കഴിഞ്ഞില്ല. ആരെയും വിസ്മയിപ്പിക്കുമാറു് മൂന്നു പകലും മൂന്നു രാവും അവൾ അന്ത്യശ്വാസം വലിച്ചുകൊണ്ടു കിടന്നു. സീയെന്നായിലെ വിനീതകന്യകയുടെ പ്രാർത്ഥനയാൽ നിത്യശിക്ഷയിൽപ്പെടാതെ അവൾ കാത്തുസൂക്ഷിക്കപ്പെട്ടു. ഒടുവിൽ സ്നേഹം വിദ്വേഷത്തെ ജയിച്ചടക്കി. എളിമ അഹങ്കാരത്തിൻെറമേൽ വിജയം വരിച്ചു. കരുണയുടെ മൂർച്ചയേറിയ ശരംകൊണ്ടു ദൈവം അവളുടെ ഹൃദയത്തെ ഭേദിച്ചു. അവൾ സ്വപാപത്തിൻെറ ഭയാനകത മുഴുവൻ ഗ്രഹിച്ചു. പൊറുതിക്കായി അനുതാപപൂർവ്വം പ്രാർത്ഥിച്ചു. രക്ഷയ്ക്കാവശ്യമായ വരപ്രസാദത്താൽ അവൾ നിറഞ്ഞു.

പൽമറിനായുടെ പരിവർത്തനം അത്ഭുതകരമായി അറിഞ്ഞ കത്രീനാ, അവളുടെ ഭവനത്തിൽ ഓടിയെത്തി. രോഗി കിടന്ന മുറിയിൽ പ്രവേശിച്ചയുടനെ, രോഗി അവളുടെ നേരെ സ്നേഹാദരങ്ങൾ കാണിച്ചു. സിദ്ധയെ ദൂഷണം പറയാൻ ഉപയോഗിച്ച നാവുകൊണ്ടു് അവൾ സ്വയം കുററപ്പെടുത്തുവാൻ തുടങ്ങി. അവൾ പാപം ഏററുപറഞ്ഞു് മാപ്പിരന്നു. കത്രീനാ സന്തോഷാശ്രുക്കൾ പൊഴിച്ചുകൊണ്ടു് എല്ലാം ക്ഷമിച്ചുവെന്നറിയിച്ചു. പാപസങ്കീർത്തനം, തുല്യാധേയസ്വീകരണം, ഇവയ്ക്കുശേഷം പൽമറിനാ തൻെറ ആത്മാവിനെ സ്രഷ്ടാവിങ്കൽ കയ്യാളിച്ചു. അവൾ നിത്യരക്ഷ പ്രാപിച്ചുവെന്നു പിന്നീടു കത്രീനായ്ക്കു വെളിപാടുണ്ടായി. രോഗം ബാധിച്ച ശരീരത്തിൻെറയെന്നപോലെ ആത്മാവിൻേറയും നേഴ്സായ വി. കത്രീനാ ഈ ആത്മാവിനെ സ്വർഗ്ഗീയഭിഷഗ്വരനാൽ പരിശോധിക്കപ്പെടുന്നതിനു വേണ്ടവിധം ഒരുക്കിയിട്ടുണ്ടായിരുന്നു.

കാപ്പുവായിലെ വാഴ്ത്തപ്പെട്ട റെയ്മൊണ്ടിനു (Raymond) പുണ്യവതി അയച്ച പ്രസിദ്ധമായ കത്തിൽനിന്നും അവൾക്കുണ്ടായിരുന്ന മൃദുലമായ കരുണയും വീരോചിതമായ ധൈര്യവും വെളിപ്പെടുന്നുണ്ടു്. നിക്കോളോ ടൂൾഡോ എന്ന ഇററാലിയൻ യുവാവിൻെറ അന്ത്യത്തെപ്പററിയാണു് എഴുത്തു്. സീയെന്നീസ് ഗവർമ്മെണ്ടിനെ വിമർശിച്ചതിനു് അധികാരികൾ അയാളെ അറസ്ററ്ചെയ്തു് മരണശിക്ഷയ്ക്കു വിധിച്ചു. കുററം നിസ്സാരമായിരുന്നു. ശിക്ഷയോ വധം. ആദ്യം അയാൾ അതു വിശ്വസിച്ചില്ല. പിന്നീടു്, യഥാർത്ഥമാണെന്നു ബോദ്ധ്യമായപ്പോൾ അയാൾക്കു ഭയം തോന്നി. അതു കോപമായി മാറി; എതിർപ്പായി പകർന്നു. ഒടുവിൽ നിരാശനായി. വി. കത്രീനായുടെ സാന്നിദ്ധ്യം ഒന്നുമാത്രമാണു് നരകപാതാളത്തിൽനിന്നു നിക്കോളോയെ രക്ഷിച്ചതു്. അവൾ അവനെ ആശ്വസിപ്പിച്ചു. അവസാനംവരെ അവൻെറ സമീപത്തു നില്ക്കുന്നതാണെന്നു ഉറപ്പു പറഞ്ഞു. അവൻെറ ഭയം സമാധാനമായി മാറി. എതിർപ്പു്, ദൈവതിരുമനസ്സിനോടുള്ള വിധേയത്വമായി രൂപാന്തരപ്പെട്ടു. നിരാശയാകട്ടെ, പ്രത്യാശയായ്ക്കു

---

റാലിയിലേക്കുള്ള കപ്പൽയാത്രയുടെ വിവരണം ഗ്രന്ഥത്തിലുള്ളതു വായിച്ചാൽ ഗ്രന്ഥകാരൻതന്നെ ചെയ്ത യാത്രയെയാണു് വിവരിച്ചിരിക്കുന്നതെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഇടയ്ക്കുള്ള സ്ഥലങ്ങൾ, അവിടങ്ങളിലെ ശീതോഷ്ണാവസ്ഥ, മെഡിറററേനിയൻ കടലിലെ കാററിൻെറ സ്വഭാവം, കപ്പൽക്കാരുടെ സംസാരരീതിയും സമ്പ്രദായങ്ങളും എന്നിവ യഥാതഥം വർണ്ണിച്ചിരിക്കുന്നതിൽ കാണുന്ന സൂക്ഷ്മമായ ജ്ഞാനം നിമിത്തം സകല ഗണത്തിൽ പെട്ട പണ്ഡിതവിമർശകന്മാരുടേയും ഏകകണ്ഠമായ അഭിപ്രായം പ്രസ്തുത കപ്പൽയാത്രയിൽ ഗ്രന്ഥകർത്താവുകൂടിയുണ്ടായിരുന്നുവെന്നാണു്. ഇങ്ങനെയുള്ള ഒരു ചരിത്രകാരൻ ഏററവും വിശ്വാസയോഗ്യനെന്നു് ആരാണു് സമ്മതിക്കാതിരിക്കുക?

കൂടിയ ശരണമായിത്തീന്നു. വധശിക്ഷ നടത്തിയ രംഗത്തെപ്പററി വി. കത്രീനാതന്നെ വാഴ്ത്തപ്പെട്ട റെയ്മൊണ്ടിനു നല്കിയ വിവരണം കാണുക:

"എന്റെ കരങ്ങളിൽ ഞാൻ ആ ശിരസ്സ് ഏററുവാങ്ങി. അതെനിക്ക് എത്ര ആനന്ദദായകമായിരുന്നെന്നോ! ഹൃദയത്തിനു വഹിക്കാനോ നാവിനു വർണ്ണിക്കാനോ കണ്ണുകൾക്കു കാണുവാനോ കാതുകൾക്കു കേൾക്കുവാനോ സാധിക്കാത്ത ആനന്ദം. മുമ്പുനടന്ന ദുർഗ്രഹമായ സംഭവങ്ങളിൽക്കൂടെയെല്ലാം ദൈവതൃപ്പിത്തം നിറവേറുന്നുണ്ടായിരുന്നു. അവ മുഴുവൻ വിവരിക്കുവാൻ ഞാൻ മുതിരുന്നില്ല. വളരെ ദീർഘിച്ചുപോകും. ഞാൻ അവനെ സന്ദർശിക്കുവാൻ പോയി. അങ്ങേക്കും അവനെ അറിയാമല്ലോ. ആശ്വാസവും ധൈര്യവും എങ്ങനെ വന്നുവെന്നറിഞ്ഞില്ല. അവൻ നല്ലപോലെ ഒരുങ്ങിപാപസങ്കീർത്തനം നടത്തി. വധശിക്ഷ നടത്തുന്നസമയം ഞാൻ സമീപം നില്ക്കണമെന്നു അവൻ ദൈവസ്നേഹത്തെപ്രതി എന്നോടാവശ്യപ്പെട്ടു. ഞാൻ അങ്ങനെ സമ്മതിക്കയും ചെയ്തു. പ്രഭാതത്തിൽ മണിയടിക്കുന്നതിനു മുമ്പു ഞാൻ അവന്റെ അടുക്കൽ ചെന്നു. അവനു വലിയ ആശ്വാസമായി. കുർബാന കാണാൻ ഞാൻ കൂട്ടിക്കൊണ്ടുപോയി. അവൻ വി. കുർബാന കൈക്കൊണ്ടു — പ്രഥമദിവ്യകാരുണ്യ സ്വീകരണം. അവന്റെ മനസ്സിനെ അവൻ ദൈവതിരുമനസ്സിനോടു യോജിപ്പിച്ചു; അല്ല, വിധേയമാക്കി. ഒരു ഭയം മാത്രം. നേരമാകുമ്പോൾ ധൈര്യംപോകുമോ എന്നു്. അനന്തവും സുരക്തവുമായ ദൈവാനുഗ്രഹം അവനെ ജയിച്ചടക്കുകതന്നെചെയ്തു. ദൈവത്തെ പ്രാപിക്കുവാനുള്ള ആശ ദൃഢമായി. അവിടുത്തെ കൂടാതെ എങ്ങനെ ജീവിക്കും. അവൻ പ്രാർത്ഥിച്ചു: "നാഥാ, എന്നോടുകൂടെ വസിക്കേണമേ. എന്നെ കൈവിടല്ലേ. നീ എന്റെ കൂടെയാണെങ്കിൽ എനിക്കു നന്മയല്ലാതെ ഭവിക്കയില്ല. അപ്പോൾ എനിക്കു സംതൃപ്തനായി മരിക്കാം."

"ഞാൻ വധസ്ഥലത്തുചെന്നു് അവനെ കാത്തുനിന്നു. അവൻ സൗമ്യനായി ഒരു കുഞ്ഞാടിനെപ്പോലെ അവിടെ വന്നുചേർന്നു. എന്നെക്കണ്ടു പുഞ്ചിരിതൂകി. കുരിശിന്റെ അടയാളം വരയ്ക്കാൻ എന്നോടു് ആവശ്യപ്പെട്ടു. ഞാൻ നെററിയിൽ അതു വരച്ചുകൊടുത്തു. അനന്തരം അവനോടു ഞാൻ പറഞ്ഞു: എന്റെ ഏററം പ്രിയ സോദരാ, നിന്റെ വിവാഹവേദിയിലേക്കു പ്രവേശിച്ചാലും! എന്തെന്നാൽ വേഗം, നീ നിത്യായുസ്സിൽ പ്രവേശിക്കും. അവൻ വിസ്മയകരമായ പ്രശാന്തതയോടെ സാഷ്ടാംഗപ്രണാമംചെയ്തു. ഞാനും മുട്ടുകുത്തിക്കൊണ്ടു അവന്റെ ശിരസ്സ് എന്റെ കരങ്ങളിൽ താങ്ങി. രക്ഷകന്റെ തിരുരക്തത്തിൻ ഫലം ഞാൻ ഓപ്പിച്ചു. അവന്റെ ചുണ്ടുകൾ ഈശോ—കത്രീനാ—എന്നുച്ചരിച്ചുകൊണ്ടിരുന്നു. ദൈവാനുഗ്രഹചിന്തയിൽ എന്റെ മനസ്സു മുഴുകിപ്പോയി. വധയന്ത്രം തിരിഞ്ഞു. വേർപെടുത്തപ്പെട്ട ശിരസ്സ് എന്റെ കരങ്ങളിൽ!"

ഇതാണു സിയെന്നായിലെ വിനീതയായ നേഴ്സ്. ശിരച്ഛേദം ചെയ്യപ്പെട്ട ഒരു ക്രിമിനൽപ്പുള്ളിയുടെ ഉത്തമാംഗം അവളുടെ കരങ്ങളിൽ; അവന്റെ ആത്മാവോ, മോക്ഷത്തിൽ. കത്രീനായുടെ ധീരമായ സേവനത്തിന്റെ ഫലമായി ഒരാത്മാവു രക്ഷിക്കപ്പെട്ടു. ശരീരത്തിന്റെ നേഴ്സ് ആത്മാവിന്റേയും നേഴ്സായി.

ഇററലിയിലെ നേഴ്സുകളുടെ മദ്ധ്യസ്ഥയായി വി. കത്രീനായെ അവരോധിച്ചപ്പോൾ ഏതാദൃശസംഭവങ്ങളുടെ സ്മരണ പ: പിതാവിന്റെ മനസ്സിൽ ഉണ്ടായിരുന്നിരിക്കണം. എന്തുകൊണ്ടെന്നാൽ അപ്പസ്തോലികലേഖനത്തിൽ ഇങ്ങനെ കാണുന്നു.-

"നമ്മുടെ അപ്പസ്തോലിക ചുമതലകളുടെ നിർവ്വഹണത്തോടു അനുബന്ധിച്ചു വന്നുകൂടുന്ന ഗുരുതരമായ കൃത്യാന്തരങ്ങൾ അനവധിയാണെങ്കിലും, ഇടയനടുത്ത നമ്മുടെ ശ്രദ്ധയും, ശുഷ്കാന്തിയും, നിരന്തരമായും സത്വരമായും പതിപ്പിക്കുവാൻ നാം ആഗ്രഹിക്കുന്നതു് അതതു കാലം വിശ്വാസികളുടെ ആദ്ധ്യാത്മിക ഭദ്രതയ്ക്കും അഭിവൃദ്ധിക്കും ഉതകുന്നവയെ സന്ദർഭാനുസാരം പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിലാണ്. സീയെന്നായിലെ വി. കത്രീനായെ ആതുരശുശ്രൂഷചെയ്യുന്ന ഭക്തസ്ത്രീകളുടെ സംരക്ഷികയായും, ജനോവായിലെ വി. കത്രീനായെ ആശുപത്രികളുടെ സംരക്ഷികയായും, ദൈവസന്നിധിയിൽ പ്രഖ്യാപനംചെയ്യണമെന്നു മററുപല സംഘടനകളോടൊപ്പം, രോഗശുശ്രൂഷയ്ക്കായുള്ള കാത്തലിക് യൂണിയന്റെ പ്രസിഡണ്ടും നമ്മുടെ പക്കൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നതു പരിഗണിക്കുമ്പോൾ അവരുടെ അഭ്യർത്ഥന സസന്തോഷം സാധിച്ചുകൊടുക്കേണ്ടതാണെന്നു നമുക്കു തോന്നുന്നു. ലിയോ XIII—ാമൻ തിരുമനസ്സുകൊണ്ടു 1886 ജൂലൈ മാസത്തിൽ മീൻപിടുത്തക്കാരന്റെ മുദ്രയോടുകൂടി പ്രസിദ്ധീകരിച്ച ലേഖനംവഴിയായി ദൈവത്തിന്റെ വി. യോഹന്നാനെയും, ലെല്ലിസിലെ വി. കമില്ലാസിനേയും ആശുപത്രികളുടേയും ആതുരരുടേയും സ്വർഗ്ഗീയ മദ്ധ്യസ്ഥന്മാരായി പ്രഖ്യാപനം ചെയ്കയുണ്ടായി. നമ്മുടെ അഭിവന്ദ്യമുൻഗാമി പീയൂസ് XI-ാമൻ തിരുമനസ്സുകൊണ്ടു മിദയായുടെ മേല്പറഞ്ഞ ലേഖനം പരിശോധിച്ചശേഷം, അതേവിശുദ്ധന്മാരെത്തന്നെ ലോകമെങ്ങുമുള്ള ഇരുവർഗ്ഗത്തിലും പെട്ട ആതുരശുശ്രൂഷകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്മാരായി എക്കാലത്തേക്കുംവേണ്ടി പ്രഖ്യാപനംചെയ്കയുംചെയ്തു.

"ഇപ്പോഴാകട്ടെ, പീയൂസ് XI-ാമനെ അനുഗമിച്ചുകൊണ്ടു, മേല്പറഞ്ഞ വിശുദ്ധന്മാരുടെ മഹനീയമാതൃകകളെ ഇററലിയിൽ ആതുരസേവനം ചെയ്യുന്ന മഹിളകൾക്കു, അവർ തങ്ങളുടെ ജോലിയിൽ കൂടുതൽ ക്രൈസ്തവചൈതന്യം പ്രദർശിപ്പിക്കുവാൻവേണ്ടി, ചൂണ്ടിക്കാണിക്കുവാൻ നാം ആഗ്രഹിക്കുന്നു. തങ്ങൾക്കു് പ്രത്യേകമദ്ധ്യസ്ഥരായി അനുവദിച്ചുകിട്ടുവാൻ ഇപ്പോൾ അവർ ആശിക്കുന്ന ആ വിശുദ്ധകളുടെ—സദാ ദൈവസ്നേഹാഗ്നിയിൽ ജ്വലിച്ചിരുന്ന ആ പുണ്യവതികളുടെ—മാതൃകയും സഹായവും ലഭിച്ചിട്ടു് അവർ ശക്തിപ്പെടുത്തപ്പെടേണ്ടതും ആവശ്യമാണെന്നു നാം കരുതുന്നു.

"ദൈവത്തോടുള്ള സ്നേഹത്തിലും ലോകത്തോടുള്ള വെറുപ്പിലും പ്രശസ്യയായി അന്നജനോവയിലെ വിധവയായ വി. കത്രീനാ തന്റെ ജീവിതകാലം മുഴുവൻ പിയെഡ്മോണ്ടിൽ ആശുപത്രികൾ സ്ഥാപിക്കാനും ആതുരരെ ശുശ്രൂഷിക്കാനുമായി ചെലവഴിച്ചു. ഇററാലിയൻ ജനപദത്തിന്റെ പ്രത്യേകമദ്ധ്യസ്ഥയായി നാം ഈയിടെ പ്രഖ്യാപനംചെയ്ത സിയെന്നായിലെ കന്യകയായ വി. കത്രീനാ അത്ഭുതകരമാംവിധം അയൽക്കാരോടുള്ള സ്നേഹത്താൽ ജ്വലിച്ചിരുന്നു. അന്യരുടെ ശരീരത്തിന്റേയോ ആത്മാവിന്റേയോ സുസ്ഥിതിക്ക് ആവശ്യമെന്നു തോന്നുന്ന ഏതൊരു സഹായവും ചെയ്തുകൊടുക്കുവാൻ അവൾ മടിച്ചിരുന്നില്ല. ഇററാലിയൻ രക്തജരായ മേല്പറഞ്ഞ രണ്ടു വിശുദ്ധകളുടേയും സമുന്നതങ്ങളായ നേട്ടങ്ങൾ, കോളിളക്കിമറിഞ്ഞുകൊണ്ടിരിക്കുന്ന ഇക്കാലത്തു പ്രത്യേകിച്ചും, ആതുരശുശ്രൂഷചെയ്യുന്ന ഇററാലിയൻ വനിതകളാൽ അനുകരിക്കപ്പെടേണ്ടവയാണ്. തങ്ങളുടെ ക്ലേശഭൂയിഷ്ഠമായ ജോലിയിൽ പ്രസ്തുത മദ്ധ്യസ്ഥകളുടെ സഹായവും സംരക്ഷണവും അവർ അഭ്യർത്ഥിക്കണം.

"ആകയാൽ പരിശുദ്ധ റോമ്മാസഭയിലെ നമ്മുടെ വന്ദ്യസഹോദരൻ റീത്തുകളുടെ തിരുസംഘാദ്ധ്യക്ഷനായ പലസ്തീനായുടെ കർദ്ദിനാൾ മെത്രാൻ അവർകളുടെ അഭിപ്രായം കേട്ടതിനുശേഷവും, നമ്മുടെതന്നെ സുനിശ്ചിതമായ അറിവിന്റേയും, അവഗാഢമായ പര്യാലോചനയുടേയും ഫലമായും, നമ്മുടെ ശ്ലീഹാസ്ഥാനത്ത അധികാരം മുഴുവൻ പ്രയോഗിച്ച് ഈ ലേഖനംവഴിയായി സിയെന്നായിലെ കന്യകയായ വി. കത്രീനായെ രോഗശുശ്രൂഷചെയ്യുന്ന ഇററാലിയൻ വനിതകളുടെ ദൈവസന്നിധിയിലുള്ള ദ്വിതീയമദ്ധ്യസ്ഥയായും, വിധവയായ ജനോവായിലെ വി. കത്രീനായെ ഇററാലിയൻ ആശുപത്രികളുടെ ദ്വിതീയമദ്ധ്യസ്ഥയായും നാം തെരഞ്ഞെടുക്കുകയും പ്രഖ്യാപിക്കയും അവരോധിക്കയുംചെയ്യുന്നു. മുൻപ്രസ്താവിച്ചിട്ടുള്ളതുപോലെ ദൈവത്തിന്റെ വി. യോഹന്നാന്റേയും, ലെല്ലിസിലെ വി കമില്ലോസിന്റേയും പ്രഥമസ്ഥാനം മാററപ്പെടാതെ തന്നെ നിലനില്ക്കുന്നു.

"1943 സെപ്തംബർ 15-ാംനു- റോമിൽ വി. പത്രോസിന്റെ ദേവാലയത്തിൽവച്ചു, മീൻപിടുത്തക്കാരന്റെ മുദ്രയോടുകൂടി, നമ്മുടെ വാഴ്ചയുടെ അഞ്ചാം കൊല്ലം, നല്കപ്പെട്ടു. XII-ാം പീയൂസ് പാപ്പാ."

# പരസ്പരസ്നേഹമാണ് നമ്മുടെ വിജയരഹസ്യം

## ....ഈ പാറമേൽ തട്ടി അനേകം കപ്പലുകൾ ഉടഞ്ഞിട്ടുണ്ടു്....

## ഹേറോദേശ് മുതൽ സ്റ്റാലിൻവരെ ആ മീൻപിടുത്തക്കാരനോടു് തോററു പിൻവാങ്ങി, പിൻവാങ്ങുകയും ചെയ്യും.

അഖിലകേരളകത്തോലിക്കാകോൺഗ്രസ 2-ാമത്തു വാർഷികസമ്മേളനത്തിൽ പ്രസിഡണ്ടു ശ്രീ ഇ. പി വറുഗീസിന്റെ അദ്ധ്യക്ഷപ്രസംഗം

...വിശ്വവ്യാപകവും ഭൗമികശക്തികളൊന്നുംതന്നെ 19 ശതാബ്ദങ്ങൾക്കുമേലായി നിരന്തരം ശ്രമിച്ചിട്ടും ഉടയ്ക്കുവാൻ സാധിച്ചിട്ടില്ലാത്തതും ഇനിയും സാധിക്കയില്ലെന്നു നമുക്ക് അചഞ്ചലമായി വിശ്വസിക്കാവുന്നതുമായ ഒരു മഹ



ൽസ്ഥാപനത്തിന്റെ അംഗങ്ങളാണ് നാം. നമ്മുടെ ആ സ്ഥാപനം സംരക്ഷിക്കപ്പെടുന്നതു വാളിനാലല്ല. അതിന്റെ സ്ഥാപകന്റെ രക്ഷയ്ക്കായി തന്റെ പ്രധാനശിഷ്യൻ ഖഡ്ഗം പ്രയോഗിച്ചതിനെ അവിടുന്നു് നിരോധിക്കയാണു ചെയ്തതു്. ഗുരുശാസനമനുസരിച്ച് പത്രോസ് ഊരിയ വാളിനെ ഉറയിലിട്ടു. ആ വാൾ പിന്നെ പത്രോസാകട്ടെ പത്രോസിന്റെ പിൻഗാമികളാകട്ടെ സ്വയരക്ഷാർത്ഥംപോലും ഊരിയിട്ടില്ല. എന്നുവരികിലും ആ പാറമേൽ കെട്ടപ്പെട്ട സൗധം ഇന്നും ഉയർന്നുകൊണ്ടുതന്നെ ഇരിക്കുന്നു. ആ പാറമേൽ തട്ടി അനേകം കപ്പലുകൾ ഉടഞ്ഞിട്ടുണ്ടു്. എന്നാൽ ആ പാറയ്ക്ക് ഒരു ഉടവും തട്ടിയിട്ടില്ല. ഹേറോദേശ് മുതൽ സ്റ്റാലിൻവരെ ആ മീൻപിടുത്തക്കാരനോടു തോററു പിൻവാങ്ങി, പിൻവാങ്ങുകയും ചെയ്യും. ഈ മഹാ വിജയരഹസ്യം സ്നേഹമാണ്. പരസ്പരം സ്നേഹിക്ക; ശത്രുവിനെപ്പോലും സ്നേഹിക്ക; അതുവഴിയായി നിങ്ങൾ എന്റെ ശിഷ്യന്മാരെന്നു മററുള്ളവർ മനസ്സിലാക്കട്ടെ; എന്നാണ് ആ ലോകഗുരു ഉപദേശിച്ചതു്.

എന്നാൽ ഇന്നു ക്രൈസ്തവരിൽ എത്ര കുറവാണ് ഈ ഉപദേശം യഥാർത്ഥമായി നിർവ്വഹിക്കുന്നവർ. നമ്മുടെ റീത്തുവ്യത്യാസങ്ങളും നമ്മുടെ കുലീനകുലചലങ്ങളും നമ്മുടെ പൗരാണികത്വവും നവീനത്വവും നമ്മുടെ പഴയരക്തവും പുതുരക്തവും നമ്മെ ഇന്നും അകററി നിറുത്തുന്നു. തന്നിമിത്തം നമ്മുടെ വിവിധങ്ങളായ കഴിവുകൾക്കനുസരണമായ ഒരു നില നമ്മുടെ രാജ്യത്തു നമുക്ക് ഇനിയും ലഭ്യമായിട്ടില്ല. നമുക്കു കൂടുതൽ ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവരുന്നു. നമ്മുടെ അനൈകമത്യത്തെ പുരസ്കരിച്ചു വിദേശീയനായ നമ്മുടെ ഒരു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് സംഭാഷണമദ്ധ്യേ പറഞ്ഞതു് ഇപ്രകാരമാണ്: "പരസ്പരം സ്നേഹിക്കുവാൻ സ്വാഭാവികന്യായത്തിനു പുറമെ നമുക്കു ഒരു ദൈവികകല്പനയുമുണ്ടു്. അതിനാൽ നാം അതിനു വിരുദ്ധമായി പ്രവർത്തിക്കുമ്പോൾ സ്വാഭാവികന്യായത്തെ ലംഘിക്കുന്നതിൽനിന്നുണ്ടാകുന്ന സ്വാഭാവികശിക്ഷകൾക്കു പുറമെ ദൈവകല്പനയെ ലംഘിക്കുന്നതിനാലുള്ള ഒരു ശാപവും കൂടി നമുക്കുണ്ടാകുന്നു." അതിനാൽ കത്തോലിക്കരായ നാം, ഈ രാജ്യത്തു പ്രത്യേക അവശത അനുഭവിക്കുന്നതു നമ്മുടെ ഐകമത്യമില്ലായ്മയുടേയും ഫലമാണെന്നുള്ളതിനു സംശയമില്ല......

### നമ്മുടെ വിദ്യാലയപ്രവർത്തനം

വിദ്യാലയപ്രവർത്തനത്തിൽ വിഷമതകൾ നമുക്കു വർദ്ധിച്ചുവരികയാണുള്ളു. എല്ലാം ദേശവൽക്കരിക്കണമെന്ന സോഷ്യലിസ്റ്റ് സിദ്ധാന്തത്തെ വിവേചനകൂടാതെ സ്വീകരിക്കുന്ന ഒരു വലിയ വിഭാഗം വോട്ടർമാരാണ് ഈ രാജ്യത്തു്, വിശിഷ്യാ ഭാരതത്തിൽ വർദ്ധിച്ചുവരുന്നതു്. നമ്മെ സംബന്ധിച്ചിടത്തോളം മുക്കുമുറിച്ചും ശകുനം മുടക്കണമെന്നൊരു കൂട്ടരുണ്ടു്. അതിനാൽ നമ്മെ വിദ്യാഭ്യാസരംഗത്തുനിന്നും മാററുന്നതിനോ ഇല്ലെങ്കിൽ നമ്മുടെ വിദ്യാലയങ്ങളെ നാമമാത്രകത്തോലിക്കാ വിദ്യാലയങ്ങളാക്കിത്തീർക്കുന്നതിനോ ഉള്ള പദ്ധതികൾ ഇനിയും ആസൂത്രണം ചെയ്യുവാനാണ് ഇടയുള്ളതു്. അതിനാൽ നമുക്കു നമ്മുടെ വിദ്യാലയങ്ങളുടെ കാര്യത്തിൽ കരുച്ചുകൂടി കരുതൽവേണം. നമ്മുടെ പ്രൈമറി സ്കൂളുകൾ മുഴുവനും നമ്മുടെ കന്യാസ്ത്രീകളെക്കൊണ്ടു നടത്തിക്കത്തക്ക വിധത്തിൽ ഏർപ്പാടുചെയ്യണം. അതു സാധിക്കും. കഴിഞ്ഞ സെൻസസിലെ മതപരമായ സംഖ്യ പുറത്തായിട്ടില്ലല്ലോ. 1941 ലെ സെൻസസുപ്രകാരം ഈ സംസ്ഥാനത്തു 13. 6 ലക്ഷം കത്തോലിക്കരുണ്ടു്. കഴിഞ്ഞ ദശവത്സരത്തിൽ ഈ സംസ്ഥാനത്തെ ജനസംഖ്യയുടെ വർദ്ധനവു് 23. 6 ശതമാനമാണെന്നു അറിവായിട്ടുണ്ടു്. ക്രൈസ്തവരുടെ സംഖ്യാവർദ്ധനവു കഴിഞ്ഞകാലങ്ങളിലും ശരാശരിയെക്കാൾ കൂടുതലായിരുന്നു. അതിനാൽ കത്തോലിക്കർ 25 ശതമാനം വർദ്ധിച്ചുവെന്നുവയ്ക്കുന്നതിൽ വലിയ തെററുവരികയില്ല. ആ കണക്കിനു ചുരുങ്ങിയതു് 17ലക്ഷം കത്തോലിക്കർ ഇവിടെയുണ്ടു്. ഇവരിൽ 5 വയസ്സിനും 10വയസ്സിനും മദ്ധ്യേയുള്ളവരുടെ ശതമാനം 14 ആണെന്നുള്ള 1941-ലെ കാനേഷുമാരി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പ്രൈമറി വിദ്യാലയങ്ങളിൽ പഠിക്കേണ്ടവരായി 2,38,000 കത്തോലിക്കാ കുട്ടികളുണ്ടെന്നു കാണുന്നു. കാര്യക്ഷമമായ അദ്ധ്യയനത്തിനു ഹാനിതട്ടാതിരിക്കത്തക്കവിധത്തിൽ ഓരോക്ലാസ്സിലും, വിശിഷ്യ പ്രൈമറിക്ലാസ്സുകളാകയാൽ, 30 വിദ്യാർത്ഥികൾ പ്രകാരം 5 ക്ലാസ്സുകളുള്ള 1587 പ്രൈമറിസ്കൂളുകൾ നമ്മുടെ മേൽപ്പറഞ്ഞ കുട്ടികൾക്കു വേണം. ചില സ്കൂളുകളിലെ ക്ലാസ്സുകൾക്കു ഡിവിഷനും മററുമുണ്ടാകുന്നതിനാൽ 1500 സ്കൂളുകൾ മതിയാകുമെന്നുവയ്ക്കാം. ഈ 5 വയസ്സിനും 10 വയസ്സിനും മദ്ധ്യേയുള്ള എല്ലാ കത്തോലിക്കാവിദ്യാർത്ഥിയും അദ്ധ്യയനം നടത്തുമെന്നുള്ള പ്രതീക്ഷയിലാണ്; ഷിഫ്ററു സമ്പ്രദായംവച്ചു കണക്കാക്കിയാൽ ഓരോ സ്കൂളിലും 3 അദ്ധ്യാപകർ മ

(ശേഷം 6-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 24 | ERNAKULAM, MAY 16, 1951 | No. 37


# കത്തോ. കോൺഗ്രസ്സിന്റെ ആലുവാ സമ്മേളനം

അഖിലകേരള കത്തോലിക്കാകോൺഗ്രസ്സിന്റെ 26-ാമത്തെ വാർഷികസമ്മേളനം ആലുവാ സെൻറ് മേരീസ് ഹൈസ്കൂൾ പരിസരങ്ങളിൽ പ്രത്യേകം സജ്ജീകരിച്ച ഫാത്തിമാനഗറിൽവച്ച്, ഇക്കഴിഞ്ഞദിവസങ്ങളിൽ—മേയ് 13, 14, 15 തീയതികളിൽ—അത്യന്തം വിജയകരമായി നടന്നുവെന്നറിയുന്നതിൽ ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. തിരുവല്ലാമെത്രാൻ മാർ സെവേരിയോസ് തിരുമേനി ഞായറാഴ്ചരാവിലെ പൊന്തിഫിക്കാൾ കുർബാന അർപ്പിക്കുകയും തദനന്തരം പതാക ഉയർത്തൽ കർമ്മം അനുഷ്ഠിക്കുകയും ചെയ്തതോടുകൂടി കോൺഗ്രസ്സ് ചടങ്ങുകൾ ആരംഭിച്ചു. ഉച്ചകഴിഞ്ഞു രണ്ടുമണിയോടുകൂടി കോഴിക്കോട്ടുമെത്രാൻ ഡോക്ടർ പത്രോണി എസ്. ജെ. തിരുമനസ്സുകൊണ്ടു സമ്മേളനം ഉൽഘാടനംചെയ്തു. ആലുവാ മുനിസിപ്പൽ പ്രസിഡന്റും സ്വീകരണസംഘാധ്യക്ഷനുമായ ശ്രീ യു. ജെ. മത്തായി സ്വാഗതപ്രസംഗവും, കോൺഗ്രസ്സ് സ്ഥിരാധ്യക്ഷൻ ശ്രീ ഇ. പി. വർഗ്ഗീസ് എം. എ. ബി. എൽ. അധ്യക്ഷപ്രസംഗവും നടത്തി.

### അദ്ധ്യക്ഷപ്രസംഗം

"കത്തോലിക്കാ കോൺഗ്രസ്സ് ആണ്ടിലൊരിക്കൽമാത്രം സമ്മേളിക്കുന്ന ഒരു സംഘടനയെന്ന നിലയിൽനിന്നും ദിവസംതോറും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിരസംഘമായിത്തീർന്നു കഴിഞ്ഞിരിക്കുകയാണ്. ഒല്ലൂരിൽവച്ചുനടന്ന കഴിഞ്ഞ വാർഷികസമ്മേളനത്തിനുശേഷമുള്ള എല്ലാ ആഴ്ചകളിലുംതന്നെ കേരളത്തിന്റെ ഏതെങ്കിലുമൊരു ഭാഗത്തു കത്തോലിക്കാകോൺഗ്രസ്സിന്റെ സംഘടനാപരമായും പ്രവർത്തനപരമായുമുള്ള യോഗങ്ങൾ നടന്നിട്ടുണ്ട്." അദ്ധ്യക്ഷപ്രസംഗത്തിലെ ഈ പ്രസ്താവം കോൺഗ്രസ്സിന്റെ പുരോഗതിക്കു സാക്ഷ്യംവഹിക്കുന്നുണ്ടല്ലൊ. "പല ലത്തീൻരൂപതകളിൽനിന്നും ഇനിയും വേണ്ടത്ര സഹകരണമനോഭാവം കത്തോലിക്കാകോൺഗ്രസ്സിനു ലഭിക്കേണ്ടതായിട്ടാണിരിക്കുന്നത്. രൂപതാസംഘടനകളുണ്ടാക്കി അവരവരുടെ പ്രത്യേകതയ്ക്കു ഹാനിവരുത്താതെ അവയെ കത്തോലിക്കാകോൺഗ്രസ്സുമായി സംഘടിപ്പിക്കാവുന്നതാണ്" എന്ന് അദ്ധ്യക്ഷപ്രസംഗത്തിൽ അനുസ്മരിപ്പിച്ചിരിക്കുന്നതു പ്രത്യേകം ശ്രദ്ധേയമാണ്. "അഖിലഭാരത കത്തോലിക്കായൂണിയന്റെ കഴിഞ്ഞവാർഷികത്തിലും രൂപതകൾതോറും കത്തോലിക്കാസംഘടനകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ ചൂണ്ടിക്കാണിക്കുന്ന ഒരു പ്രമേയം അംഗീകരിക്കപ്പെട്ടു" എന്ന വസ്തുതയും പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

### കോൺഗ്രസ്സും രാഷ്ട്രീയകാര്യവും

കത്തോലിക്കാ കോൺഗ്രസ്സിന്റെ നിയമാവലിയിൽ "കേരളീയ കത്തോലിക്കാസമുദായത്തിന്റെ സർവ്വതോമുഖമായ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുകയെന്നതാണ് ഈ കോൺഗ്രസ്സിന്റെ ഉദ്ദേശം" എന്നു സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്. "ഈ കോൺഗ്രസ്സ് ഒരു രാഷ്ട്രീയകക്ഷിയായി നിലകൊള്ളുകയോ രാഷ്ട്രീയപരിപാടിയോടുകൂടി പ്രവർത്തനംനടത്തുകയോ ചെയ്യുന്നതല്ല" എന്ന ഒരു സൂചനയും നിയമാവലിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ "അതതുകാലങ്ങളിൽ പ്രാധാന്യമർഹിക്കുന്ന പൊതുപ്രശ്നങ്ങളെപ്പറ്റി ജനസാമാന്യത്തിനു പ്രബോധനം നല്കുന്നതിനും, പൊതുജനാഭിപ്രായം രൂപവൽക്കരിക്കുന്നതിനും, സമുദായാംഗങ്ങളുടെ പൗരാവകാശങ്ങളേയും അവശതകളേയും പറ്റി അധികാരസ്ഥാനങ്ങളിൽ ഉദ്ബോധിപ്പിക്കുകയും അവകാശപ്രാപ്തിക്കും അവശതാപരിഹാരത്തിനും വേണ്ട പരിപാടികൾ സ്വീകരിക്കുകയും ചെയ്യുന്നതിനും, സമുദായോന്നമനത്തിനുതകുന്ന മററു പരിപാടികളും സ്വീകരിക്കുന്നതിനും" നിയമാവലി കോൺഗ്രസ്സിനു അധികാരം നല്കുന്നുണ്ട്. നിയമാവലിയിലെ ഈ വ്യവസ്ഥകളനുസരിച്ചാണ് കത്തോലിക്കാകോൺഗ്രസ്സ് ഇതേവരെ വർത്തിച്ചുപോന്നിട്ടുള്ളതെന്നു തീർച്ചയാണ്.

"വോട്ടുനല്കുന്നകാര്യത്തിൽ ആവശ്യമായ നിർദ്ദേശം നല്കുന്നതുകൊണ്ടു കോൺഗ്രസ്സ് ഒരു രാഷ്ട്രീയകക്ഷിയായിത്തീരുകയോ രാഷ്ട്രീയപരിപാടിയോടുകൂടി പ്രവർത്തിക്കുകയോ ചെയ്യുന്നതായി വ്യാഖ്യാനിക്കാവുന്നതല്ല" എന്നു പ്രസ്താവിച്ചശേഷം കത്തോലിക്കർ അടുത്തുവരുന്ന തിരഞ്ഞെടുപ്പിൽ വോട്ടുനൽകുന്നതിനെപ്പററി അദ്ധ്യക്ഷപ്രസംഗത്തിൽ ചില നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. "ഇന്ത്യൻ ഭരണഘടനയിലെ വ്യവസ്ഥകളെ ഏററവും വ്യാപകമായ അർത്ഥത്തിൽ പാലിക്കുവാൻ തയ്യാറുള്ള ഒരു കക്ഷിക്കോ വ്യക്തികൾക്കോ മാത്രമേ നാം വോട്ടുകൊടുക്കുകയുള്ളുവെന്ന് ഇവിടെവച്ചു ദൃഢപ്രതിജ്ഞ ചെയ്യണം. നാം അതു ചെയ്താൽ നമ്മെപ്പോലെ അവശതയനുഭവിക്കുന്നവരും നമ്മെ അനുകരിക്കും; നമ്മോടു സഹകരിക്കും. മററുള്ളവർ അവരുടെ സമുദായത്തോടു പറയുന്നപോലെ, നമ്മുടെ വോട്ട് നാം നമ്മുടെ സമുദായത്തിൽപ്പെട്ടവർക്കേ നല്കു എന്നു വരുത്തരുത്. നമുക്കു സ്വീകാര്യനായ ഏതു സ്ഥാനാർത്ഥിക്കും നമുക്കു വോട്ടു നൽകാം. നമുക്കു സ്വീകാര്യനല്ലാത്ത സ്ഥാനാർത്ഥി കത്തോലിക്കനായാലും അയാളെ പരാജയപ്പെടുത്തുകതന്നെ വേണം. അങ്ങനെ ഈ തിരഞ്ഞെടുപ്പിൽ നാം ഒന്നു പ്രവർത്തിച്ചാൽ നമ്മുടെ താല്പര്യങ്ങളെ അവഗണിക്കുവാൻ തക്ക ബലമുള്ള കക്ഷിയെ കാണാൻ കഴിയുകയില്ല. കോടതിവഴി ലഭിക്കാത്ത പല അവകാശങ്ങളും വോട്ടുകൊണ്ടുമാത്രമേ ജനകീയഭരണത്തിൽ ലഭ്യമാകയുള്ളു. ഗവമ്മെൻറിന്റെ ഭരണനയവും പരിപാടികളും നിയന്ത്രിക്കുന്നതു വോട്ടാണ്." എന്നിങ്ങനെ സാമാന്യമായി പറഞ്ഞശേഷം "ഉത്തരവാദിത്വബോധത്തോടും നിഷ്പക്ഷതയോടും തന്റെ ബുദ്ധിക്കും പരിചയത്തിനും അനുസരണമായും മനസ്സാക്ഷിയുടെ പ്രബോധനത്തിനു വിധേയമായും" തുടന്ന് അദ്ധ്യക്ഷൻ ഇങ്ങനെ ഉപദേശിക്കുന്നു:- "നമ്മുടെ താല്പര്യങ്ങളെ ഏതു വിഷമഘട്ടത്തിലും സംരക്ഷിക്കുമെന്നു ബോധ്യമുള്ളവരെ നാം തെരഞ്ഞെടുക്കണം. അങ്ങനെയുള്ളവരെ കോൺഗ്രസ്സോ മററു നമുക്കു സ്വീകാര്യമായ പാർട്ടികളോ സ്ഥാനാർത്ഥികളായി സ്വീകരിക്കുമെങ്കിൽ വളരെ നന്ന്. അല്ലെങ്കിൽ അങ്ങനെയുള്ളവരെ നാം സ്ഥാനാർത്ഥികളായി നിർത്തി നമ്മുടെ കഴിവുകൾ സംഘടിപ്പിച്ച് അവരെ തെരഞ്ഞെടുപ്പിൽ വിജയിപ്പിക്കണം." ഇക്കാര്യത്തിൽ "ഭിന്നാഭിപ്രായമുള്ളവർ ധാരാളം ഉണ്ടാകാം" എന്നും "ഇതിനെ രൂക്ഷമായി എതിർക്കുന്നവരുമുണ്ടാകാം" എന്നും അദ്ധ്യക്ഷൻ തുറന്നു സമ്മതിക്കുന്നുമുണ്ട്.

### നമ്മുടെ വിദ്യാലയപ്രശ്നം

പബ്ലിക് സർവ്വീസിലും നിയമസഭാപ്രാതിനിധ്യത്തിലും കത്തോലിക്കർക്കുള്ള അവശതകളെപ്പററി പ്രസ്താവിച്ചശേഷം അദ്ധ്യക്ഷപ്രസംഗം നമ്മുടെ വിദ്യാലയപ്രശ്നത്തിലേക്കു കടക്കുന്നു. പനമ്പിള്ളിപ്പദ്ധതിയേയും അതുവഴി നമുക്കനുഭവപ്പെട്ടിരിക്കുന്നതും അനുഭവപ്പെടാനിരിക്കുന്നതുമായ ദൂഷ്യങ്ങളേയും ചുരുക്കമായി ചൂണ്ടിക്കാണിച്ചിട്ട് ഭാവിയിലെ നമ്മുടെ വിദ്യാഭ്യാസപ്രവർത്തനത്തെപ്പററി ചർച്ചചെയ്യുന്നു. "ആവശ്യമെങ്കിലും ഇല്ലെങ്കിലും ഇടവകകൾതോറും ഹൈസ്കൂളുകളും രൂപതകൾതോറും കോളെജുകളും ഇടവകയ്ക്കുപുറമെ സന്യാസസഭകളോരോന്നിനും സ്കൂളുകളും കോളെജുകളും ഒരു നടപ്പായിത്തീർന്നിരിക്കുന്നു. ഈ സ്ഥാപനങ്ങളിൽ ഭൂരിപക്ഷത്തിലും പഠിക്കുന്ന വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും അകത്തോലിക്കരുമാണ്. നമ്മുടെ വിദ്യാർത്ഥികൾക്കാവശ്യമായിടത്തോളം വിദ്യാലയങ്ങൾമാത്രം നാം സ്ഥാപിച്ചാൽ മതിയാകും. എന്നുവച്ച് മററുള്ളവരെ ഈ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കരുതെന്നല്ല. നമ്മുടെ വിദ്യാലയങ്ങളിൽ പലതും ഇരട്ടിപ്പാണ്; അത്യാവശ്യമുള്ളവയല്ല. അതിനാൽ ഇക്കാര്യത്തിൽ നമുക്ക് ഒരു പ്ലാൻ മേലാലെങ്കിലും ആവശ്യമാണ്. പലതും ബോർഡിംഗ് ഉള്ളതായ സ്കൂളുകളായി (Residential Schools) രൂപാന്തരപ്പെടുത്തിയാൽ സ്കൂളുകളുടെ എണ്ണവും അനാവശ്യച്ചെലവും വളരെ കുറയ്ക്കാം. കത്തോലിക്കാ പരിശീലനത്തിനും അവ വളരെ സഹായിക്കും. രണ്ടുമൂന്നു ഇടവകകൾ കൂടി യോജിച്ച് ഒരു സ്കൂൾ നടത്തുകയോ ഇല്ലെങ്കിൽ ഒരു ഇടവകയിൽനിന്നു സ്കൂളും മററുള്ളവർ ബോർഡിംഗും സ്ഥാപിക്കുന്ന ചെലവുകൾ വഹിക്കുകയോചെയ്താലും നന്നായിരിക്കും. കത്തോലിക്കാസ്കൂളുകളിൽ വേണ്ടത്ര ട്രെയിൻഡ് അധ്യാപകരെ കിട്ടണമെങ്കിൽ ട്രെയിനിംഗ് സ്കൂളുകൾക്കായും നാം ശ്രമിക്കണം. ഇതുപോലെതന്നെ കോളെജുകളുടെ കാര്യത്തിലും നാം മുടക്കുന്ന ഭീമമായ സംഖ്യയുണ്ടെങ്കിൽ നമ്മുടെ വിദ്യാർത്ഥികളിൽ ഒരുഭാഗത്തിനു വിദേശങ്ങളിൽപ്പോയി പഠിക്കുന്നതിനു വേതനം നൽകുന്നതിനും മററുള്ളവർക്കായി ഇവിടെ ഇപ്പോഴുള്ള കോളെജുകളുടെ അടുത്ത് ഹോസ്റ്റലുകൾ സ്ഥാപിച്ച് അവിടെ കുറഞ്ഞനിരക്കിൽ താമസസൗകര്യം നൽകുന്നതിനും സാധിക്കും. കത്തോലിക്കാ ഹോസ്റ്റലുകളാണ് കത്തോലിക്കാ ജീവിതത്തിനു കൂടുതൽ ഉപകരിക്കുന്നത്. തിരുവനന്തപുരത്തും, ചങ്ങനാശ്ശേരിയിലും, പാലായിലും, എറണാകുളത്തും, തേവരയിലും, തൃശ്ശൂരും ഉള്ള കത്തോലിക്കാ കോളെജുകളുടെ സമീപത്ത് എല്ലാ രൂപതകൾക്കും ഓരോ ഹോസ്റ്റലുകളുണ്ടായിരുന്നാൽ ഓരോ രൂപതതോറും കോളെജു സ്ഥാപിക്കുന്നതിനെക്കാൾ ലാഭവും കത്തോലിക്കാ വിദ്യാർത്ഥികൾക്കു ഗുണകരവുമായിരിക്കയില്ലേ എന്ന് ആലോചിക്കേണ്ടതാണ്. ഇതിനുപുറമേ അകത്തോലിക്കാ കോളെജുകളുള്ള സ്ഥലങ്ങളിലും കത്തോലിക്കാ ഹോസ്റ്റലുകൾകൊണ്ട് നമ്മുടെ ആവശ്യം ധാരാളം നിർവഹിക്കാം."

കത്തോലിക്കാ സർവകലാശാല, കുടിയേററിപ്പാർപ്പ്, കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ, തൊഴിലാളി കോളനികൾ, സിനിമ എന്നീ വിഷയങ്ങളെപ്പററിയും അദ്ധ്യക്ഷപ്രസംഗത്തിൽ ചുരുക്കമായി പ്രതിപാദിച്ചിട്ടുണ്ട്.

മിസ്റ്റർ വർഗ്ഗീസിന്റെ ഈ അദ്ധ്യക്ഷപ്രസംഗത്തിൽ കേരളീയ കത്തോലിക്കരെ അഭിമുഖീകരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളെപ്പററി നമ്മുടെ സമുദായത്തിനു മനസ്സിരുത്തി ചിന്തിക്കുവാൻ പ്രയോജനപ്പെടുന്ന പല സംഗതികളും അടങ്ങിയിട്ടുണ്ട്. സമുദായത്തിന്റെ ഉത്തരവാദം വഹിക്കുന്ന വൈദികരും അൽമേനികളും ഈ സംഗതികളെപ്പററി പ്രാർത്ഥനാപൂർവം ചിന്തിക്കുകയും കൂടിയാലോചനകൾ നടത്തുകയും ഭാവിപരിപാടികൾ രൂപീകരിച്ചു നടപ്പിൽവരുത്തുകയും ചെയ്യുമെന്നു വിശ്വസിക്കുന്നു. അതിനുവേണ്ട ദിവ്യപ്രകാശവും ദിവ്യപ്രചോദനവും പരിശുദ്ധാത്മാവിൽനിന്നു ഫാത്തിമാനാഥ നമുക്കെല്ലാവർക്കും വാങ്ങിത്തരണമേയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

———

## മോൺസിഞ്ഞോർ നമ്പ്യാപറമ്പിൽ

കാഞ്ഞൂർ ഫൊറോനാപള്ളിവികാരി വെരി റവ. ഡോക്ടർ ടി. കെ. നമ്പ്യാപറമ്പിൽ പിഎച്ച്. ഡി., ഡി. ഡി. അവർകൾക്കു പരിശുദ്ധ സിംഹാസനത്തിൽനിന്നും മോൺസിഞ്ഞോർസ്ഥാനം (Papal Chamberlain) കല്പിച്ചു നല്കിയിരിക്കുന്നു. പെററിസെമ്മിനരി റെക്ടർ, മലബാർമെയിൽ മാനേജിംഗ് എഡിറ്റർ, ഇടവകവികാരി എന്നീ നിലകളിലുള്ള ഇദ്ദേഹത്തിന്റെ സുദീർഘകാലത്തെ പ്രശസ്തസേവനം ഏവരുടേയും അഭിനന്ദനം ആർജ്ജിച്ചിട്ടുള്ളതാണല്ലോ. അടുത്തയവസരത്തിൽ ഇദ്ദേഹം തന്റെ പൗരോഹിത്യരജതജൂബിലി സഘോഷം കൊണ്ടാടുകയുണ്ടായി. വെരി റവ. മോൺസിഞ്ഞോർ നമ്പ്യാപറമ്പിൽ അവർകളെ ഹൃദയംഗമമായി അനുമോദിച്ചുകൊള്ളുന്നു.


## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | ” | 6—8—0 |
| ഇൻഡ്യക്കു പുറമെ | ” | 8—0—0 |
| ഒററപ്രതി | | 0—2—0 |


(5-ാംപേജ് തുടർച്ച)

തിയാകും. വിശിഷ്യ കന്യാസ്ത്രീകൾക്ക് ഇതരജോലികളിൽ വ്യാപൃതരായിരിക്കുന്ന അധ്യാപകരെക്കാൾ ഷിഫ്ററുസമ്പ്രദായത്തിനു കൂടുതൽ സൗകര്യമുണ്ട്. അങ്ങനെ ഈ 1581 സ്കൂളുകളിലേക്കുമായി 4761 കന്യാസ്ത്രീകൾ അധ്യാപികമാരായി ഉണ്ടെങ്കിൽ നമുക്കു പരാശ്രയംകൂടാതെ നമ്മുടെ കുട്ടികളെ എല്ലാം തന്നെ കത്തോലിക്കാ സാഹചര്യങ്ങളിൽ ഏററവും കാര്യക്ഷമമായി പ്രൈമറി വിദ്യാഭ്യാസം ചെയ്യിക്കാം. ഇതു നാം വിചാരിച്ചാൽ സാധിക്കും. അല്പമൊന്നു മുൻകൂട്ടി കരുതി ഒരു പ്ലാനോടുകൂടി പ്രവർത്തിച്ചാൽ മതി. ചില പ്രായോഗികവിഷമതകളില്ലെന്നു ഞാൻ പറയുന്നില്ല. പ്രൈമറി സ്കൂളുകൾ ഉള്ളിടത്തെല്ലാം ഓരോ കന്യാസ്ത്രീമഠം സ്ഥാപിക്കുക പ്രയാസമായിരിക്കും. എന്നാൽ ഗതാഗതസൗകര്യങ്ങളുടെ വർദ്ധനവും മററുംകൊണ്ട് ഒരു മഠത്തിൽനിന്നു രണ്ടും മൂന്നും പ്രൈമറി സ്കൂളുകൾ നടത്തുന്നതിനു പ്രയാസമുണ്ടായിരിക്കയില്ല.

ഇനി സെക്കണ്ടറി സ്കൂളുകളുടെ കാര്യം ചിന്തിക്കാം. 10 വയസ്സിനും 15 വയസ്സിനും ഇടയ്ക്കുള്ള കത്തോലിക്കരുടെ സംഖ്യ 13 ശതമാനമാണ്. അതായതു് 2,21,000. ഈ സ്കൂളുകളിൽ 40 വിദ്യാർത്ഥികൾവീതമുള്ള 6 ക്ലാസ്സുകൾ പ്രകാരം 921 സെക്കണ്ടറി സ്കൂളുകൾ വേണം. ഒരു സ്കൂളിൽ ചുരുങ്ങിയതു 7 അധ്യാപകർവീതം 6447 അധ്യാപകർ വേണം. ഇതിൽ പകുതി സ്ത്രീകളും പകുതി പുരുഷന്മാരും ആയിരിക്കണം. സ്ത്രീവിദ്യാഭ്യാസത്തിൽ പുരോഗമിച്ചിരിക്കുന്ന നമുക്ക് ഈ അധ്യാപികമാരുടെ കാര്യം കന്യാസ്ത്രീകളെക്കൊണ്ടുതന്നെ കഴിക്കുവാൻ നോക്കണം. പുരുഷന്മാരുടെ കാര്യത്തിൽ നാം ഇപ്പോൾ അഭിമുഖീകരിക്കുന്ന വിഷമതകൾ ഒഴിഞ്ഞുമാറണമെങ്കിൽ അധ്യാപകവൃത്തി സ്വീകരിക്കുന്ന സഭകൾ നാം കൂടുതൽ സ്ഥാപിക്കണം. ജസ്വിററ്, സലേഷ്യൻ, ക്രിസ്ത്യൻ ബ്രദേഴ്സ് മുതലായവരുടെ സ്ഥാപനം നമ്മുടെ ഇടയിൽ പ്രോത്സാഹിപ്പിക്കണം. അങ്ങനെ ആയാൽ ഒരു 10 സംവത്സരത്തിനുള്ളിൽ നമുക്കു സ്വയംപര്യാപ്തത സാധിക്കും. ഇങ്ങനെയൊന്നും നാം ശ്രമിക്കുന്നില്ലെങ്കിൽ ഈ രാജ്യത്തു നമ്മുടെ കത്തോലിക്കാ വിദ്യാഭ്യാസം വളരെ പ്രയാസമായിത്തീരും. നാം ധരിച്ചിരിക്കുന്നതുപോലെയും പാശ്ചാത്യരാജ്യങ്ങളിൽ നടക്കുന്നതുപോലെയുമുള്ള കത്തോലിക്കാ വിദ്യാഭ്യാസമാണ് നമ്മുടെ ലക്ഷ്യമെങ്കിൽ ഈ വിധമുള്ള മാർഗ്ഗങ്ങൾ നാം സ്വീകരിക്കണം. അല്ലെങ്കിൽ നമ്മുടെ അധ്യാപകന്മാർക്കും പ്രൊഫസറന്മാർക്കും ശരിയായ ശമ്പളം കൊടുക്കുവാൻ ഫണ്ടുണ്ടാക്കണം. കത്തോലിക്കാ വിദ്യാഭ്യാസം സൗജന്യമായി ലഭിക്കണമെന്ന് ആരും ആഗ്രഹിക്കുന്നില്ലല്ലോ.

അമേരിക്കൻ ഐക്യനാടുകളിലെ 2 കോടി 70 ലക്ഷം കത്തോലിക്കർ അവരുടെ ഇടവകവിദ്യാലയങ്ങൾക്കായി ആണ്ടിൽ 40 കോടി ഡോളറാണ് ചെലവാക്കുന്നതു്. ഇതു സ്റ്റേററിലേക്കു മററുള്ളവരെപ്പോലെതന്നെ നൽകുന്ന നികുതികൾക്കു പുറമെയാണ്.

കത്തോലിക്കാ സർവ്വകലാശാല

നമ്മുടെ കത്തോലിക്കാ വിദ്യാഭ്യാസം ഇവിടത്തെ സാഹചര്യങ്ങളിൽ ശരിയായി നടക്കണമെങ്കിൽ നമുക്കു ഒരു കത്തോലിക്കാ സർവ്വകലാശാലയാണാവശ്യം. അമേരിക്കൻ ഐക്യനാടുകളിലെ വിദ്യാഭ്യാസരീതി കത്തോലിക്കാ ആദർശങ്ങൾക്കു വിരുദ്ധമാണെന്നു കണ്ടതിനാൽ അവിടത്തെ കത്തോലിക്കർ സ്വന്തപണം ചെലവാക്കി 17 ഒന്നാംക്ലാസ്സ് സർവ്വകലാശാലകളും 200 കോളേജുകളും, 1600 ഹൈസ്കൂളുകളും, അനവധി ഇടവകവിദ്യാലയങ്ങളും നടത്തുന്നു. നമുക്കും വിചാരിച്ചാൽ ഒരു കത്തോലിക്കാ സർവ്വകലാശാലയെങ്കിലും ഭാരതത്തിൽ നടത്തുവാൻ സാധിക്കും. അതിനായുള്ള ശ്രമം കേരളത്തിലെ കത്തോലിക്കർ മുൻകൈയെടുത്തു നടത്തണം. അതല്ലാതെ ഇന്നത്തെ മാതിരിയുള്ള സ്കൂളുകൾക്കായി നാം കൂടുതൽ വ്യയംചെയ്യുന്നതു ബുദ്ധിപൂർവ്വമല്ല. കഴിഞ്ഞകാലങ്ങളിൽ അങ്ങിങ്ങായി ആരംഭിച്ചു വളർന്നുവന്ന നമ്മുടെ വിദ്യാലയങ്ങൾ ഇന്നത്തെ സാഹചര്യങ്ങളിൽ ഒന്നു സംഘടിപ്പിച്ചും ഒരു പ്ലാൻ സന്ദർഭിച്ചും പ്രവർത്തനം തുടരുവാൻ ശ്രമിച്ചില്ലെങ്കിൽ നാം ചെലവാക്കുന്ന പണത്തിന്റെ ശരിയായ ഫലം നമുക്കു സിദ്ധിക്കയില്ല. നമ്മുടെ ലക്ഷ്യപ്രാപ്തിയുമുണ്ടാകയില്ല.


Thanksgiving



For Favours received

P. Parayial.


കുടിയേററപ്പാർപ്പ്

നമ്മെ അഭിമുഖീകരിക്കുന്ന മറെറാരു പ്രശ്നം സാമ്പത്തികമാണ്. നമ്മിൽ അധികവും കർഷകരാണ്. ഈ സംസ്ഥാനത്തെപ്പോലെ ജനനിബിഡമായ രാജ്യം മറെറാന്നുമില്ല. അതിനാൽ കൃഷിസ്ഥലങ്ങൾ ആവശ്യത്തിനു തീരെ മതിയാകാതെ വന്നിരിക്കുന്നു. അതിനുള്ള പരിഹാരമാർഗ്ഗം ഉള്ള ഭൂമി വിഭജിച്ച് എല്ലാവരേയും ഒന്നുപോലെ ദരിദ്രരാക്കുകയല്ല .......................... കൃഷിക്കുപയുക്തമായ ഭൂമി ഇതരസംസ്ഥാനങ്ങളിൽ ധാരാളമുണ്ടു്. അവിടെ കുടിയേററിപ്പാർക്കുവാൻ നാം പ്രോത്സാഹനം നല്കണം. പൊതുവായ ഒരു സഹായവും സഹകരണവും കൂടാതെതന്നെ അനേകായിരം പേർ മലബാറിൽ കുടിയേററിപ്പാർത്തുകഴിഞ്ഞു. ആ സ്ഥിതിക്കു നമ്മുടെ പൊതുവായ ഒരു പ്രോത്സാഹനംകൂടി ഉണ്ടെങ്കിൽ ഇതരസംസ്ഥാനങ്ങളിൽ കൃഷിക്കുപയുക്തമായ ഭൂമികൾ വാങ്ങി കോളനികൾ സ്ഥാപിക്കാവുന്നതാണ്. ഈ കാര്യത്തിൽ കർമ്മകുശലനും ഭാഗ്യസ്മരണാർഹനുമായ കാലംചെയ്ത ചൂളപ്പറമ്പിൽ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു നമുക്കു മാർഗ്ഗദർശിത്വം നല്കിയിട്ടുണ്ടു്. കത്തോലിക്കാകേന്ദ്രങ്ങളെ വ്യാപിപ്പിക്കുന്നതിനു വളരെ സഹായകമായ ഒന്നായിരിക്കും ഈ പദ്ധതി. ഇതിന്റെ ദൂരവ്യാപകമായ ഫലങ്ങൾ എല്ലാം ഞാൻ വിവരിക്കുവാൻ ഉദ്ദേശിക്കുന്നില്ല. ഇതു നിങ്ങളുടെ ശ്രദ്ധയ്ക്കു ഞാൻ ശക്തിയായി വിഷയീഭവിപ്പിച്ചുകൊള്ളുന്നു. നമ്മുടെ ഓരോ രൂപതയ്ക്കും ഇതുപോലെ ഓരോ അന്യസംസ്ഥാനത്തും പല കോളനികൾ സ്ഥാപിക്കുവാൻ കഴിയും. പുതിയ കോളേജുകൾക്കും സ്കൂളുകൾക്കുമായി നാം വ്യയംചെയ്യുന്ന പണം മേലാൽ ഈവിധമുള്ള പ്രവർത്തനങ്ങൾക്കായിരുന്നാൽ കൊള്ളാമെന്നുള്ളതാണ് എന്റെ ബലമായ അഭിപ്രായവും വിനീതമായ അഭ്യർത്ഥനയും. അതിന്റെ അനന്തരഫലം എന്തായിരിക്കുമെന്നു നിങ്ങളിൽ പലർക്കും ഊഹിക്കാവുന്നതാണ്. ജനനിബിഡമായ ഈ രാജ്യത്തു കിടന്നു അതിരുതർക്കത്തിലും സമരികേസിലും

"ഒരു കോലളവുഴി കിട്ടുവാനായി
പ്പുരുരക്തക്കടലായിരം ചമച്ചും"

കഴിയുന്നതിനുപകരം നമുക്കെങ്കിലും നമ്മുടെ മൺവെട്ടിയും നമ്മുടെ ആതുരാലയങ്ങളും നമ്മുടെ വിദ്യാലയങ്ങളുമായി വിസ്തൃതമായ ഭാരതഭൂമിയുടെ മററു ഭാഗങ്ങളിലേക്കു തിരിയാം... ...

കത്തോലിക്കാ ചൈതന്യം

പ്രസിദ്ധീകരണങ്ങൾ

എന്നാൽ ഈവിധസംരംഭങ്ങൾക്കെല്ലാം പ്രചോദനം ലഭിക്കേണ്ടതു നമ്മുടെ കത്തോലിക്കാ ജീവിതത്തിന്റെ ചൈതന്യത്തിൽനിന്നാണ്. അതിനാൽ ന



FIXED DEPOSITS
2 years 4½%
6 months & above 4%
The Bank of Cochin Ltd.
ERNAKULAM
*Branches:*
CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND


മ്മുടെ ജീവിതം പൂർണ്ണമായും കത്തോലിക്കമാക്കുവാൻ ശ്രമിക്കണം. എല്ലാ തുറകളിലും കത്തോലിക്കാദർശത്തിന്റെ ഛായ പതിക്കുവാൻ ശ്രമിക്കണം. അതിലേക്കു ഭക്തസംഘങ്ങളുടെ പ്രചാരം വലിയ സഹായമാണ്. കത്തോലിക്കാ പത്രങ്ങളും മാസികകളും അതിനു ഒഴിച്ചുകൂടുവാൻ പാടില്ലാത്തവയാണ്. നമ്മുടെ ഇടയിൽ കത്തോലിക്കാപത്രങ്ങൾക്കു വേണ്ടത്ര പ്രചാരമില്ല. അനവധി കത്തോലിക്കാഭവനങ്ങളിലും അകത്തോലിക്കാപത്രങ്ങളാണ് വായിക്കുന്നതു്. ഇതിന്റെ ദുഷ്യഫലങ്ങൾ അടുത്ത തലമുറയിലായിരിക്കും പ്രത്യക്ഷപ്പെടുന്നതു്. കത്തോലിക്കാപത്രങ്ങളും മാസികകളും മററു പ്രസിദ്ധീകരണങ്ങളും ഇന്നു സുലഭമാണ്. അവയില്ലാത്ത ഭവനം ഒരു കത്തോലിക്കാഭവനമല്ലതന്നെ. ആ കാര്യത്തിൽ നാം കൂടുതൽ ശ്രദ്ധപതിക്കേണ്ടിയിരിക്കുന്നു. നമ്മിൽ പലർക്കും നമ്മുടെ മതത്തിന്റെ ആചാരങ്ങൾ, തത്വങ്ങൾ, അവയുടെ അർത്ഥം എന്നുവേണ്ട ഇതരരാജ്യങ്ങളിലെ കത്തോലിക്കരുടെ പ്രവർത്തനങ്ങൾ എന്നിവയൊന്നും നന്നായി അറിയാത്തതിനാൽ നമ്മുടെ കത്തോലിക്കാജീവിതം ഇവിടെ പരിപുഷ്ടമായിട്ടില്ല. നമ്മുടെ പട്ടണങ്ങളിൽ വസിക്കുന്ന കത്തോലിക്കാവിദ്യാർത്ഥികളും തൊഴിലാളികളും സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് ആശയങ്ങളുമായി പരിചയപ്പെടുന്നതു് പ്രധാനമായി പത്രങ്ങളും ലഘുലേഖകളുംവഴിയാണ്. അവരുടെ ഇടയിൽ കത്തോലിക്കാപത്രങ്ങളും ലഘുലേഖകളും പ്രചരിപ്പിക്കുവാനുംമററും നാം ധാരാളമായി പണം ചെലവഴിക്കയും ഉത്സാഹിക്കയുംവേണം. കമ്മ്യൂണിസത്തിന്റെ പ്രചരണത്തെ നമ്മുടെ നാട്ടിൽ തടയണമെന്നു നമ്മിൽ പലർക്കും നമ്മുടെ ഗവമ്മെണ്ടുകൾക്കും ആഗ്രഹമുണ്ടു്. എന്നാൽ അതു സാധിക്കുന്നതിനുള്ള ശരിയായ മാർഗ്ഗങ്ങൾ ആരും സ്വീകരിച്ചുകാണുന്നില്ല. കമ്മ്യൂണിസ്റ്റ് സാഹിത്യങ്ങളും സിനിമാ മുതലായവയും നിർബാധം ഇവിടെ പ്രചരിക്കുന്നുണ്ടു്. അവ അനുവദിച്ചുകൊണ്ടു് കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിക്കുന്നതു ചെടിയുടെ ചുവട്ടിൽ വെള്ളവും വളവും കൊടുത്തുകൊണ്ടു് ശിഖരങ്ങൾ മുറിച്ചുകളയുന്നതുപോലെയാണ്....

ലോകവിപത്തിനു പരിഹാരം

ഫാത്തിമാസന്ദേശം

ഇങ്ങനെ നാനാവിധത്തിലും നാം പരിശ്രമിച്ചാൽമാത്രമേ നമ്മുടെ ജീവിതസൗകര്യങ്ങൾ ഇന്നത്തെ വിഷമസന്ധിയിൽ നമുക്കു ശരിയായി ലഭ്യമാകയുള്ളു. കമ്മ്യൂണിസം ഇന്ത്യയുടെ വാതിലിൽ മുട്ടിത്തുടങ്ങിയിട്ടുണ്ടു്. ഇന്ത്യയെപ്പോലുള്ള ഒരു നിർദ്ധനരാജ്യത്തു കമ്മ്യൂണിസത്തിനു പ്രചാരം നിഷ്പ്രയാസമാണ്. ഭക്ഷണവും വസ്ത്രവുമില്ലാതെ നാം വിഷമിക്കയാണ്. ഒരു ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടിട്ടില്ലെങ്കിലും അതിന്റെ ദുരിതങ്ങളിൽ അധികവും മനുഷ്യഗണം അനുഭവിക്കുന്നുണ്ടു്. ഇങ്ങനെയുള്ള ഒരു കാലയളവിലാണ് നാം ജീവിക്കുന്നതു്. മനുഷ്യകുലത്തിനു നേരിട്ടിരിക്കുന്ന ഈ വിപത്തുകൾക്കു പ്രാർത്ഥന, പ്രായശ്ചിത്തം, ശുദ്ധത എന്നീ പുണ്യത്രയങ്ങളാലാണ് പരിഹാരമുണ്ടാകേണ്ടതെന്നു ഫാത്തിമായിലെ മൂന്നു കുട്ടികൾവഴി മനുഷ്യരെ ഉപദേശിച്ച ആ ദിവ്യജനനി, ഫാത്തിമായിൽ ആദ്യമായി പ്രത്യക്ഷപ്പെട്ട ദിവസമായ മേയ 13-ാംനു ഈ ഫാത്തിമാനഗറിൽ സമ്മേളിച്ചിരിക്കുന്ന അവിടുത്തെ മക്കളുടെമേൽ ദൈവത്തിന്റെ അനുഗ്രഹങ്ങൾ ധാരാളമായി വർഷിക്കട്ടെ...



ആലുവാ "ഫാത്തിമാനഗർ" പ്രവേശനദ്വാരം


# ധാതുക്ഷയലക്ഷണങ്ങൾ

## (ക്ഷയാരംഭലക്ഷണങ്ങൾ)

| | | |
|---|---|---|
| ശോധനക്കുറവു് | കിതപ്പു് | നെഞ്ചു് പള്ള വേദന |
| വയറുവീക്കൽ | ഏങ്ങൽ | മലം നേർമ്മയായി പോക |
| അധികവിയർപ്പു് | കഴുത്തു കഴപ്പു് | ഇടക്കിടെ നീർവീഴ്ച |
| വിളർപ്പു് | ദുസ്വപ്നങ്ങൾ | |
| ഇടക്കുചുമ | മൂത്രാധിക്യം | ദേഹം മെലിയുക |
| വയറുകത്താളിച്ച | നേരിയ പനി | നെഞ്ചു എരിച്ചൽ |
| പുളിച്ചു തികട്ടുക | ദാഹം | വേഗം കോപം വരിക |
| മൂലക്കുരു | ശ്വാസ്ട്രബ്ൾ | കീഴ് വായു തടസ്ഥം |
| ഉറക്കക്കുറവു് | മൂത്രം ചൂടും ചുവപ്പും | തൊണ്ടയിൽ കഫം തടയുക |
| ദീപനക്ഷയം | അസ്ഥിസ്രാവം | കഠിനമായി മലം വരളുക |
| ഒച്ചയടപ്പു് | നെഞ്ചിടിപ്പു് | (ഹൃദയസ്പന്ദനം വർദ്ധിക്കുക) |

ഈ ലക്ഷണങ്ങൾ ഓരോന്നിനെയും മാത്രമല്ലാ "ക്ഷയരോഗ"ത്തേയും പഴക്കമേറിയ വയറുവേദന, രക്തവാതം, രക്തപിത്തം, പ്രമേഹം, രക്തദൂഷ്യം, വരട്ടുചൊറി, തലവേദന, നീരിറക്കം തുടങ്ങിയ മററു പല രോഗങ്ങളേയുംകൂടി സുഖപ്പെടുത്തുവാൻ ദ്രാക്ഷാഫല വൃതംകൊണ്ടു് സാദ്ധ്യമാണെന്നു് അനേകം അനുഭവസാക്ഷ്യങ്ങളിൽനിന്നു് ഇതുപ്പോൾ വ്യക്തമായി കഴിഞ്ഞിട്ടുണ്ടു്.

സേവിപ്പാൻ ദുസ്വാദില്ലാത്തതും വായുവിന്റെയും രക്തത്തിന്റെയും അമിതഗതിയെ നിയന്ത്രിക്കുന്നതും ശോധനയെ ക്രമമായി ഉണ്ടാക്കുന്നതും.

ഗർഭിണികൾ, ശിശുക്കൾ, യുവാക്കന്മാർ, വൃദ്ധന്മാർ, സന്നിപാതജ്വരം, മലമ്പനി തുടങ്ങിയ രോഗങ്ങൾകൊണ്ടു ദേഹം ക്ഷീണിച്ചിട്ടുള്ളവർ, ശരീരംകൊണ്ടും മനസ്സുകൊണ്ടും വിശ്രമംകൂടാതെ അദ്ധ്വാനിക്കുന്നവർ, പതിവായി ഉറക്കമൊഴിക്കുന്നവർ, ശരീരത്തിൽ രൂക്ഷത വർദ്ധിച്ചിട്ടുള്ളവർ, പ്രസവാനന്തരം ദിനംപ്രതി ദേഹം ക്ഷീണിച്ചുകൊണ്ടിരിക്കുന്നവർ, ഇപ്രകാരമുള്ളവർക്കെല്ലാം ആരോഗ്യസംരക്ഷണാർത്ഥം നിയമേന ശീലിക്കുവാൻ ഉത്തമമായിട്ടുള്ളതും ആകുന്നു.

# "ദ്രാക്ഷാഫല വൃതം"

25 ക. തൂക്കം (അര അരക്കാൽ റാത്തൽ) കുപ്പി 1ക്കു് 4 ക. 8 ണ. വിലക്കു എല്ലാ സ്റ്റോക്കിസ്റ്റുമാരിൽനിന്നും കിട്ടുന്നതാണ്.

പോസ്റ്റൽമാർഗ്ഗം അയക്കുന്നതിനുവേണ്ടിവരുന്ന 1 ക. യുടെ സ്റ്റാമ്പു് ചിലവു ഉൾപ്പടെ 5 ക. 8 ണ. മുൻകൂർ അയച്ചുതരുന്നവർക്കു രജിസ്റ്റേഡ് പാർസലായി അയച്ചുകൊടുക്കുന്നതാണ്.

Prop: കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ,

കാളൻ ആയുർവ്വേദിക്ക് ഫാർമ്മസി (റെയിൽവേസ്റ്റേഷനു സമീപം), നെല്ലായി P. O.


ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

പി. സി. പോൾ

പുറഞ്ചേരിൽ, തൈക്കാട്ടുശ്ശേരി

## അനുകരണീയമായ ഒരു വാക്കൗട്ട്

കാനഡായിലെ ജനപ്രതിനിധിസഭയിൽ ഒരു വിവാഹമോചനബില്ല് ചർച്ചചെയ്യപ്പെട്ടതിനെത്തുടർന്നു് സഭയിലെ ഒരു കത്തോലിക്കാമെമ്പർ പ്രതിഷേധസൂചകമായി വാക്കൗട്ടുനടത്തിയിരിക്കുന്നു. ഡബ്ളിയു. ജെ. ബ്രൗൺ എന്നാണ് അദ്ദേഹത്തിന്റെ പേരു്. "ഇത്തരമൊരു ബില്ലിൽ കൈകാര്യം ചെയ്യുവാൻ എന്റെ മതം എന്നെ അനുവദിക്കുന്നില്ല" എന്നാണദ്ദേഹം തന്റെ പ്രതിഷേധത്തിനു കാരണമായി പ്രസ്താവിച്ചതു്. ഏതാദൃശബില്ലുകളുടെ നീതിരാഹിത്യവും അവയോടുള്ള തന്റെ ധർമ്മരോഷവും അദ്ദേഹം നേരത്തേയും പ്രകടിപ്പിച്ചിട്ടുള്ളതാണ്. മി. ബ്രൗൺ ന്യൂഫൗണ്ട്ലൻഡിലെ ഒരു മന്ത്രിസഭാംഗവും ഒരു ഡിസ്ട്രിക്ട് ജസ്റ്റിയും ആയിരുന്നിട്ടുണ്ടു്.

# അദ്ധ്യാപകൻ

## മാതൃകായോഗ്യനായിരിക്കണം

അ. കേ. ക. കോൺഗ്രസ് വിദ്യാഭ്യാസസമ്മേളനത്തിൽ
അദ്ധ്യക്ഷൻ ഷെവ. ജി. എ. പയസ് എം. എ. ബി. എൽ.

... പ്രാഥമികം, സെക്കൻഡറി, സാങ്കേതികം, കലാലയസംബന്ധം, തൊഴിൽപരം, വയോജനവിദ്യാഭ്യാസം—എന്നിങ്ങനെ വിദ്യാഭ്യാസം അതിൻ്റെ നാനാവശങ്ങളിൽക്കൂടിയും നമ്മുടെ അവഗാഢമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ട്. നമ്മുടെ വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ അറിവിൽ പെടാത്തതെല്ലാം അവർക്കു മനസ്സിലാക്കിക്കൊടുക്കുകമാത്രമല്ല വിദ്യാഭ്യാസംകൊണ്ടുദ്ദേശിക്കുന്നതു്, പ്രത്യുത അവർ എങ്ങനെയാണ് പെരു



മാറേണ്ടതെന്നു് അവരെ പഠിപ്പിക്കുകയാണ്. പരസ്പരം മനസ്സിലാക്കുകയും ബഹുമാനിക്കുകയും ചെയ്യുകയെന്നതു് ജീവിതത്തിലെ മഹത്തായ ഒരു കാര്യമത്രെ. ... ... ആദ്ധ്യാത്മികമൂല്യങ്ങളെ ബഹുമാനിക്കുവാൻ കഴിവുള്ള ക്രമീകൃതമായ മനസ്ഥിതിയെ കൈവളർത്തുവാൻ പര്യാപ്തമാംവിധം വിദ്യാഭ്യാസം നമ്മെ നയിക്കണം. ലോകത്തിൻ്റെ ദുഷിച്ച മന്ത്രണങ്ങൾക്കിടയിൽ നാം നമ്മുടെ ആദ്ധ്യാത്മികമാന്ത്രികൻ്റെ നാഡിയടി ശരിക്കറിയുകയും വേണം.

വിദ്യാസമ്പന്നമായ ഒരു സമുദായത്തിൽ തീർച്ചയായും മറ്റേതൊരു തൊഴിലിനെയുംകാൾ ബഹുമാനാർഹമായ ഒന്നത്രെ അദ്ധ്യാപകവൃത്തി. അദ്ധ്യാപകൻ എന്നും ബഹുമാനിതനായിരുന്നു; എന്നാൽ ഇന്നാകട്ടെ ആ നിലയ്ക്കൊരു വ്യത്യാസം ഭവിച്ചിരിക്കുന്നു. ഇന്നയാൾ പൊതുജനങ്ങളുടെ ഒരു കൂലിവേലക്കാരനാണ്. തൊഴിലിൻ്റെമാഹാത്മ്യംകൊണ്ടല്ല, പ്രത്യുത അദ്ധ്യാപകനു ലഭിക്കുന്ന ശമ്പളത്തിൻ്റെ മാനദണ്ഡം വച്ചുകൊണ്ടാണ് അവർ അയാളുടെ നിലയെ വിധിക്കുന്നതു്. അതിനാൽ മുമ്പുണ്ടായിരുന്ന ബഹുമാന്യമായ അവസ്ഥയിലേക്കു് അദ്ധ്യാപകവൃത്തിയെ ഉയർത്തേണ്ടിയിരിക്കുന്നു. വെറും സാങ്കേതികപരിജ്ഞാനവും പ്രാപ്തിയും മാത്രമല്ല അദ്ധ്യാപകവൃത്തി ആവശ്യപ്പെടുന്നതു്, പ്രത്യുത, സംസ്കാരപരിത്തതയും വിശാലവീക്ഷണവും. ഉൽകൃഷ്ടമായ ആദർശങ്ങളുമാണ്. അദ്ധ്യാപകൻ്റെ അറിവിനെക്കാൾ കൂടുതലായി അയാളുടെ സ്വഭാവവും വ്യക്തിത്വവുമാണ് അദ്ധ്യാപകവൃത്തിയുടെ വിജയാടിസ്ഥാനം. പുസ്തകം അദ്ധ്യയനത്തിനേ ഉപകരിക്കൂ. വ്യക്തിത്വമാകട്ടെ വിദ്യാഭ്യാസം പ്രദാനംചെയ്യുന്നു. സ്കൂൾജീവിതമോ കലാലയജീവിതമോ അവസാനിക്കുന്നതുകൊണ്ടു് വിദ്യാഭ്യാസം നിലയ്ക്കുന്നില്ല. അതു ജീവിതം മുഴുവൻ തുടർന്നുകൊണ്ടേയിരിക്കുന്നു. പരീക്ഷ പാസ്സാകുന്നതോടൊപ്പം, തങ്ങളുടെ തൊഴിൽ ആവശ്യപ്പെടുന്നതനുസരിച്ച് അദ്ധ്യാപകർ ത്യാഗസമ്പന്നരും, നിസ്സ്വാർത്ഥരും, സ്നേഹശീലരും, സഹകരണമനസ്കരുമായിരിക്കേണ്ടതാണ്. ഈദൃശവിശേഷഗുണസൃഷ്ടിക്കായി അവർ തങ്ങൾക്കു ലഭിക്കുന്ന അവസരത്തെ യഥായോഗ്യം ഉപയോഗിച്ചുകൊണ്ടു് സഹാദ്ധ്യാപകരും സഹപാഠികളുമായി എപ്പോഴും സമ്പർക്കം പുലർത്തേണ്ടതാണ്. നമ്മുടെ മിക്ക സ്കൂളുകളിലെയും കത്തോലിക്കരായ അദ്ധ്യേതാക്കൾ മതപഠനത്തെ അപ്രധാനമായിക്കരുതിക്കൊണ്ടു് അതിനു വെറും രണ്ടാംസ്ഥാനമേ നൽകിക്കാണുന്നുള്ളൂ. ഭൗതികവിദ്യാഭ്യാസത്തോടൊത്തു തങ്ങൾക്കു ലഭിക്കുന്ന ആദ്ധ്യാത്മികവും മതപരവുമായ അഭ്യസനംമൂലമാണ്, വളരെയധികം കായക്ലേശവും, ബുദ്ധിമുട്ടും സഹിച്ചു്, ഒട്ടേറെ പണവും ചെലവാക്കി, നല്ലനിലയിൽ നടത്തിവരുന്ന കത്തോലിക്കാസ്ഥാപനങ്ങൾ നിലനിന്നുപോരുന്നതെന്ന വസ്തുത ഒരിക്കലും മറക്കാവതല്ലെന്നു് അവർ എപ്പോഴും മനസ്സിലാക്കേണ്ടതാണ്.

വിദ്യാഭ്യാസം ഒരുദ്ദേശത്തോടുകൂടിയതായിരിക്കണം. വിദ്യാഭ്യാസസംബന്ധമായി എന്തെങ്കിലും പരിഷ്കാരങ്ങൾ നടപ്പാക്കുമ്പോൾ, അതിൻ്റെ രീതി, വ്യാപ്തി, വേഗത ഇവയെല്ലാം ശരിക്കു മനസ്സിലാക്കേണ്ടതാണ്. സാവകാശത്തിലും കരുതലോടുകൂടിയും, പടിപടിയായുമുള്ള പുരോഗമനമാണ് ഏതൊരു പരിഷ്കാരത്തിലും കരണീയമായിട്ടുള്ള മാർഗ്ഗം. അസാംസ്കൃതസാധനങ്ങൾ പെട്ടെന്നു് സംസ്കൃതസാധനങ്ങളാക്കിത്തീർക്കുന്നതുപോലെ വിദ്യാഭ്യാസത്തെ കരുതുന്നതു തെറ്റാണ്. കാരണം അതു ജീവിതം മുഴുവനും തുടർന്നുകൊണ്ടേയിരിക്കുന്നു. ഒരു സ്ഥാപനത്തിൻ്റെ ഔന്നത്യം സ്ഥിതിചെയ്യുന്നതു് അതിൻ്റെ ആദർശനിഷ്ഠയിലും, പാരമ്പര്യത്തിലുമാണ്. വിദ്യാലയം എപ്പോഴും അറിവിൻ്റെയും അഭ്യസനത്തിൻ്റെയും ശ്രീകോവിലായിരിക്കും. പുസ്തകദ്വാരാ അറിവുപകരുന്നതിനുള്ള ഒരു കേന്ദ്രമെന്നതിനു പുറമേ, വിദ്യാർത്ഥികളിൽ സൽസ്വഭാവവും ശിക്ഷണബോധവും പ്രസരിപ്പിക്കുന്നതിനുള്ള ഒരു ശക്തികേന്ദ്രംകൂടിയാണ് വിദ്യാലയം. ഈദൃശഗുണവിശേഷങ്ങൾ കൈവളർത്തുവാൻ അപര്യാപ്തമായ വിദ്യാഭ്യാസം അതിൻ്റെ ഉദ്ദേശത്തിൽ പരാജയമടയുന്നു. വിദ്യാലയങ്ങളുടെ ദേശീകരണം പ്രസ്താവിതഗുണങ്ങളെ നിഹനിക്കും. കാരണംവ്യക്തിസ്വാതന്ത്ര്യത്തെയും മൗലികാവകാശത്തെയുംപറ്റിയുള്ള ദുരർത്ഥജല്പനം ക്രമക്കേടിനും ശിക്ഷണരാഹിത്യത്തിനും വഴിതെളിക്കുന്നു. ഇൻഡ്യയിലെ മറ്റേതൊരു സംസ്ഥാനത്തേയുംകാൾ വിദ്യാഭ്യാസവിഷയത്തിൽ തിരു-കൊച്ചി സംസ്ഥാനം വളരെയധികം പുരോഗമിച്ചിട്ടുണ്ടു്. ഇതിനു പ്രധാനകാരണം ക്രിസ്ത്യൻ വിദ്യാഭ്യാസപ്രവർത്തകരുടെ നിസ്സ്വാർത്ഥയത്നമാണെന്നു് പരക്കെ സമ്മതിച്ചിട്ടുള്ള ഒരു വസ്തുതയുമാണ്. വിദ്യാഭ്യാസപുരോഗതിയാകുന്ന ഘടികാരത്തിൻ്റെ സൂചികളെ പുതിയ പദ്ധതി ഒരു ശതാബ്ദക്കാലം പിന്നോക്കം തള്ളിമാറ്റിക്കളയും.

ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള മതസ്വാതന്ത്ര്യത്തേയും വിദ്യാഭ്യാസസ്വാതന്ത്ര്യത്തെയും പരാമർശിക്കുന്ന കാര്യങ്ങളിൽ ഇൻഡ്യാഗവണ്മെൻ്റ് നൽകിയിരിക്കുന്ന ഭരണഘടനാ ഉറപ്പിനു് നാം കൃതജ്ഞരായിരിക്കേണ്ടതാണ്. ഇതു് ക്രൈസ്തവസമുദായത്തിനൊരു സുരക്ഷിതത്വമാണെന്നു മാത്രമല്ല, തങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്നു് അവരിൽ ഒരാത്മവിശ്വാസവും ഉളവാക്കിയിട്ടുണ്ടു്. എന്നാൽ വിഭാഗീയസ്കൂളുകളുടെ സ്വാതന്ത്ര്യത്തിലും സ്വയംഭരണാധികാരത്തിലും സംസ്ഥാനഗവണ്മെൻ്റുകൾ കൈകടത്തുന്നതിനെ ക്രൈസ്തവർ പ്രത്യേകിച്ചും കത്തോലിക്കർ ഉൽക്കണ്ഠയോടെ വീക്ഷിക്കുന്നു. ഈ കൈകടത്തൽ തികച്ചും അന്യായവും ഭരണഘടന ന്യൂനപക്ഷങ്ങൾക്കു വാഗ്ദാനംചെയ്യുന്ന അവകാശങ്ങളുടെ ധ്വംസനവുമാണ്. അതിനാൽ കത്തോലിക്കാവിദ്യാലയങ്ങളുടെ ന്യായമായ അവകാശങ്ങളുടെ സംരക്ഷണത്തിനും, അവയുടെ സ്വാതന്ത്ര്യത്തിനും, സ്വയംഭരണാധികാരത്തിനുംവേണ്ടി വ്യവസ്ഥാപിതമായ എല്ലാ മാർഗ്ഗങ്ങളിൽക്കൂടിയും നമുക്കു പ്രവർത്തിക്കാം .........

ജനങ്ങളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിൽ ക്രൈസ്തവർ പ്രദർശിപ്പിക്കുന്ന വിശ്വസ്തതയും ഉറപ്പും തീക്ഷ്ണതയും നിങ്ങളുടെ സ്ഥാപനങ്ങളെ സജീവമാക്കട്ടെ. ഭൂതകാലമഹത്വം ഭാവിയെ പ്രകാശമാനമാക്കിത്തീർക്കട്ടെ. രാജ്യതന്ത്രജ്ഞനായ "പിററു്" പറഞ്ഞിട്ടുണ്ടു്: "രാഷ്ട്രം പരാക്രമമല്ല, മറിച്ചു് വിവേകമാണു് പ്രദർശിപ്പിക്കേണ്ടതു്" എന്നു്.

---


## സെൻ്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ, അതിരമ്പുഴ

മേയ് 21-ാംനു- മുതൽ ജൂൺ 2-ാംനു-വരെ എല്ലാ ക്ലാസ്സുകളിലും വിദ്യാർത്ഥിനികളെ ചേർക്കുന്നതാണ്.

ബ. കന്യാസ്ത്രീകളുടെ പ്രത്യേക മേൽനോട്ടത്തിൽ നടത്തപ്പെടുന്ന ബോർഡിംഗിൽ പ്രവേശനം വേണ്ട വിദ്യാർത്ഥിനികൾ ഉടൻ അപേക്ഷിക്കേണ്ടതാണ്.

മാനേജർ

## മെഡിക്കൽ സിസ്റ്റേഴ്സ് ഓഫ് സെൻ്റ് ജോസഫ്

സന്യാസജീവിതത്തിൽ പ്രവേശിച്ചു ആതുരശുശ്രൂഷ ചെയ്യുവാൻ ആഗ്രഹിക്കുന്ന സ്കൂൾഫൈനൽ പരീക്ഷ പാസ്സായ കത്തോലിക്കായുവതികൾക്കു നല്ല അവസരം. കൂടുതൽ വിവരങ്ങൾക്കു താഴെ കാണുന്ന വിലാസത്തിൽ എഴുതുക.

സിസ്റ്റർ സുപ്പീരിയർ
ധർമ്മഗിരി, കോതമംഗലം.

## സെൻ്റ് അലോഷ്യസ് ഹൈസ്കൂൾ ബോർഡിങ്ങ് ഹൗസ്

P. O. എൽത്തുരുത്ത് Via തൃശ്ശൂർ

മദ്ധ്യവേനൽ അവധികഴിഞ്ഞു് 1951 ജൂൺ 4-ാംനു- സ്കൂൾ തുറക്കുന്നതാണ്. ബോർഡിങ്ങിൽ ചേർത്തു് കുട്ടികളെ പഠിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ഉടനെതന്നെ അപേക്ഷകൾ അയക്കുവാൻ താല്പര്യപ്പെടുന്നു. ബോർഡിങ്ങ് ഫീസ് ഇക്കൊല്ലം 200 ക. ആയിരിക്കും.

എന്നു്, റെക്ടർ


## വി. വത്സര സമാപ്തി ഒക്ടോബർ 13-ാംനു-

"പോർട്ടുഗലിലെ ലൂർദ്ദു്" എന്നറിയപ്പെടുന്ന ഫാത്തിമായിലെ ദൈവമാതൃസ്വരൂപത്തിൻ്റെ സന്നിധിയിൽവച്ചു് 1951 ഒക്ടോബർ 13-ാംനു- വിശുദ്ധ വത്സരസമാപനചടങ്ങുകൾ നിർവ്വഹിക്കുവാൻ മാർപ്പാപ്പാ തിരുമേനി തീരുമാനിച്ചിരിക്കുന്നുവെന്നു് പോർട്ടുഗീസ് വിദേശകാര്യമന്ത്രി പ്രഖ്യാപനം ചെയ്തിരിക്കുന്നു.

## ഉത്തരീയ ജൂബിലി

ദൈവമാതാവു് വി. സൈമൺസ്റ്റോക്കിനു പ്രത്യക്ഷപ്പെട്ടു് ഉത്തരീയം പ്രദാനംചെയ്തതിൻ്റെ സപ്തമശതാബ്ദം മേയ് 4, 5, 6 എന്നി തിയതികളിൽ തിരുവനന്തപുരത്തുവച്ചു് ആഘോഷമായി കൊണ്ടാടിയിരിക്കുന്നു. 4 ാംനു- രാവിലെ തിരുവല്ലാ മെത്രാൻ മാർ സെവേരിയോസ് തിരുമേനി ആഘോഷമായ പൊന്തിഫിക്കൽ കർബാന അർപ്പിക്കുകയും തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമേനി ഒരു പ്രസംഗം ചെയ്യുകയും ചെയ്തു. തുടർന്നു റവ. ഫാ. ഫ്രാൻസിസ് സെയിൽസ് ഉത്തരീയഭക്തിയെ പുരസ്കരിച്ചു് ഒരു പ്രസംഗം ചെയ്കയുണ്ടായി. 5-ാംനു- ദേവാലയതിരുക്കർമ്മങ്ങളെത്തുടർന്നു് റവ. ഫാ. പീറ്റർ തെക്കേക്കര ഒരു പ്രസംഗം ചെയ്തു. വൈകുന്നേരം പാലാ മെത്രാൻ ഡോക്ടർ വയലിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ മെ. സി. എ. ഷെപ്പേർഡ് എം. എ., കെ. ജെ. സിറിയക് എം. എ. ബി. എൽ. എന്നിവർ ഓരോ പ്രസംഗം ചെയ്തു. 6-ാംനു- പ്രഭാതത്തിൽ തിരുവനന്തപുരം മെത്രാൻ ഡോക്ടർ വിൻസെൻ്റ് ഡെരേരാ തിരുമനസ്സിലെ പൊന്തിഫിക്കൽ ദിവ്യപൂജ, പാലാ മെത്രാൻ തിരുമനസ്സിലെ പ്രസംഗം, ജൂബിലി മെമ്മോറിയൽ ഉൽഘാടനം എന്നിവ നടത്തപ്പെട്ടു. വൈകുന്നേരം പാളയം കത്തീഡ്രലിൽ നിന്നും പാങ്ങോട്ടാശ്രമദേവാലയത്തിലേക്കു് ഭക്തിസംവർദ്ധകമായവിധത്തിൽ ഒരു പ്രദക്ഷിണം നടത്തുകയും തുടർന്നു് ചങ്ങനാശേരി മെത്രാൻ ഡോക്ടർ കാവുകാട്ടു തിരുമേനി ഒരു പ്രസംഗം ചെയ്കയും ചെയ്തു.

## ഷെവ. സി. ജെ. വക്കി

മൈസൂർ സർവ്വകലാശാലയുടെ കീഴിലുള്ള 4 എൻജിനീയറിംഗ് കോളെജുകൾ പരിശോധിച്ചു റിപ്പോർട്ടുചെയ്യുന്നതിനു് ഗവണ്മെൻ്റംഗീകാരത്തോടുകൂടി സർവ്വകലാശാലയിൽനിന്നും നിയോഗിച്ചിട്ടുള്ള മൂന്നംഗകമ്മീഷൻ്റെ ചെയർമനായി ഷെവലിയർ സി. ജെ. വക്കി അവർകൾ നിയമിതനായിരിക്കുന്നു. കൂടാതെ, മൈസൂർ സർവ്വകലാശാലയുടെ കീഴിലുള്ള 25 ആർട്ടു് ആൻഡ് സയൻസ് കോളെജുകൾ പരിശോധിച്ചു റിപ്പോർട്ടുചെയ്യുന്നതിനുള്ള ഇൻസ്പെക്ഷൻ കമ്മീഷനിലെ 5 അംഗങ്ങളിൽ ഒരാളും ശ്രീ വക്കി തന്നെയാണ്.

## ഫാ. അഗസ്റ്റിൻ വടക്കേക്കൂറി നിര്യാതനായി

പള്ളുരുത്തിപ്പള്ളി വികാരി റവ. ഫാ. അഗസ്റ്റിൻ വടക്കേക്കൂറി മേയ് 12-ാംനു- പ്രഭാതത്തിൽ 68-ാമത്തെ വയസ്സിൽ നിര്യാതനായി. ശവസംസ്കാരകർമ്മം അന്നുതന്നെ വൈകുന്നേരം എറണാകുളം, വികാരിജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമുഴി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും റൈററ്. റവ. മോൺ. ജോർജ്ജ് വലിയറമ്പത്തു്, കൊച്ചി അഡ്മിനിസ്ട്രേറ്റർ വെരി റവ. മോൺ. ഫിഗരേദോ തുടങ്ങി നാല്പതിൽപ്പരം വൈദികരുടെ സഹകരണത്തിലും നിർവ്വഹിക്കപ്പെട്ടു. റവ. ഡോ. ജോസഫ് പയ്യനങ്ങൽ ചരമപ്രഭാഷണം നടത്തി. പരേതനായ വൈദികൻ മലയാറ്റൂർ, അകപ്പറമ്പു്, കൊരട്ടി, കോക്കമംഗലം മുതലായ ഇടവകകളിൽ ഭരണം നടത്തിയിട്ടുണ്ടു്.

R. I. P.

ചെറുകഥ

# യാചകൻ

(പി. റ്റി. ജോൺ. പാറമ്പുഴ)

വഴിവക്കിൽ പടർന്നു വിരിഞ്ഞുനില്ക്കുന്ന വലിയ മാവിന്റെ ചുവട്ടിൽ അവൻ അഭയംതേടി. എല്ലാദിവസവും പകലത്തെ അലച്ചിലിനുശേഷം അവൻ അല്പമൊന്നു കണ്ണടയ്ക്കുന്നതു് ആ മാവിൻചുവട്ടിലാണു്.

അങ്ങു് അകലെ അലറിപ്പായുന്ന തീവണ്ടികളുടെ നീണ്ട ചൂളംവിളികൾ ആ പാതിരാവിന്റെ നിശ്ശബ്ദതയെ ഇടയ്ക്കിടെ ഭഞ്ജിച്ചുകൊണ്ടിരുന്നു. പട്ടണത്തിലെ തിക്കുംതിരക്കും മിക്കവാറും ശാന്തമായി.

ആ പിച്ചക്കാരൻ ഉറക്കത്തെ പ്രതിക്ഷിച്ചു് മാവിൻചുവട്ടിൽ കഴിഞ്ഞുകൂടുകയാണു്. ഒരു തണുത്ത കാററു് മന്ദാമന്ദം ചെറുലതകളെ തഴുകിക്കൊണ്ടു കടന്നുപോയി. കീറിപ്പറിഞ്ഞ അവന്റെ ഉടുവസ്ത്രങ്ങൾ ദുസ്സഹമായ തണുപ്പിനെ പ്രതിരോധിക്കുന്നതിനു് കേവലം അശക്തങ്ങളായി ഭവിച്ചു. നാകവും ലോകവും പരസ്പരം ചുംബിക്കുന്ന ആ വിദൂരമായ ചക്രവാളത്തിൽ പ്രോജ്വലിക്കുന്ന കൊച്ചുതാരങ്ങൾ തങ്ങളുടെ കനകരശ്മികൾ നീട്ടി ആ തകർന്ന ഹൃദയത്തെ തലോടി. ആ വൻവൃക്ഷംപോലും അവന്റെ അധഃസ്ഥിതിയിൽ അനുകമ്പതോന്നി ബാഷ്പകണങ്ങൾ പൊഴിച്ചു.

അവനു മണിമേടകളും പട്ടുവിരിപ്പുകളും ഇല്ല. വെറും തറയിൽ സംതൃപ്തിയോടുകൂടി കിടന്നുറങ്ങുവാൻ അവനു കഴിയും. ചെറുപ്പത്തിൽ അവൻ അക്ഷരങ്ങൾ പഠിച്ചിരുന്നകാലത്തു് താമസിക്കുവാൻ ഒരു കൊച്ചു വീടുണ്ടായിരുന്നു; ആഹാരം നല്കുവാൻ വാത്സല്യനിധിയായ ഒരു മാതാവുമുണ്ടായിരുന്നു. എന്നാൽ തന്റെ അരുമസുതനെ ലോകരംഗത്തു് ഏകനായി വിട്ടുപേക്ഷിച്ചു് ആ മാതാവു് പരലോകം പൂകിയിട്ടു് വർഷങ്ങൾ പലതുകഴിഞ്ഞു. വിഷാദാത്മകങ്ങളായ ആ കഥകൾ ഓർത്തോർത്തു് പലപ്പോഴും അവൻ കണ്ണീരൊഴുകുന്നതുവരെ സങ്കടപ്പെടാറുണ്ടു്. ലോകത്തിൽ ആർക്കും വേണ്ടാതെ, മററുള്ളവരാൽ കേവലം ചവിട്ടിത്തേക്കപ്പെടുവാൻമാത്രം അർഹമായിത്തീർന്ന ഒരു ജീവിതപരിണാമചരിത്രമാണു് അവന്റെ പിന്നിലുള്ളതു്. ദിവസവും തീവണ്ടിയാപ്പീസിൽ വന്നുകൂടുന്ന ജനതതിയുടെ മുന്നിൽക്കൂടി ആ ജീവിതം അങ്ങോട്ടുമിങ്ങോട്ടും നീങ്ങുകയാണു്, ഭിക്ഷകിട്ടുവാൻവേണ്ടി. ചിലർ അവനെ നിഷ്കരുണം ആട്ടിപ്പായിക്കും; മററുചിലർ അവനിൽ കരുണതോന്നി ചെറുനാണ്യങ്ങൾ ഇട്ടുകൊടുക്കും. അങ്ങനെ കരുണയും കഠിനതയും തിങ്ങിയ ചുററുപാടുകളിൽ അവൻ ജീവിച്ചുപോരുകയാണു്. മിക്കവാറും മെലിഞ്ഞു് അസ്ഥിമാത്രശേഷനായിത്തീർന്ന തനിക്കു് ജീവിതാശ ഉണ്ടായിരുന്നിട്ടല്ല; മരിക്കാത്തതുകൊണ്ടുമാത്രം അങ്ങനെ ജീവിതം പേറുകയാണു്.

നാളത്തെ കാര്യത്തെപ്പററി അവൻ ചിന്തിക്കാറില്ല. നീലവാനിൽക്കൂടി സഞ്ചരണം പാടിപ്പറക്കുന്ന വിഹംഗങ്ങളെ നിത്യവും തീററി തൃപ്തിയാക്കുന്ന ആ ദിവ്യതൃക്കരങ്ങളുടെ പരമമായ പരിപാലനയിൽ അവൻ വിശ്വസിക്കുന്നു. അവന്റെ അമ്മയുടെ നിര്യാണാനന്തരം, വയറുനിറയെ സുഖമായി ഭക്ഷണം കഴിച്ചിട്ടുള്ള ഒരു ദിനത്തെപ്പററിയും അവൻ ഓർമ്മിക്കുന്നില്ല. ഈ ദുസ്ഥിതിയെപ്പററി അവൻ ആരോടും പരിഭവിക്കാറില്ല; പരിഭവിച്ചാൽ കേൾക്കാൻ ആരുമുണ്ടായിരുന്നതുമില്ല.

അവൻ ആ തറയിൽ മറിഞ്ഞും തിരിഞ്ഞും കിടന്നു. നിദ്ര അവനെ അല്പംപോലും കടാക്ഷിച്ചില്ല. വിശപ്പു് ആളിക്കത്തി. അവൻ പിടഞ്ഞെണീററു. അവന്റെ മനസ്സു് എന്തൊക്കെയോ പുതിയ തീരുമാനങ്ങൾ കൈക്കൊണ്ടു.

അതാ അങ്ങു വിദൂരത്തിൽ ഒരു വന്മാളിക ഉയർന്നുനില്ക്കുന്നു. അവന്റെ കാലുകൾ അവനെ വഹിച്ചുകൊണ്ടു് അങ്ങോട്ടു നീങ്ങുകയായി.

അതു് ഒരു മെത്രാന്റെ അരമനയാണു്. അവൻ അതിന്റെ പ്രധാനപടിവാതില്ക്കൽ എത്തി; നാലുപാടും നോക്കി. യാതൊരു മനുഷ്യജീവിയും അവിടെയെങ്ങും ഉണ്ടായിരുന്നില്ല. ധൈര്യം അവലംബിച്ചു് അവൻ അകത്തേക്കു കയറി. ഭയവും ഉത്കണ്ഠയും അവന്റെ ഉള്ളിൽ തിരതല്ലി.

അവിടെ, കൈകൾ വിരിച്ചുപിടിച്ചുകൊണ്ടു് ക്രിസ്തുനാഥന്റെ ഒരു പ്രതിമ നില്ക്കുന്നുണ്ടായിരുന്നു. അതിനുതാഴെ, ഒരു വാക്യം എഴുതപ്പെട്ടിരുന്നതു് ആ പിച്ചക്കാരന്റെ ദൃഷ്ടികൾക്കു വിഷയിഭവിച്ചു. ആ തിരുസ്വരൂപത്തിനുമുന്നിൽ ആരോ കത്തിച്ചുനിർത്തിയിരുന്നതും, ഉരുകി അവസാനിക്കാറായിരുന്നതുമായ ഒരു മെഴുകുതിരിയുടെ വെളിച്ചത്തിൽ അവൻ ആ വാക്യം മുഴുവൻ വായിച്ചു.

"അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരും എന്റെ അടുക്കൽ വരുവിൻ. ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം." അവൻ അതെപ്പററി വളരെയേറെ ചിന്തിച്ചു. അവൻ അദ്ധ്വാനിക്കുന്നവനാണു്; ദാരിദ്ര്യത്തിന്റെ ദുർവഹമായ ഭാരം വഹിക്കുന്നവനുമാണു്. ക്രിസ്തുനാഥൻ അവനെയും ആശ്വസിപ്പിക്കുമെന്നുള്ള ഒരു ആശയുടെ നേരിയ സ്ഫുലിംഗം അവന്റെ തമോമയമായ ഹൃദയവേദിയിൽ പ്രകാശം വിരിച്ചു.

അല്പമേ ജീവിച്ചുള്ളുവെങ്കിലും കർത്താവിന്റെ ദിവ്യസന്നിധാനത്തിൽ അവസാനംവരെ കത്തിയെരിയുകയും അതിന്റെ അല്പമായ വെളിച്ചത്തിൽ തന്നെ ക്രിസ്തുവിന്റെ ദിവ്യോക്തികളിലേക്കു് ആകർഷിക്കുകയും ചെയ്ത ആ കൊച്ചുമെഴുകുതിരിയുടെ ജീവിതം തന്റേതിനെക്കാൾ എത്രയോ മഹത്തരമെന്നു് അവൻ ചിന്തിച്ചു. അവൻ തന്റെ ജീവിതത്തെ ഓർത്തു് കണ്ണുനീർ തൂകി.

ഏറെസമയംകഴിഞ്ഞാണു് അവൻ തന്റെ ചിന്താസുഷുപ്തിയിൽനിന്നും ഉണർന്നതു്. വീണ്ടും വ്യഗ്രതയേറിയ ജീവിതവ്യഥകളുടെ മദ്ധ്യത്തിൽ താൻ കൈവിടപ്പെട്ടിരിക്കുന്നതായി അവനു തോന്നി. വിശപ്പു് ദുർവഹമാംവിധം വർദ്ധിച്ചു. തന്റെ ആദ്ധ്യാത്മചിന്തകളെല്ലാം ഒരു നിമിഷംകൊണ്ടു് വിസ്മൃതങ്ങളായിപ്പോയി. അവന്റെ കാലടികൾ മുന്നോട്ടുനീങ്ങി.

അരമനയുടെ വാതിൽ തുറന്നുകിടക്കുന്നതു് അവൻ കണ്ടു. ആ വാതിലിൽക്കൂടി അവൻ അകത്തേക്കു് എത്തിനോക്കി. അകത്തു് ആരെയും കാണ്മാനില്ല. അവൻ പരിഭ്രാന്തനായി ചുററും കണ്ണോടിച്ചു. അവിടെയെങ്ങും ആരും ഇല്ലതന്നെ. സാവധാനം അവൻ അകത്തേക്കു് കാലെടുത്തുവച്ചു. ഒരു നീണ്ട വരാന്ത. അവൻ മുന്നോട്ടു നടന്നു തന്നെ ആരെങ്കിലും കാണുന്നുണ്ടായിരിക്കുമോ എന്നുള്ള ഒരു ചിന്ത അവനെ വല്ലാതെ ചഞ്ചലിപ്പിച്ചു. പുറത്തു ഉദ്യാനത്തിൽ കുളിർകാററു് ചലിച്ചുകൊണ്ടിരുന്ന പൂച്ചെടികൾ തന്നെപിടിക്കുവാൻ ആഞ്ഞുനില്ക്കുന്ന പിശാചങ്ങളായിരിക്കുമോ എന്നോർത്തു് അവൻ ഞെട്ടിപ്പോയി.

അവൻ ഒരു മുറിയുടെ വാതില്ക്കൽ ചെന്നെത്തിയിരുന്നു. കതകു് അടച്ചിരുന്നുവെങ്കിലും അകത്തു് പൂട്ടിയിരുന്നില്ല. മുറിക്കുള്ളിൽ കത്തിനിന്നിരുന്ന ഒരു കൊച്ചുവിളക്കിന്റെ മങ്ങിയ വെളിച്ചം കതകിന്റെ വിടവിൽക്കൂടി അവനു കാണാൻ കഴിഞ്ഞു. ഏതാനും നിമിഷത്തേക്കു് എന്തുചെയ്യണമെന്നറിയാതെ അവൻ വല്ലാതെ കുഴങ്ങി. അവൻ ചെവിയോർത്തുനിന്നു. ആരോ അകത്തു് "കൂർക്കം"വലിക്കുന്ന ശബ്ദം അവൻ വ്യക്തമായി കേട്ടു.

അവൻ സാവധാനത്തിൽ കതകു് അകത്തേക്കു തള്ളി. എന്തോ ഒരു വസ്തുവിന്മേൽ കതകു് തടയുന്നതായി അവനു് അനുഭവപ്പെട്ടു. തന്റെ ശ്രമം നിഷ്ഫലമാകുമോ എന്നു് അവൻ ശങ്കിച്ചു വീണ്ടും ധൈര്യംപ്രാപിച്ചു് കുറെക്കൂടി ശക്തിയായി കതകു് തള്ളി. ഒരു ഞരക്കത്തോടുകൂടി കതകു തുറക്കപ്പെട്ടു.

ഒരു മനുഷ്യൻ ഉറങ്ങുന്നു. അവൻ അല്പം അകന്നുനിന്നുകൊണ്ടു് തലനീട്ടി നോക്കി. മങ്ങിമങ്ങി കത്തിക്കൊണ്ടിരുന്ന ചെറുവിളക്കിന്റെ പ്രകാശത്തിൽ ആ മുഖം അവൻ വ്യക്തമായി കണ്ടു. ലോകോത്തരമായ കാന്തിയും ശാന്തിയും പരിലസിച്ചിരുന്ന ഒരു മുഖം! വെള്ളിക്കമ്പികൾപോലെ നരച്ച താടി! എന്തൊരു ദിവ്യമായ ചൈതന്യമാണവിടെ! ആ ദിവ്യചൈതന്യപ്രകർഷത്തിൽ താൻ ദഹിച്ചു് ഭസ്മമായിപ്പോകുമോ എന്നുപോലും അവൻ ഭയപ്പെട്ടു. അതേ, അതു് വന്ദ്യനായ ആ മെത്രാൻതന്നെ! ആ അപ്പസ്തോലന്റെ കിടക്കയുടെ ചുററും മാലാഖാമാർ കാവൽനില്ക്കുന്നുണ്ടായിരിക്കണം! അവൻ അത്ഭുതപ്പെട്ടു നോക്കിനിന്നു.

പിന്തിരിഞ്ഞുനോക്കിയപ്പോൾ ഒരു വശത്തായി തട്ടിന്മേൽ ഏതാനും വെള്ളിത്തളികകൾ സൂക്ഷിച്ചുവച്ചിരിക്കുന്നതായി അവൻ കണ്ടു. അല്പം പരുങ്ങി; ചുററും നോക്കി. ആരും കാണുന്നില്ല. അവൻ അവയെ ഒന്നായി എടുത്തു തന്റെ പഴയ മുണ്ടിൽ പൊതിഞ്ഞു. ഒരു നിമിഷത്തിനുള്ളിൽ താൻ വന്നവഴിയേ പുറത്തു കടന്നു.

അതിവേഗം അവൻ ഇരുട്ടിന്റെ മറവിൽക്കൂടി എങ്ങോട്ടോ നടന്നു മറഞ്ഞു.

* * *

ഭാനുമാൻ തന്റെ കിരണകന്ദളങ്ങൾകൊണ്ടു് കിഴക്കേ ചക്രവാളത്തിൽ ഒരു പാടവമേറിയ കലാകാരനെപ്പോലെ മഞ്ചായം പൂശി. ഭൂമിയിൽ സന്മനസ്സുള്ള സമസ്തമനുഷ്യർക്കും ആശ്വാസവും ശാന്തിയും പ്രദാനംചെയ്യുന്ന മഹോന്നതമായ സ്വർഗ്ഗീയസന്ദേശത്തിന്റെ പ്രതിധ്വാനമെന്നവണ്ണം ദേവാസനദേവാലയത്തിൽനിന്നും പുറപ്പെട്ട മണിനാദങ്ങൾ ഭക്തജനങ്ങളെ കിടക്കയിൽനിന്നും വിളിച്ചുണർത്തി. പുലരിക്കാററു വീശി; മരങ്ങൾ മർമ്മരാരവം മുഴക്കി; പൈങ്കിളികൾ സ്തോത്രം പാടി. ദിവ്യകർമ്മങ്ങളുടെ പരിശുദ്ധതയിൽ മുഴുകിയ സുപ്രഭാതം!

വന്ദ്യനായ ആ മെത്രാൻ ദിവ്യബലി കഴിഞ്ഞു് തന്റെ മുറിയിൽ ഇരുന്നു് എന്തോ വായിക്കുകയാണു്. പെട്ടെന്നു് പുറത്തു് ചെരിപ്പുകളുടെ ശബ്ദം കേട്ടുതുടങ്ങി. അദ്ദേഹം പുറത്തു വന്നു നോക്കി. കൈകൾ കെട്ടപ്പെട്ടവനായി ഒരു പിച്ചക്കാരനെ പോലീസു് അധികാരികൾ തള്ളിക്കൊണ്ടുവന്നിരിക്കുകയാണു്. പോലീസു് ഇൻസ്പെക്ടർ മെത്രാനെ അഭിവാദ്യം ചെയ്തു.

"പ്രഭോ, അങ്ങയുടെ വെള്ളിത്തളികകൾ മോഷ്ടിച്ച കള്ളപ്പുള്ളിയാണിവൻ! തൊണ്ടിസഹിതം ഇവനെ പിടികൂടിയിരിക്കുന്നു."

പോലീസുകാർ അവനെ മുന്നോട്ടു മാററിനിർത്തി. ആ വന്ദ്യവൈദികവര്യൻ ചാഞ്ചല്യംകൂടാതെ ആ രംഗം അഭിവീക്ഷിച്ചു.

"എന്തു്, കള്ളപ്പുള്ളിയോ? അവനെ നിങ്ങൾ കുററപ്പെടുത്തേണ്ട. ഈ തളികകൾ അവനു് ലഭിച്ചിരിക്കുന്നതിൽ എനിക്കു സന്തോഷമേയുള്ളു. അതേ, ഞാൻ അവനു കൊടുത്തതായിത്തന്നെ നിങ്ങൾ വിചാരിച്ചുകൊള്ളുക."

പോലീസുകാർ അത്ഭുതസ്തബ്ധരായി അന്യോന്യം നോക്കി.

"അങ്ങനെയെങ്കിൽ ഇവൻ കുററക്കാരനല്ലതന്നെ. പ്രഭോ, ഞങ്ങൾ പോകുന്നു."

"ശരി." അദ്ദേഹം വിനയപൂർവ്വം പ്രതിവചിച്ചു.

ലജ്ജയും ദുഃഖവും കലർന്നു് ചിന്താകുലതയാൽ തലതാഴ്ത്തി ആ പിച്ചക്കാരൻ അല്പം അകലെ നിന്നിരുന്നു. ഏതാനും നിമിഷത്തേക്കു് മൗനം അവിടെ തലപൊക്കി. ക്രിസ്തുവിന്റെ സന്നിധാനത്തിലേക്കു് യഹൂദന്മാരാൽ ആനയിക്കപ്പെട്ട, സുവിശേഷത്തിലെ ആ പാപിനിയായ സ്ത്രീയെപ്പോലെ അവൻ മൂകനായി അവിടെ നിലകൊണ്ടു.

"കുഞ്ഞേ, നീ ദുഃഖിച്ചു നില്ക്കുന്നതെന്തിനു്? നീ ഈ കുററം ചെയ്യുവാൻ ഇടയായതു് എന്തുകൊണ്ടെന്നു് എനിക്കു നല്ലവണ്ണമറിയാം. ഈ വെള്ളിത്തളികകളെക്കാൾ വിലകൂടിയ സാധനങ്ങൾ, നീ ചോദിച്ചിരുന്നുവെങ്കിൽ, ഞാൻ നിനക്കു നല്കുമായിരുന്നു. അങ്ങനെയിരിക്കെ, ഈ തളികകൾക്കുവേണ്ടി നീ ഇത്രയധികം ബുദ്ധിമുട്ടിയതെന്തിനു്? ഞാൻ നിങ്ങളെപ്പോലെയുള്ളവരെ വെറുക്കുകയല്ല; എപ്പോഴും സഹായം ചെയ്യുകയാണു് പതിവു്."

അപ്രതിക്ഷിതവും അസാധാരണവുമായ ഈ സ്നേഹപ്രകടനത്തിൽ അവൻ അത്ഭുതവിവശനായിപ്പോയി. തന്റെ കണ്ണുകളും കാതുകളും അവനെ വഞ്ചിക്കുകയാണോ എന്നുപോലും അവൻ സംശയിച്ചു. ലോകം അവനെ സംബന്ധിച്ചിടത്തോളം, സ്നേഹത്തിന്റെ നീരൊഴുക്കുകൾ വററി വരണ്ടുപോയ ഒരു പൊള്ളുന്ന സഹാറായായിരുന്നു. എന്നാൽ ഇന്നു താപശാന്തി നല്കുന്ന തണ്ണീർപ്രവാഹങ്ങൾ അവൻ കണ്ടെത്തി!

ആ വൈദികവര്യൻ, തന്റെ പ്രാർത്ഥനാമുറിയിൽ ക്രൂശിതരൂപത്തിനു മുമ്പിൽ വയ്ക്കപ്പെട്ടിരുന്ന പൊന്നണിഞ്ഞ രണ്ടു മെഴുകുതിരിക്കാലുകൾ എടുത്തുകൊണ്ടുവന്നു.

"കുഞ്ഞേ, ഇതാ ഇതുകൂടി കൊണ്ടുപൊയ്ക്കൊള്ളുക. ഈ വെള്ളിത്തളികകളും തിരിക്കാലുകളും, ലോകത്തിൽ അന്തസ്സായും അഭിമാനമായും തൊഴിൽചെയ്തു ജീവിക്കുന്നതിനുവേണ്ടി നീ വിനിയോഗിക്കുക. പിതാവായ ദൈവം നിന്നെ അനുഗ്രഹിക്കട്ടെ."

"പിതാവേ—" അവൻ നിരുദ്ധകണ്ഠനായി അദ്ദേഹത്തിന്റെ പൂജ്യപാദങ്ങളിൽ പ്രണമിച്ചു. അദ്ദേഹം ആ കൊച്ചു സഹോദരനെ പിടിച്ചു് എഴുന്നേല്പിച്ചു് അവന്റെ നിറുകയിൽ കൈവച്ചു് അനുഗ്രഹിച്ചു.

ആ വെള്ളിത്തളികകളും തിരിക്കാലുകളും എടുത്തുകൊണ്ടു് അവൻ ഗദ്ഗദസ്വരത്തിൽ യാത്ര ചോദിച്ചു.

"കുഞ്ഞേ, സമാധാനമായി പോവുക." അദ്ദേഹം ആ യാചകനെ യാത്രയാക്കി.

* * *

പിന്നെയൊരിക്കലും അവൻ മോഷ്ടിക്കുവാൻ പോയിട്ടില്ല; പിന്നെയൊരിക്കലും അവൻ ആ വന്ദ്യപിതാവിന്റെ ഉപദേശങ്ങൾ വിസ്മരിച്ചതുമില്ല.

അവൻ ലോകത്തിൽ നന്നായിട്ടു ജീവിച്ചു. വളരെക്കാലം കഴിഞ്ഞു് അവൻ മരിക്കുമ്പോൾ അവന്റെ തലയ്ക്കൽ രണ്ടു തിരികൾ ആ പൊന്നണിഞ്ഞ തിരിക്കാലുകളിന്മേൽ കത്തിനിന്നിരുന്നു.

(ഇംഗ്ലീഷിൽനിന്നും അനുകരണം)



കാത്തലിക് യൂണിയൻ ഓഫ് ഇന്ത്യയുടെ ഓർഗനൈസിംഗ് സെക്രട്ടറി മി. ജി. എക്സ്. ഫ്രാൻസിസും കാ. യൂ. ജനറൽ സെക്രട്ടറി മേജർ ആൽബർട്ടു് ഡി കോസ്റ്റയും. തിരുസിംഹാസനത്തിൽനിന്നും "ബെനെമെരേന്തേ" മെഡലുകൾ ഈയിടെ നൽകി ഇവരിരുവരെയും ബഹുമാനിക്കുകയുണ്ടായി.




SACRED HEART COLLEGE
THEVARA
The College reopens for Seniors on 11th June 1951· Application forms & Prospectus will be forwarded only on receipt of Rs· 2 the registration fee·
PRINCIPAL

# ഒരു മിഷൻരാജ്യമോ?

ഈശോ അടുത്തുവന്നു് അവരോടു സംസാരിച്ചു; അവൻ അരുളിച്ചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. എൻെറ പിതാവു് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു. ആകയാൽ നിങ്ങൾപോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസ നൽകി, ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ. ഞാനോ ഇതാ ലോകാവസാനംവരെ എല്ലാ നാളുകളിലും നിങ്ങളോടുകൂടെയുണ്ടു്. (ത്രിത്വ. ഞായർ; സുവിശേഷം: മത്താ. XXVIII—18-20).

ആബെ ഗോഡിൻ (Abbe Godin) എന്നു പേരുള്ള ഒരു വൈദികവരേണ്യൻ ഈ അടുത്തകാലത്തു് ഫ്രാൻസിലെ കത്തോലിക്കാരംഗങ്ങളിൽ വലിയൊരു കോളിളക്കംതന്നെ സൃഷ്ടിച്ചുവിട്ടു. "ഫ്രാൻസ്, ഒരു മിഷൻ രാജ്യം" (France, pays de Mission) എന്ന അഭിധാനത്തിൽ ഒരു പുസ്തകം അദ്ദേഹം പ്രസിദ്ധീകരിച്ചതോടുകൂടിയാണു് ഈ വിപ്ലവാത്മകമായ ചൈതന്യപ്രസരം അവിടെ ഉൽഭൂതമായതു്. അസുഖകരങ്ങളായ ചില പരമാർത്ഥങ്ങൾ അവരുടെ മുമ്പാകെ വയ്ക്കപ്പെട്ടു; സുഖസുഷുപ്തിയിൽനിന്നു് അവർ ഉണർത്തപ്പെട്ടു; അവരുടെ അഭിമാനം ഫണമുയർത്തി; പക്ഷെ, അവരുടെ കത്തോലിക്കാചൈതന്യം അതിനെ ജയിച്ചടക്കി; യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുവാൻതന്നെ അവർ തീർച്ചയാക്കി. എന്തു്? ഫ്രാൻസ് ഒരു മിഷൻ രാജ്യമോ? ഇന്ത്യ, ചൈന, ജപ്പാൻ, ആഫ്രിക്ക തുടങ്ങിയ രാജ്യങ്ങളെപ്പോലെ—ഒന്നോ രണ്ടോ ശതമാനം മാത്രം കത്തോലിക്കരുള്ള രാജ്യങ്ങളെപ്പോലെ—ഫ്രാൻസിനേയും ഒരു മിഷൻരാജ്യമായി പരിഗണിക്കുകയോ? വിശ്വവിശ്രുതനായ ക്ലോവിസ് ചക്രവർത്തി മുതൽ ഇന്നോളവരേയും കത്തോലിക്കാവിശ്വാസത്തിൽ ഉറച്ചുനിൽക്കുകയും നിരവധി വിശുദ്ധന്മാരേയും വിശുദ്ധകളേയും സഭയ്ക്കു പ്രദാനംചെയ്യുകയും അനേകം മിഷനറിമാരെ ദിഗന്തങ്ങൾവരെയും വിശ്വാസപ്രചരണത്തിനായി അയക്കുകയും ചെയ്തിട്ടുള്ള ഫ്രാൻസ് ഒരു മിഷൻരാജ്യമെന്നോ?... "അതേ," ആബെ ഗോഡിൻ ഉറപ്പിച്ചുപറഞ്ഞു: "നിങ്ങൾ മിഷൻ രംഗങ്ങൾ അന്വേഷിച്ചു ചൈനയിലേക്കും ജപ്പാനിലേക്കുംപോകേണ്ട; ഫ്രാൻസ് തന്നെ ഒരു മിഷൻരാജ്യമാണു്. ക്രൈസ്തവത്വത്തിൻെറ കണികപോലുമില്ലാത്ത ക്രിസ്ത്യാനികൾ ലക്ഷക്കണക്കിനു് വെറും അക്രൈസ്തവരെപ്പോലെ ജീവിക്കുന്നു. പോരാ, നാം ആരെ മാനസാന്തരപ്പെടുത്തുവാൻ കരയും കടലും കടന്നുപോകുന്നുവോ, ആ അക്രൈസ്തവരെക്കാൾ അധഃപതിച്ചുപോയ—ഭൗതികത്വത്തിൽമാത്രം നിമഗ്നരായിരിക്കുന്ന—ഒരുതരം പുതിയ അക്രൈസ്തവരാണു് ഇന്നു് സഹസ്രക്കണക്കിനു് നമുക്കു ഫ്രാൻസിൽ ഉള്ളതു്. മാമ്മോദീസാജലം ഒരുപക്ഷെ അവരുടെ ശിരസ്സുകളിൽ നിപതിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ അക്രൈസ്തവരെക്കാൾ അധഃപതിച്ചുപോയ ഒരു ജീവിതരീതിയാണു് അവർ അവലംബിച്ചിരിക്കുന്നതു്. തന്നിമിത്തം നമുക്കു് ആദ്യമായി നമ്മുടെ മാതൃരാജ്യത്തെ മാനസാന്തരപ്പെടുത്തുക." ഈ ആഹ്വാനം സ്വീകരിക്കപ്പെട്ടു. അനേകം വൈദികരും അത്മായരും ഫ്രാൻസിനെ മനസ്സു തിരിക്കുന്നതിൽ ജാഗരൂകരായി. മിഷൻവേലയ്ക്കായി വിദൂരദേശങ്ങളിലേക്കു പോകുവാൻ തയ്യാറെടുത്തിരുന്ന പല യുവവൈദികരും ഫ്രാൻസിനെത്തന്നെ മിഷൻ രാജ്യമായി സ്വീകരിച്ചു് പ്രവർത്തനങ്ങൾ ആരംഭിച്ചു. തൊഴിലാളിലക്ഷങ്ങളെ ക്രൈസ്തവാന്തരീക്ഷത്തിലേക്കു കൊണ്ടുവരുവാനുള്ള തീവ്രപരിശ്രമങ്ങൾ ഇന്നും അവർ നടത്തിവരുന്നുണ്ടു്. ഫാക്ടറികളിലെ തൊഴിലാളികളിൽ ഇന്നു ചില വൈദികരേയും കാണാം. അവർ തൊഴിലാളികളോടൊപ്പം ജോലിചെയ്യുന്നു; കൂലിവാങ്ങുന്നു. താമസസ്ഥലവും ഉടുപ്പും എല്ലാം തൊഴിലാളികളുടേതുതന്നെ. അങ്ങനെ അവർ തൊഴിലാളികളുടെ വിശ്വാസം ആർജിച്ചുകൊണ്ടു് അവരെ ക്രിസ്തുവിലേക്കു പിന്തിരിക്കുവാൻ പരിശ്രമിക്കുന്നു. ജീവിതത്തിൻെറ വിവിധതുറകളിലും വകുപ്പുകളിലും ഇങ്ങനെയുള്ള ക്രൈസ്തവനവീകരണപരിശ്രമങ്ങൾ അഭംഗം നടത്തിക്കൊണ്ടിരിക്കുന്നു; അത്മായപ്രേഷിതത്വവും, തിരുക്കർമ്മാനുഷ്ഠാനങ്ങളിലുള്ള സജീവഭാഗവാഹിത്വവും, കത്തോലിക്കാപ്രവർത്തനവും മററും ഇക്കാര്യത്തിൽ ആ വൈദികസത്തമരെ സഹായിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ, അക്രൈസ്തവത്വത്തിൻെറ അടിത്തട്ടിലേക്കാണ്ടുപോയ ഫ്രാൻസിനെ പുനരുദ്ധരിച്ചു വീണ്ടും ക്രൈസ്തവത്വത്തിലേക്കാനയിക്കുവാൻ ഇവർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

"നിങ്ങൾപോയി സകല ജാതികളേയും ശിഷ്യപ്പെടുത്തി, പിതാവിൻെറയും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും നാമത്തിൽ മാമ്മോദീസ നൽകി, ഞാൻ നിങ്ങളോടു് ആജ്ഞാപിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" എന്നുള്ള ക്രിസ്തുനാഥൻെറ അന്തിമസന്ദേശം നമ്മുടെ ചെവികളിൽ മാറ്റൊലിക്കൊള്ളുന്ന ഒരു സുദിനമാണു് ഇന്നു്. ക്രിസ്തുവിനെ അറിയാതെയും സ്വീകരിക്കാതെയും ജ്ഞാനസ്നാനം ലഭിക്കാതെയുമുള്ള നിരവധി മനുഷ്യലക്ഷങ്ങളെ ഉരുകുന്ന ഹൃദയത്തോടെ മനോദർപ്പണത്തിൽ ദർശിച്ചുകൊണ്ടു അവർക്കുവേണ്ടി പ്രാർത്ഥിക്കേണ്ട ഒരു ദിനവുമാണിന്നു്. "നിങ്ങൾപോയി സകല ജാതികളേയും ... ... പഠിപ്പിക്കുവിൻ" എന്നുള്ള ദിവ്യരക്ഷകൻെറ കല്പന—വൈദികർക്കും അവൈദികർക്കും ശിരസാവഹിക്കേണ്ടതായ ആ ദിവ്യാജ്ഞ—നാം എങ്ങനെ അനുസരിച്ചു് വർത്തിക്കുന്നുണ്ടെന്നു ആത്മസംശോധനം ചെയ്യേണ്ട ദിനവും ഇതുതന്നെയാണു്. വിദൂരരാജ്യങ്ങളിലേക്കു മതപ്രസംഗത്തിനായി പോകുവാൻ കത്തോലിക്കാജനസാമാന്യത്തിനു് സാദ്ധ്യമല്ലെന്നുള്ളതു് വാസ്തവംതന്നെ. എന്നാൽ, അതേസമയംതന്നെ ക്രിസ്തുനാഥൻെറ ആജ്ഞയെ ഓരോ ക്രൈസ്തവനും അനുസരിച്ചേകഴിയൂ. ഇത്തരുണത്തിലാണു്, "ഫ്രാൻസ് ഒരു മിഷൻരാജ്യം" എന്ന പ്രസ്ഥാനത്തിൽ സഞ്ചിതമായിരുന്ന ചൈതന്യത്തെ നമ്മുടെ കൃത്യപരമ്പരകളിലേക്കും നാം പകർത്തേണ്ടതു്. "കേരളം ഒരു മിഷൻരാജ്യം" എന്നു പറയുമ്പോൾ തിരുകൊച്ചിയിലെ ഭക്തരായ കത്തോലിക്കർ ഒരുപക്ഷേ നെററി ചുളിക്കുമായിരിക്കും. എന്തു്? മാർ തോമാശ്ലീഹായിൽ നിന്നു സത്യവിശ്വാസം സ്വീകരിച്ചു് അഭംഗമായി സംരക്ഷിച്ചിട്ടുള്ള ഈ രാജ്യം; ജനസംഖ്യയിൽ മൂന്നിലൊന്നു ക്രിസ്ത്യാനികളുള്ള ഈ രാജ്യം; എവിടെ നോക്കിയാലും മനോഹരദേവാലയങ്ങളും വിദ്യാഭ്യാസസ്ഥാപനങ്ങളും ആതുരശാലകളും അഗതിമന്ദിരങ്ങളും സന്യാസാശ്രമങ്ങളും കാണികളുടെ കണ്ണുംകരളും കവർന്നുകൊണ്ടു നില്ക്കുന്ന ഈ രാജ്യം—ഇതു് വടക്കെ ഇന്ത്യ, ചൈന, ജപ്പാൻ, ആഫ്രിക്ക എന്നിവയെപ്പോലെ ഒരു മിഷൻരാജ്യമോ? എന്നു് അവർ സംശയിച്ചേക്കാം. എന്നാൽ അവർക്കുള്ള മറുപടിയും ആബെ ഗോഡിൻേറതു തന്നെയായിരിക്കട്ടെ. ഫ്രാൻസിനേയും കേരളത്തേയും തമ്മിൽ കത്തോലിക്കാചൈതന്യത്തെ സംബന്ധിച്ചേടത്തോളം ഒന്നു താരതമ്യംചെയ്തുനോക്കുവാൻ ഉദ്ദേശിക്കുന്നില്ല. എങ്കിലും, അക്രൈസ്തവത്വം—ഭൗതികത്വം—നമ്മുടെ നിരവധി ക്രൈസ്തവരിലും നുഴഞ്ഞുകയറിയിട്ടുണ്ടെന്നും വെറും മാമ്മോദീസാജലം തലയിൽ പതിച്ചിട്ടുണ്ടെന്നുള്ളതിൽ കൂടുതലായി ക്രൈസ്തവത്വത്തിൻെറ യാതൊരു കണികയും ഒരിക്കലെങ്കിലും അവരിൽ ദൃശ്യമാകുന്നില്ലെന്നും സൂക്ഷ്മനിരീക്ഷകന്മാർക്കു മനസ്സിലാക്കാവുന്നതാണു്. മുതലാളികളിലും, തൊഴിലാളികളിലും, ഉദ്യോഗസ്ഥവൃന്ദങ്ങളിലും ഗ്രാമീണരിൽപ്പോലും പുതിയതരം ഒരു അക്രൈസ്തവത്വം (Neo Paganism) കടന്നുകൂടിയിട്ടുണ്ടു്. നല്ലതു ചീഞ്ഞാൽ അതിൻെറ ചീച്ചൽ ദുസ്സഹമായിരിക്കുമെന്നുണ്ടല്ലോ. ക്രൈസ്തവർ അധഃപതിക്കുമ്പോൾ അവർ അക്രൈസ്തവരെക്കാൾ അധഃപതിച്ചുപോയെന്നുവരാം. ഇങ്ങനെ, അധഃപതിച്ചുപോയ ക്രൈസ്തവരെ—അക്രൈസ്തവരെപ്പോലെ ജീവിക്കുന്ന ക്രൈസ്തവരെ—മനസ്സുതിരിച്ചു് വീണ്ടും യഥാർത്ഥക്രിസ്തീയജീവിതത്തിലേക്കാനയിക്കുവാൻ കത്തോലിക്കാജനസാമാന്യത്തിനു സാധിക്കും. വിവിധ വകുപ്പുകളിലും തുറകളിലുമായി പലരുമായുള്ള സമ്പർക്കം അവർക്കു ലഭിക്കുന്നുണ്ടല്ലോ. തൊഴിലാളി തൊഴിലാളിയേയും, മുതലാളി മുതലാളിയേയും, ഉദ്യോഗസ്ഥൻ ഉദ്യോഗസ്ഥനേയും, അദ്ധ്യാപകൻ അദ്ധ്യാപകനേയും, വിദ്യാർത്ഥി വിദ്യാർത്ഥിയേയും മനസ്സുതിരിച്ചു് യഥാർത്ഥക്രിസ്തീയ ജീവിതത്തിലേക്കു കൊണ്ടുവരുവാൻ ശ്രമിക്കട്ടെ. എല്ലാവർക്കും ചെയ്യാൻ സാധിക്കുന്ന ഒരു മിഷൻജോലിയാണിതു്. അങ്ങനെ കേരളംതന്നെ അവരുടെ മിഷൻരാജ്യമായിത്തീരട്ടെ.

"നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പാകെ പ്രശോഭിക്കട്ടെ" എന്നു് ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ടു്. ഈ വാക്യത്തിൻെറ അർത്ഥംജനങ്ങളെ കാര്യക്ഷമമായ വിധത്തിൽ ഗ്രഹിപ്പിക്കുവാനായി അമേരിക്കയിലെ ലോസ്‌-ആഞ്ചെലിസ് എന്ന നഗരത്തിൽ ഒരു രംഗം അഭിനയിക്കപ്പെട്ടു. നിരവധി ജനങ്ങൾ കൂടിയിരുന്ന ഒരു നിശാസമ്മേളനം. അദ്ധ്യക്ഷൻ എഴുന്നേററുനിന്നു് ഇപ്രകാരം പറഞ്ഞു: "നിങ്ങൾ ആരും അസ്വാസ്ഥ്യപ്പെടരുതു്. അല്പനേരത്തേക്കു് ഈ ഇലക്ട്രിക്കു് വിളക്കുകളെല്ലാം കെട്ടുപോകും. അല്പനേരത്തേക്കുമാത്രം. എല്ലാവരും ക്ഷമിച്ചിരിക്കണം." അങ്ങനെ വിളക്കുകളെല്ലാം പെട്ടെന്നു് അണഞ്ഞു. സമ്മേളനസ്ഥലം കൂരിരുട്ടിലാണ്ടു. ആ ഇരുട്ടിൽ അദ്ധ്യക്ഷൻ ഒരു തീപ്പെട്ടിക്കോൽ ഉരച്ചുകത്തിച്ചു് ഉയർത്തിപ്പിടിച്ചു. "ഈ വെളിച്ചം കാണാൻ കഴിയുന്നവർ "കാണാം" എന്നു ഉറക്കെപ്പറയണം" എന്നു് അദ്ദേഹം നിർദ്ദേശിച്ചു. "കാണാം" എന്നു എല്ലാവരും ഒരേസ്വരത്തിൽ നിലവിളിച്ചുപറഞ്ഞു. അപ്പോൾ അദ്ധ്യക്ഷൻ: "അതേ, ഇങ്ങനെയാണു് ഇരുളടഞ്ഞതും ദുഷ്ടതനിറഞ്ഞതുമായ ഈ ലോകത്തിൽ ഒരുവൻെറ മാതൃകാപരമായ നല്ല ജീവിതം പ്രശോഭിക്കുന്നതു്" എന്നിപ്രകാരം ഉപദേശിച്ചു. തുടർന്നു് അദ്ധ്യക്ഷൻ ഇപ്രകാരം നിർദ്ദേശിച്ചു: "ഇനി, നിങ്ങളെല്ലാവരും ഓരോ തീപ്പെട്ടിക്കോൽ ഉരച്ചുകത്തിച്ചു് ഉയർത്തിപ്പിടിക്കുവിൻ." അമേരിക്കാക്കാർ അധികപങ്കും സിഗററു് വലിക്കുന്നവരായതുകൊണ്ടു മിക്കപേരുടേയും കീശയിൽ തീപ്പെട്ടിയുണ്ടായിരുന്നു. അവരെല്ലാവരും ഓരോ തീപ്പെട്ടിക്കോൽ കത്തിച്ചു് ഉയർത്തിപ്പിടിച്ചു; മുമ്പുണ്ടായിരുന്ന ഇലക്ട്രിക്കു് വെളിച്ചത്തെക്കാൾ പതിന്മടങ്ങു് പ്രകാശം അവിടെ ഉണ്ടാകയുംചെയ്തു. അങ്ങനെ എല്ലാമനുഷ്യരും സുകൃതജീവിതം നയിച്ചുകൊണ്ടു മാതൃകാദീപം കൊളുത്തിപ്പിടിക്കുമ്പോൾ ലോകത്തിൽനിന്നു അന്ധകാരവും ദുഷ്ടതയും ഒളിച്ചോടും. ഇപ്രകാരംതന്നെ ഓരോ കത്തോലിക്കനും തൻെറ മതവിശ്വാസത്തിനനുസരിച്ച ജീവിതം രഹസ്യമായും പരസ്യമായും അനുഷ്ഠിച്ചുകൊണ്ടു മാതൃകാകത്തോലിക്കനായി ജീവിക്കുമ്പോൾ അതിൻെറ ഫലം ഇതരന്മാരിൽ ദൃശ്യമാകും; അവരിൽനിന്നു അവിശ്വാസാന്ധകാരം ഓടിയൊളിക്കും; വിശ്വാസത്തിൻെറ പ്രകാശം അവരിൽ പ്രസരിക്കും; യഥാർത്ഥ കത്തോലിക്കാജീവിതത്തിലേക്കു അവർ പിന്തിരിഞ്ഞുവരും. അങ്ങനെ കേരളത്തെത്തന്നെ ഒരു മിഷൻരാജ്യമായി സ്വീകരിച്ചുകൊണ്ടു്, ഓരോരുത്തൻെറ സമ്പർക്കപരിധിയിൽ എത്തുപെടുന്നവരുടെമേൽ മാതൃകാപരമായ കത്തോലിക്കാജീവിതം വഴിയായിട്ടെങ്കിലും വിശ്വാസവെളിച്ചം ചൊരിഞ്ഞുകൊണ്ടു് അക്രൈസ്തവരേയും നാമമാത്രക്രിസ്ത്യാനികളേയും യഥാർത്ഥ ക്രിസ്തീയജീവിതത്തിലേക്കു പിന്തിരിപ്പിക്കുവാൻ എല്ലാവരും ഉത്സുകരാകട്ടെ. (ജെ. ചെമ്മണൂർ)

---

## വിനോദവീഥി



"എൻെറ പൊന്നേമാനേ! ഇതൊന്നു ചെറുതാക്കിത്തരണേ! ഇങ്ങനാവുന്നു കരുതിയല്ല ഞാൻ ഇന്നലെ കുടിച്ചു പഠിച്ചതു്!"

* * *



ഇതാരുടെ കുററമാ?

* * *

പൊതുകാര്യപ്രസക്തനായ തോമസൊരിക്കൽ ഒരു മന്ത്രിയെ കണ്ടു എന്തോ രഹസ്യം പറയാൻവേണ്ടി അദ്ദേഹത്തിൻെറ വസതിയിൽ ചെന്നു. മന്ത്രി അവിടെ ഇല്ലെന്നറിഞ്ഞപ്പോൾ തോമസ് അദ്ദേഹത്തിൻെറ ഭാര്യയോടു ചോദിച്ചു: "എന്നാൽ കൊച്ചമ്മേ, പോയിട്ടു തിരികെ വരാൻ പ്രയാസം. അതുകൊണ്ടു് അദ്ദേഹം മടങ്ങിവരുന്നതുവരെ ഞാനിവിടെയൊന്നു ഇരുന്നുകൊള്ളട്ടെ?"

"എനിക്കു വിരോധമില്ല. പക്ഷെ ഒരു രണ്ടാഴ്ചയ്ക്കിപ്പുറം അദ്ദേഹം മടങ്ങിവരുമെന്നു തോന്നുന്നില്ല."

* * *

ജോണി അവൻെറ അമ്മയുമൊരുമിച്ചു ബസ്സിൽ യാത്രചെയ്യുകയായിരുന്നു. ടിക്കററു് ചെക്കർവന്നു് കുട്ടിക്കു വയസ്സെത്രയായെന്നു ചോദിച്ചു. "അഞ്ചു്" എന്നു കേട്ടപ്പോൾ ചെക്കർ പിന്നെയൊന്നും ചോദിക്കാതെ കടന്നുപോയി. അപ്പോൾ ജോണി ചെക്കർക്കു പൂർണ്ണവിവരം നൽകിയില്ലെന്നുള്ള ആശങ്കയോടെ വിളിച്ചു പറകയാണു്: "അമ്മയ്ക്കു 57 വയസ്സുമായി."

---

## മൃതരായ മിഷനറിമാർ

കൊറിയയിൽ യുദ്ധമാരംഭിച്ചതിനുശേഷം 41 വിദേശമിഷനറിമാർ അപ്രത്യക്ഷരായിട്ടുണ്ടു്. എല്ലാവരും തന്നെ വധിക്കപ്പെട്ടുകാണുമെന്നൂഹിക്കപ്പെടുന്നു. ഇവരിൽ 31 പേരും കത്തോലിക്കാ മിഷനറിമാരായിരുന്നു. കൊറിയയിലെ അപ്പസ്തോലിക്‌ഡലഗേററായ ബിഷപ് ബേൺ തിരുമേനിയും ഇതിലുൾപ്പെടുന്നു.

സേക്രഡ് ഹാർട്ട് ഹൈസ്കൂൾ ബോർഡിങ്ങ്
തേവര

മദ്ധ്യവേനൽ അവധി കഴിഞ്ഞു് സ്കൂൾ ജൂൺ 4-ാംനു- തുറക്കുന്നതും, സ്കൂളിലേക്കും ബോർഡിങ്ങിലേക്കും ഉള്ള അഡ്മിഷ്യൻ മേയ് 21-ാംനു- ആരംഭിക്കുന്നതുമാണ്. ബോർഡിങ്ങിൽ താമസിച്ചു പഠിക്കുവാനാഗ്രഹിക്കുന്നവർ കാലേക്കൂട്ടി അപേക്ഷ അയക്കേണ്ടതാണ്.

ഫാ. ബെരാർദ് ടി. ഒ. സി. ഡി., റെക്ടർ

# കർദ്ദിനാൾമാരെ സംബന്ധിച്ച ചില വസ്തുതകൾ

(എടമരത്തു വി. സെബാസ്റ്റ്യൻ, വിലാൻ)

തുടർച്ച

1268-ൽ കർദ്ദിനാൾമാരുടെയിടയിലുണ്ടായ അഭിപ്രായവ്യത്യാസം നിമിത്തം ഏകദേശം മൂന്നുവർഷത്തോളംകാലം പരിശുദ്ധസിംഹാസനം സനാഥമാകാതെ കിടന്നു. വിറർബൊ പട്ടണത്തിൽ വെച്ചായിരുന്നു അന്നു് കോൺക്ലെവ് നടന്നതു്. ഫ്റാൻസിലെ രാജാവായ ഫിലിപ്പ് തൃതീയനും സിസിലിയിലെ ഒന്നാം ചാറത്സ് രാജാവും തിരഞ്ഞെടുപ്പു ത്വരിതപ്പെടുത്താൻ നേരിട്ടുത്സാഹിച്ചു. നഗരവാസികൾ ഒരു വോട്ടു് സ്വാധീനപ്പെടുത്താൻ വേണ്ടി സമ്മേളനാംഗങ്ങളെ മാത്രമെന്നല്ല വി. ബെനവന്തുരയെക്കൂടി ആ എപ്പിസ്ക്കോപ്പൽ അരമനയിൽ ബന്ധനസ്ഥരാക്കി. സേനാനിയായ നഗരാധിപതി സ്വന്ത ഭടന്മാരൊന്നിച്ചു് ഭിന്നാഭിപ്രായവത്തികളായ കർദ്ദിനാൾമാരുടെ തലയിൽ വെയിലും മഴയും വീഴത്തക്കവണ്ണം കെട്ടിടത്തിന്റെ മേൽക്കൂര നീക്കംചെയ്തുവരെ യാതൊരു പ്രേരണയും ഫലപ്രദമായില്ല. ഒടുവിലത്തെ ഉപായത്താൽമാത്രം കാര്യമവസാനിപ്പിക്കാൻ അവർ നിർബന്ധിതരായിത്തീർന്നു.

പുരാതനകാലത്തു് ജനങ്ങൾ കർദ്ദിനാൾമാരെ സംബോധനംചെയ്തുവന്നതു് പല വിധത്തിലാണു്. മദ്ധ്യയുഗങ്ങളിൽ അവരെ നിയമകർത്താക്കന്മാർ (Senators) എന്നും പ്രഭുക്കന്മാർ (Lords) എന്നും ബഹുമാന്യപിതാക്കന്മാർ (Venerable Fathers) എന്നും വിളിച്ചുവന്നു. 1630-ൽ എട്ടാമത്തെ ഉർബാൻ പാപ്പായാൽ അവർ മഹോന്നതർ (Eminences) എന്നു് പ്രകീർത്തിതരായി. അന്നുമുതൽ ഇന്നുവരെ ഈ പദംകൊണ്ടുതന്നെ നാം അവരെ സംബോധനംചെയ്തുപോരുന്നു. ഇംഗ്ലണ്ടിലെ രാജാവായിരുന്ന ജെയിംസ് ദ്വിതീയന്റെ പൗത്രനും യോർക്കിലെ പ്രഭുവുമായ ഒരു കർദ്ദിനാളിനു് രാജോചിതമായ സംബുദ്ധിയും (Royal Highness) കിരീടവും സ്വീകരിപ്പാൻ അനുമതിയുണ്ടായെങ്കിലും തൽസ്ഥാനത്തു് മറ്റൊരാളും അവ അംഗീകരിച്ചുകൂടെന്നു് പത്താം ഇന്നസെൻറു് പാപ്പ വിലക്കി. 1245-ൽ ലിയോൺസിൽ കൂടിയ തിരുസംഘത്തിൽവെച്ചു് നാലാം ഇന്നസെൻറു് മാർപ്പാപ്പ കർദ്ദിനാൾമാർക്കു ചുവന്ന ശിരസ്ത്രാണ (Hat) വും 1464-ൽ പൗലൂസ് ദ്വിതീയൻ (സാധാരണ വേളയിലും) ചുവന്ന തൊപ്പിയും (Beretta) ധരിക്കാൻ അനുവാദം കൊടുത്തു.

പണ്ടു് ഏതത്സംബന്ധമായി വിനോദജനകമായ ഒരു സംഭവം ഉണ്ടായിട്ടുണ്ടു്. അതുകൂടി ഇവിടെ പ്രസ്താവിക്കാം. പതിനാറാം ഗ്രിഗോരിയോസ് മാർപ്പാപ്പയ്ക്കു് റോമയിലെ ആശ്രമാദ്ധ്യക്ഷന്മാരിൽ ഒരാളെക്കുറിച്ചു് വലിയ മതിപ്പുണ്ടായിരുന്നു. ഒരിക്കൽ തന്റെ സാന്നിദ്ധ്യത്തിൽ കർദ്ദിനാൾമാരെയും മെത്രാന്മാരെയും മററും തിരഞ്ഞെടുക്കാൻ നിശ്ചയിച്ച തിരുസംഘത്തിന്റെ സമ്മേളനം ആരംഭിക്കുന്നതിനു് അല്പം മുമ്പായി അവിടുന്നു് അകമ്പടിക്കാരൊന്നിച്ചു് പ്രസ്തുത സന്യാസമന്ദിരത്തിൽ എഴുന്നള്ളി. ആശ്രമശ്രേഷ്ഠൻ തിരുമേനിയെ സ്വന്തം ഓർഡറിൽനിന്നു് ആരെങ്കിലും കർദ്ദിനാളായി ഉയർത്തപ്പെട്ടാൽ അദ്ദേഹത്തിനു താമസിക്കാൻവേണ്ടി റോമയിലെ സകല സന്യാസഭവനങ്ങളിലും "കർദ്ദിനാളിന്റെ മുറികൾ" എന്ന പേരിൽ സജ്ജമാക്കിയിരിക്കുക പതിവായിരുന്ന വിശാലമായ ഒരു ശാലയിലേക്കു് ആനയിച്ചു സൽക്കരിച്ചു. ഇതിൽനിന്നു് ആതിഥേയിയുടെ ഇംഗിതം മനസ്സിലാക്കിയ പരിശുദ്ധപിതാവു് തനിക്കു് വിളമ്പിയ ഐസ്ക്രീമിന്റെ ഒരു വരണ്ട കഷണമെടുത്തു് സന്യാസിശ്രേഷ്ഠനു് കൊടുക്കുകയും പകരം അദ്ദേഹത്തിന്റെ പ്ലേററിൽനിന്നു് ചുവന്ന ഒരു കഷണം പാപ്പ തനിക്കായി എടുക്കുകയും ചെയ്തു. സ്വസങ്കല്പം കുറച്ചുകൂടി വ്യക്തമാക്കാൻവേണ്ടി അവിടുന്നു് പുഞ്ചിരിപൂർവ്വം, മാന്യരേ! ചുവന്നതിനെക്കാൾ വെള്ള എത്ര നല്ലതെന്നു് പൃച്ഛിച്ചുകൊണ്ടു് അവിടുന്നു് തന്റെ പാത്രത്തിലിരുന്ന വേറെ ചില സാധനങ്ങൾകൂടി ആശ്രമാദ്ധ്യക്ഷന്റെ മുമ്പിലേക്കു മാററി. അന്യന്മാർക്കു് ഇതിന്റെയെല്ലാം രഹസ്യം ഊഹ്യമായെങ്കിലും ആ തപോധനനു് സംഗതി മനസ്സിലായില്ല. അദ്ദേഹം ഉൽപ്രതീക്ഷിതമായ തന്റെ മഹോന്നത പദവിക്കു് യോജ്യമായ വേഷമെല്ലാം ഉടനെ തയ്യാറാക്കിവെച്ചു. പാപ്പാതിരുമേനിയെ അത്യന്തം നീരസപ്പെടുത്തിയ ആ സൽക്കാരരീതിയുടെ ഫലമായി ആശ്രമാധിപതിയുടെ നാമം കർദ്ദിനാൾസ്ഥാനത്തേക്കു് ഉദ്ദിഷ്ടരായവരുടെ പട്ടികയിൽനിന്നു് നിമ്മാർജ്ജിതമായി. കാലാന്തരത്തിൽ നൈരാശ്യശാന്തിക്കു് മെത്രാപ്പോലീത്തയാക്കാൾ ഉൽകൃഷ്ടമല്ലാത്ത ഒരു പദവിമാത്രം അദ്ദേഹത്തിനു സിദ്ധിച്ചു. അതുതന്നെയും തന്റെ ആപ്തമിത്രങ്ങളുടെ സാന്ത്വനോപദേശങ്ങൾ കൈക്കൊണ്ടു് മാർപ്പാപ്പ ത്യാഗബുദ്ധ്യാ നൽകിയ സൗജന്യംമാത്രം.

ഉദ്ദേശം 1500-നടുത്തു് ഇററലിയിൽ യാത്രയ്ക്കു് വണ്ടികൾ ഉണ്ടായിത്തുടങ്ങിയപ്പോൾ അവയിൽ ഒളിഞ്ഞിരുന്നുകൊണ്ടുള്ള സഞ്ചാരം സ്ത്രീകൾക്കല്ലാതെ കുതിരസവാരിപോലെ പുരുഷന്മാർക്കു യോജിച്ചതല്ലെന്നു് കണ്ടതിനാൽ നാലാം പിയൂസ് പാപ്പ കർദ്ദിനാൾമാരെ അവ ഉപയോഗിക്കുന്നതിൽനിന്നു് വിലക്കിയെങ്കിലും നവീനവാഹനങ്ങൾ സുലഭമായതോടുകൂടി ആ കല്പന പിൻവലിക്കപ്പെട്ടു. വേറെയും അവരെ സംബന്ധിച്ചു് ഇത്തരം ചില ചില്ലറ നിബന്ധനകൾ ഉണ്ടായവയിൽ താടി വളർത്തൽ സംബന്ധിച്ച കാര്യമാണു് പ്രധാനമായി പരിഗണിക്കപ്പെട്ടിരിക്കുന്നതു്. മീശ വളർത്തുക പതിവുള്ള സന്യാസസഭകളിൽ അംഗങ്ങളായ കർദ്ദിനാൾമാർക്കു അതു പരിത്യജിക്കേണ്ട കടമ ഇല്ലെങ്കിലും അങ്ങനെ അല്ലാത്തവരെല്ലാം മുഖക്ഷൗരം ചെയ്യേണ്ടതു് കർത്തവ്യമാകുന്നു. 15-ാം ശതാബ്ദത്തിൽ കർദ്ദിനാൾസംഘത്തിൽ ആരുംതന്നെ ശ്മശ്രുക്കൾ വളർത്തിയിരുന്നില്ല. ഒരിക്കൽ സഭാദ്ധ്യക്ഷപദത്തിലേക്കു് ഒരു നാമവാഹിയായ ബെസ്സാരിയോൻ എന്ന ദേഹത്തിനു് വാസ്തവത്തിൽ തന്റെ നീണ്ടുനരച്ച മീശനിമിത്തം തിരഞ്ഞെടുപ്പു് വിഫലമായെന്നു് മാത്രമല്ല ഒടുവിൽ ജീവനും നഷ്ടപ്പെട്ടു. കാരണം ഫ്റാൻസിലെ 11-ാം ലൂവിസ് രാജാവിന്റെ സന്നിധിയിലേക്കു് ഒരു സ്ഥാനപതിയായി അയക്കപ്പെട്ട അദ്ദേഹം ഹിതാനുവർത്തിയായി കാണപ്പെടായ്കയാൽ മഹാരാജാവു് അദ്ദേഹത്തെ ശ്മശ്രുക്കളിൽപ്പിടിച്ചിഴച്ചു കഠിനമായി മർദ്ദിക്കയും കൊലയ്ക്കു വിധിക്കയും ചെയ്തതായിരുന്നു. ജൂലിയസ് ദ്വിതീയൻ നീണ്ട താടി ധരിച്ചിരുന്നതിനാൽ കർദ്ദിനാൾമാർക്കു അന്നതു് അനുകരണത്തിനു് മാതൃകയായി. അനന്തരം സുപ്രസിദ്ധ കർദ്ദിനാളായിരുന്ന റിഷെല്യൂവിന്റെ ചിത്രത്തിൽകാണുംവണ്ണം അവർ മൂക്കിൻചുവട്ടിലും ചിബുകത്തിന്റെ മദ്ധ്യത്തിലും മാത്രം രോമങ്ങൾ വളർത്തി വദനത്തിൽ ശേഷാംശമെല്ലാം ക്ഷൗരം ചെയ്യുക "ഫാഷൻ" ആയിത്തീർന്നു. 1700-ൽ 11-ാം ക്ലെമെൻറു് പാപ്പ കർദ്ദിനാൾമാർക്കു ആകമാനം പരിപൂർണ്ണമായ മുഖക്ഷൗരം അവശ്യാനുഷ്ഠേയമായി കല്പിച്ചു.

സെൻറ് പീററർ ഡാമിയൻ ആദിയായി പേർ വിളിക്കപ്പെട്ടവരും വാഴ്ത്തപ്പെട്ടവരുമായ അനേകം പുണ്യാത്മാക്കൾ കർദ്ദിനാൾമാരിൽനിന്നു് ഉണ്ടായിട്ടുണ്ടു്. ചക്രവർത്തികുടുംബങ്ങളും രാജവംശങ്ങളും ഉൾപ്പെടെ യൂറോപ്പിലെ പ്രഖ്യാതഗോത്രങ്ങൾ പലതും തിരുസംഘത്തിലേക്കു് ധാരാളം അംഗങ്ങളെ പ്രദാനംചെയ്തു. ഇററലിയാകട്ടെ വിശേഷിച്ചും. ഓർസിനിസ് എന്നു പറയപ്പെടുന്ന ഒരു പ്രശസ്തകുലത്തിൽനിന്നുതന്നെ 42 കർദ്ദിനാൾമാരുണ്ടായി. അത്രതന്നെ അഭിജാതരല്ലെങ്കിലും സ്വന്തയോഗ്യതകൾമൂലം ഏററവും ഗണനീയരായി വേറെയും അനേകംപേർ അവിടെനിന്നു് ഉണ്ടാകാതിരുന്നില്ല. ജമ്മൻകാരനായ നിക്കോളാസ് കർദ്ദിനാൾ തന്റെ ദൈവഭക്തിയും വിപുലമായ വൈദുഷ്യവും പ്രത്യേകിച്ചു് ഗണിതശാസ്ത്രത്തിലുണ്ടായിരുന്ന വൈദഗ്ദ്ധ്യവുംമൂലം പരിശുദ്ധസിംഹാസനത്തിങ്കൽ ഏററം അഭിമാന്യനായ വ്യക്തിയായിരുന്നു. പ്രസിദ്ധ പേർഷ്യൻ ഗണിതജ്ഞനായ കൊപ്പർനിക്കസിനേയും ഗലിലിയോയേയും അതിശയിച്ചു് ഭൂമി സൂര്യനെ പ്രദക്ഷിണം ചെയ്യുന്നുവെന്ന തത്വം ഇദ്ദേഹമത്രെ ആദ്യമായി കണ്ടെത്തി സ്ഥാപിച്ചതു്.

ഇസബെല്ല രാജ്ഞിയുടെ സംരക്ഷണപൂർവ്വം സുപ്രസിദ്ധമായ തന്റെ സാമൂഹ്യപരിഷ്കാരങ്ങൾ ആവിഷ്ക്കരിച്ചു് നടപ്പാക്കിയ ആളും ഏതുകാലത്തും ഉണ്ടായ മഹാപുരുഷന്മാരെപ്പോലെ അതിപ്രഗത്ഭനും ആയ കർദ്ദിനാൾ സിമെനസ് തിരുസംഘത്തിലെ മററു പ്രഖ്യാതവ്യക്തികളിൽനിന്നു്ഒട്ടും പിൻപെട്ടവനായിരുന്നില്ല. ഇസബെല്ലയുടെ ഭർത്താവായ ഫ്റഡറിക്ക് മരിച്ചശേഷം ഇദ്ദേഹം അറഗോണിൽ റീജൻറായി നിയമിക്കപ്പെട്ടു. മൂർജാതിക്കാരുടെ മതാന്തരീകരണാർത്ഥം അത്യധികം പ്രയത്നിക്കയും അനേകം വിദ്യാലയങ്ങളും കലാശാലകളും സ്ഥാപിക്കയുംചെയ്ത ഈ പുണ്യശ്ലോകൻ വിജ്ഞാനത്തിന്റെ പരിത്രാതാവായി ഇന്നും ബഹുമാനിക്കപ്പെട്ടുപോരുന്നു. 8-മത്തെ ക്ലെമെൻറ് പാപ്പ ഒരു ഇററാലിയനായ ബെല്ലർമിനെ കർദ്ദിനാളായി ഉയർത്തിയപ്പോൾ അരുൾചെയ്തതു് സഭയൊട്ടുക്കു് അദ്ദേഹത്തോടൊപ്പം പാണ്ഡിത്യം ലഭിച്ചവർ വേറെ ആരും ഇല്ലെന്നത്രെ അഭ്യസ്തവിദ്യരായ ഇക്കാലത്തെ വായനക്കാരോടു് കാർഡിനൽ ന്യൂമനെക്കുറിച്ചു് പ്രത്യേകം ഒന്നുംതന്നെ പറയേണ്ട ആവശ്യമില്ല.

എണ്ണത്തിൽ വളരെ ചുരുക്കമേയുള്ളവെങ്കിലും കർദ്ദിനാൾസംഘത്തിൽ പുണ്യവാന്മാരും പണ്ഡിതന്മാരുമെന്നപോലെ അധമന്മാരും ഇല്ലാതിരുന്നില്ല. കൊളോന്ന എന്നു നാമധാരികളായ ഒരു മാതുലനും മരുമകനും അവരുടെ സ്വഭാവമാലിന്യം നിമിത്തം ഏഴാം ബൊനിഫസ് മാർപ്പാപ്പയാൽ സ്ഥാനത്തിൽനിന്നും സഭയിൽനിന്നും ഭ്രഷ്ടരാക്കപ്പെട്ടു. എന്നാൽ പരിശുദ്ധസിംഹാസനത്തിലെ അനന്തരഗാമി അവരുടെ പശ്ചാത്താപംകണ്ടു് രണ്ടുപേരെയും വീണ്ടുകൊള്ളുകയുണ്ടായി. സഭാഭ്രഷ്ടനാക്കപ്പെട്ട മറെറാരാൾ ഫ്റാൻസ് രാജാവായ ഫ്റാൻസീസ് പ്രഥമന്റെ അപേക്ഷപ്രകാരം ഏതുയും ചെറുപ്പത്തിൽ കർദ്ദിനാളായി ഉയർത്തപ്പെട്ട കൊലിഗ്നി എന്ന ദേഹമായിരുന്നു. അദ്ദേഹം ഒരു കാൽവിൻ മതപ്രചാരകനായതാണു് ശിക്ഷാർഹനായതിന്റെ ഹേതു. കർദ്ദിനാൾസംഘത്തിൽ അപ്രശസ്തരായി വേറെ ഉണ്ടായിരുന്ന ചിലർ "ശോണവർണ്ണമായ പുണ്യവസ്ത്രം അണിയുന്നതിൽ കളങ്കംചാർത്താൻ പ്രചോദിതരാകരുതെ"ന്നു് അപ്പോഴപ്പോൾ ശാസിച്ചുകൊണ്ടിരുന്ന മാർപ്പാപ്പമാരുടെ കരങ്ങളാൽ നീതിക്കു വിധേയരാക്കിച്ചെയ്യപ്പെട്ടു.

സാക്ഷാൽ ആദ്ധ്യാത്മികമല്ലാത്ത ഉദ്ദേശങ്ങളാൽ പലരും തിരുസംഘത്തിലേക്കുള്ള പ്രവേശനത്തിന്റെ മാന്യത അഭിലഷിച്ചുവെന്നുള്ളതു് മനുഷ്യസ്വഭാവംമാത്രമാണു്. 1604-ൽ ഫെർഡിനൻറ് ററാവണ്ണ എന്ന ദേഹം "ലോഡി" രൂപതയുടെ മെത്രാനായി നാമകരണംചെയ്യപ്പെട്ടപ്പോൾ ആഹ്ലാദാധിക്യംകൊണ്ടു് മൃതിയടഞ്ഞതായി പറയപ്പെട്ടിരിക്കുന്നു. കർദ്ദിനാളാകാൻ വേണ്ട യോഗ്യതകളിൽ അപ്രധാനമല്ലാത്ത ഒന്നു് ബുദ്ധിക്കു് പക്വത നല്കുന്ന പ്രായസംപ്രാപ്തിയാകുന്നു. എന്നാൽ പൂർവ്വകാലങ്ങളിൽ വളരെ ചെറുപ്പക്കാരായ ചില അംഗങ്ങളും തിരുസംഘത്തിൽ ഉണ്ടാകാതിരുന്നില്ല. 11-ാം ഗ്രിഗോരിയോസ് പാപ്പ 18-ാം വയസ്സിൽ ഒരാളെ കർദ്ദിനാൾ ആക്കി. പൗലൂസ് ദ്വിതീയൻ 23-ാം വയസ്സിലും പിയൂസ് തൃതീയൻ 20-ാം വയസ്സിലും ലെയോൻ ദശമൻ 13-ാം വയസ്സിലും മററാരോരുത്തനെ പ്രസ്തുതസ്ഥാനത്തിൽ ആരോപിച്ചു. ഒടുവിലത്തെ ആൾക്കു് സ്ഥാനവസ്ത്രങ്ങൾ അണിയാൻ പിന്നേയും മൂന്നുവർഷം കാത്തിരിക്കേണ്ടതായും വന്നു.

മുൻകാലത്തു് യൂറോപ്പിൽ ഫ്റാൻസ്, ആസ്ത്രിയ, സ്പെയിൻ മുതലായ വലിയ കത്തോലിക്കരാഷ്ട്രങ്ങൾ മാർപ്പാപ്പാമാരുടെ തിരഞ്ഞെടുപ്പിൽ തങ്ങൾക്കു് നിഷേധാധികാരം (എല്ലായ്പ്പോഴും പ്രയോഗിച്ചിരുന്നില്ലെങ്കിലും) ഉള്ളതായി അവകാശപ്പെട്ടിരുന്നു. ഇതിന്റെ അവസാനദൃഷ്ടാന്തം ആസ്ത്രിയൻ ചക്രവർത്തിയായിരുന്ന ഫ്റാൻസീസ് ജോസഫിൽനിന്നാണുണ്ടായതു്. കർഡിനൽ റമ്പോള ഫ്റാൻസിന്റെ ഉററമിത്രമാണെന്നു് വിശ്വസിച്ചതിനാൽ അദ്ദേഹത്തിന്റെ തിരഞ്ഞെടുപ്പു് തടയാൻ ചക്രവർത്തി ആഗ്രഹിച്ചു. ബാൾട്ടിമോറിലെ കർദ്ദിനാൾ ആയ ഗിബൺസ് അന്നു് കോൺക്ലേവിൽ ഒരു വോട്ടു് നൽകാൻ അർഹത ലഭിച്ച ആദ്യത്തെ അമേരിക്കനായിരുന്നു. ചക്രവർത്തിയുടെ ശത്രുതകൊണ്ടു് റമ്പോളയുടെ തിരഞ്ഞെടുപ്പു് അസാദ്ധ്യമായപ്പോൾ ഇദ്ദേഹമാണു് 13-ാം ലെയോൻ പാപ്പയുടെ പിൻഗാമിയായി കർദ്ദിനാൾ സാർത്തോ (10-ാം പിയൂസ്)യെ എടുക്കാൻ വിപുലോപകരണമായി വർത്തിച്ചതു്. തദനന്തരം പത്താംപിയൂസ് തിരുമേനിയാകട്ടെ മാർപ്പാപ്പമാരുടെ തിരഞ്ഞെടുപ്പുസംബന്ധിച്ചു് നിയമാനുസാരം സഭ അംഗീകരിച്ചിട്ടില്ലാത്തതും വെറും മാമൂല്യമാത്രവുമായ പ്രസ്തുത അന്യായാവകാശം പൂർണ്ണമായി വിലക്കുകയും വിച്ഛേദിക്കയുംചെയ്തു.

കോമൺവെൽത്ത് ബാങ്ക് (ക്ലിപ്തം)
H. O. കാഞ്ഞിരപ്പള്ളി
ബ്രാഞ്ചുകൾ:—

| | |
|---|---|
| കാഞ്ഞിരപ്പള്ളി | എരുമേലി |
| മുണ്ടക്കയം | കോട്ടയം |
| പൂഞ്ഞാർ | തൊടുപുഴ |

ഡയറക്ടറന്മാർ
മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്ക് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്ക ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).
ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്ക് പ്രവർത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്ക ജോസഫ്
ബി. എ. ബി. എൽ.

# Sathya Deepam

Vol. 24 | Ernakulam May 16, 1951 | No. 37

ആരോഗ്യപംക്തി

## മാദകദ്രവ്യങ്ങൾ

അവ ഉന്മേഷജനകവസ്തുക്കളല്ല; ഭക്ഷണവസ്തുക്കളുമല്ല

[ഡോക്ടർ എൻ. കെ. നമ്പൂതിരി]

മദ്യങ്ങളുടെ നശീകരണശക്തിയെക്കുറിച്ച് അല്പം ചിലതു് പറയുവാനുണ്ടു്. കള്ളു്, ചാരായം, കറുപ്പു് മുതലായ ലഹരിദ്രവ്യങ്ങളിൽ ഏതെങ്കിലും പതിവായി ഉപയോഗിക്കുന്നവന്റെ ശരീരസ്ഥിതിയും ധനസ്ഥിതിയും തീരെ നശിച്ചുപോകുന്നു എന്നുള്ള പരമാത്ഥം സാമാന്യം വ്യക്തമായിരുന്നിട്ടും, സാമാന്യജനങ്ങൾ ഈ വിഷയത്തിൽ വലിയ അശ്രദ്ധ കാണിക്കുന്നതു് സങ്കടകരമായ ഒരു കാര്യംതന്നെയാണു്. മാദകദ്രവ്യങ്ങൾ ഉന്മേഷജനകവസ്തുക്കളല്ല; അവ ഭക്ഷണവസ്തുക്കളുമല്ല. എന്നാൽ മദ്യങ്ങളുപയോഗിക്കുന്നവക്കു് ആദ്യഘട്ടത്തിൽ കലശലായ ഉന്മേഷവും ഉത്സാഹവും അനുഭവപ്പെട്ടുമെന്നുള്ളതു് പരമാത്ഥമാണു്. മദ്യത്തിന്റെ ഈ താല്ക്കാലിക "മോഹിനി" വേഷത്തിൽ ഭ്രമിച്ചാണു് പലരും മദ്യനിത്യന്മാരായിത്തീരുന്നതെന്നുള്ളതിനു് സംശയമില്ല. പക്ഷെ ആ മോഹിനീവേഷത്തിന്റെ തന്മയത്വം പെട്ടെന്നു നശിക്കുന്നു. പകരം ദംഷ്ട്രാകരാളമായ ഒരു രാക്ഷസിയുടെ ക്രൂരദംഷ്ട്രങ്ങൾക്കിടയിൽ കുടുങ്ങിപ്പോവുകയാണു് ചെയ്യുന്നതു്.

മദ്യത്തിനു പകരം ഉപയോഗിക്കാവുന്നവയും എന്നാൽ മദ്യത്തിന്റെ ദോഷം അശേഷം ഇല്ലാത്തവയും ആയ സ്വാഭാവിക ഉന്മേഷജനകവസ്തുക്കൾ നമുക്കില്ലായ്കയില്ല. അവ ശരീരധമ്മങ്ങളെ സഹായിക്കുന്നു എന്നു മാത്രമല്ല അവയ്ക്കു് യാതൊരു വിലയും നാം ആക്കും കൊടുക്കുകയും വേണ്ടാ.

ശുദ്ധവായു, സൂര്യരശ്മി, വ്യായാമം, വിശ്രമം, സന്തോഷം മുതലായവയുടെ സേവനമാണു് സ്വാഭാവികമായ ഉന്മേഷങ്ങളുടെ കലവറകൾ എന്നു പറയാം. ഇവയുടെ സേവനം ആക്കും ഹർഷാസ്പദവും അപായരഹിതവുമാകുന്നു. ഒരു തുറസ്സായ സ്ഥലത്തു് മന്ദമായി നടന്നു ശുദ്ധവായു ശ്വസിക്കുന്നതുകൊണ്ടു് ഉണ്ടാകുന്ന സന്തോഷം നിശ്ചയമായും ഒരു ഗ്ലാസ് ബീയറിന്റെ ആസ്വാദ്യതയെക്കാൾ മഹത്തരംതന്നെയായിരിക്കണം. ഒരു ഒന്നാംതരം സിഗരററു് വലിക്കുന്നതിൽനിന്നും ലഭിക്കുന്നതിലധികം സന്തോഷം ഒരു സുഹൃത്തമന്റെ പ്രിയഭാഷണംമൂലം നമുക്കു് ലഭിക്കുന്നില്ലയോ? ഒന്നാംതരത്തിലൊരു പാത്രം ചൂടുകാപ്പി കഴിക്കമൂലമുണ്ടാകുന്ന രസത്തെക്കാൾ എത്രയോ അധികമായ ആനന്ദമാണു് പ്രസന്നമായ ശീതജലത്തിൽ ഒന്നാംതരത്തിലൊന്നു കുളിക്കുന്നതുകൊണ്ടു് ശരീരത്തിനും മനസ്സിനും ഉണ്ടായിത്തീരുന്നതു്. ഇതുപോലെ പ്രകൃതിദത്തവും, വിലകൊടുക്കേണ്ടാത്തവയുമായ അമൂല്യവസ്തുക്കളെ ഉപയോഗിക്കുന്നതുകൊണ്ടു്, ശരീരത്തിനും മനസ്സിനും ഉണ്ടാകുന്ന ഉന്മേഷവും ആരോഗ്യവും സുസ്ഥിതിയും മദ്യംകൊണ്ടു അശേഷം ലഭിക്കുന്നില്ലെന്നുതന്നെയല്ല, മദ്യനിത്യൻ മാനസികമായും ശാരീരികമായും സാമ്പത്തികമായും പ്രതിദിനം അധഃപതിച്ചുപോകുകയും ചെയ്യുന്നു. ഈശ്വരാജ്ഞാലംഘനക്കുററത്തിന്റെ ശിക്ഷ കൂടപ്പംകൂടിയതുതന്നെ!

മദ്യം മനുഷ്യന്റെ നാഡീവ്യൂഹത്തെ സംഹരിച്ചുകളയുന്നു. അവയുടെ കേന്ദ്രസ്ഥാനമായ തലച്ചോറിനെ ഒന്നാമതായി വിമഥനം ചെയ്യുന്നു. തലച്ചോറിനു് സഹസ്രാരം (cerebrum), അനുമസ്തിഷ്കം (cerebellum), സുഷുമ്നാശീർഷകം (medulla) എന്നു മൂന്നു പ്രധാന വിഭാഗങ്ങൾ ഉണ്ടു്. ഇതിൽ ഒന്നാമത്തേതായ സഹസ്രാരം അറിവിന്റെയും വിചാരത്തിന്റെയും സ്ഥാനവും, അനുമസ്തിഷ്കം നടക്കുക, എഴുതുക മുതലായ കർമ്മങ്ങളെ സാധിപ്പിക്കുന്ന പേശികളെ നിയന്ത്രിക്കുന്ന സ്ഥാനവും, സുഷുമ്നാശീർഷകം ശ്വാസം, രക്തപരിപത്തനം മുതലായ നിയതശരീരധമ്മങ്ങളെ നിയന്ത്രിക്കുന്ന സ്ഥാനവും ആകുന്നു. മദ്യപന്മാർ മറയത്തരം പ്രവത്തിക്കയും പറകയും ചെയ്യുന്നതിൽനിന്നും ജ്ഞാനത്തിന്റെയും വിചാരത്തിന്റെയും സ്ഥാനമായ സഹസ്രാരം മദ്യവീര്യത്താൽ ക്രമംതെററി പ്രവത്തിക്കുന്നു എന്നു അനുമാനിക്കാം. അവന്റെ കൈകാലുകൾ കുഴയുന്നതിന്റെ അത്ഥം അവയെ ശരിക്കു പ്രവത്തിപ്പിച്ചുകൊണ്ടിരിക്കുന്ന പേശികളുടെ നിയന്താവായ അനുമസ്തിഷ്കം തകരാറിലായിരിക്കുന്നു എന്നതാണു്. അതുപോലെ മദ്യപന്റെ ശ്വാസനാവയവവ്യൂഹവും രക്തനാഡികളും ക്രമം തെററി പ്രവത്തിച്ചുകൊണ്ടിരിക്കുന്നതിൽനിന്നും അവയുടെ കത്താവായ സുഷുമ്നാശീർഷകത്തിനു് തകരാറു സംഭവിച്ചിരിക്കുന്നതായി താനേ തെളിയുന്നു. മേൽപ്പറഞ്ഞ അവസ്ഥ—നാഡീവ്യൂഹകേന്ദ്രത്തിന്റെ അത്യുച്ചഭാഗങ്ങളുടെ വിപരീതപ്രവത്തനം—അതിര്ത്തി കടന്നുപോയാൽ മനുഷ്യൻ പരമാവധി മരിച്ചുപോകുതന്നെ ചെയ്യും.

കൂടാതെ മനുഷ്യന്റെ പ്രധാനപ്പെട്ട ഒരവയവമാണു് യകൃത്തു് അല്ലെങ്കിൽ കരൾ. അതു മനുഷ്യന്റെ വലത്തെ പാർശ്വത്തിൽ വിഭാജക (diaphragm) കലവറയുടെ ചുവട്ടിലായിട്ടിരിക്കുന്ന കറുത്തു ചുവന്നു തടിച്ച ഒരവയവമാണു്. നാം കഴിക്കുന്ന ആഹാരങ്ങളിൽ അടങ്ങിയിരിക്കുന്ന പഞ്ചസാരയെ വേർപെടുത്തിയെടുത്തു സൂക്ഷിക്കുക കരളിന്റെ പ്രത്യേകകത്തവ്യമാണു്. മനുഷ്യനു അവന്റെ ആപൽക്കാലത്തു കരളിന്റെ സൂക്ഷിപ്പായ ഈ "കലവറ" അത്യന്താപ്രയോജനപ്പെടുന്നു. ബുദ്ധിമാനായ മനുഷ്യൻ അവന്റെ സമ്പാദ്യത്തിൽനിന്നും കഴിവുപോലെ ഒരു തുക സഞ്ചയിച്ചു സേവിംഗ്സ് ബാങ്കിൽ സൂക്ഷിക്കുകയും അവനു ജോലിക്കു ത്രാണി കുറയുമ്പോൾ മേൽപ്പറഞ്ഞ തുക അവനുപയോഗത്തിലെത്തുകയും ചെയ്യുക സാധാരണയാണല്ലോ. കരളിന്റെ പ്രവൃത്തിയുടെ തത്വവും ഏതാണ്ടിപ്രകാരമാണു്. മനുഷ്യൻ പെട്ടെന്നോ സാവധാനത്തിലോ രോഗാധീനനായി, ദേഹത്തിലെ ചൂടു നിലനിത്താൻ വേണ്ട ആഹാരംപോലും സ്വീകരിക്കുവാൻ അശക്തനായിരിക്കുമ്പോൾ കരൾ തന്റെ പ്രവൃത്തിചെയ്തു് അവനെ ശീതബാധയിൽനിന്നു യഥാതഥം രക്ഷിക്കുന്നുണ്ടു്. മദ്യം ഉപയോഗിക്കയാണെങ്കിൽ ഉടനെ കരൾ സമ്പാദിച്ചു സൂക്ഷിച്ചിട്ടുള്ള പഞ്ചസാര മുഴുവനും ഒരേപ്രാവശ്യമായിട്ടുതന്നെ തീന്നുപോകുന്നു.

അതാണു്, മദ്യം ധാരാളം കഴിച്ചിട്ടുള്ളവക്കു പിറേറദിവസം രാവിലെ യാതൊരുത്സാഹവുംകൂടാതെ പരുങ്ങി കഴിച്ചുകൂട്ടേണ്ടിവരുന്നതു്.

ഇത്രയും എഴുതിയതിൽനിന്നും, മദ്യം താല്ക്കാലികമായിട്ടും സ്ഥിരമായിട്ടും ശരീരത്തെ തീരെ കെടുത്തുന്നു എന്നുതന്നെയല്ല. മദ്യപന്റെ കുഞ്ഞുകുട്ടികളെ പരാധീനതകൾ ഭയങ്കരമായി ബാധിച്ചിട്ടു് അതിരില്ലാത്തവിധം അധഃപതിച്ചുപോകാനിടവരുത്തുകയാണു് അതിന്റെ പ്രവൃത്തി എന്നു വ്യക്തമായിട്ടുണ്ടെന്നു വിശ്വസിക്കുന്നു.

## സിഷ്യ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്:—ആലപ്പുഴ

ബ്രാഞ്ചസ്: മണിമല—പുളിങ്കുന്നു

ഡിപ്പോസിററുകൾ സ്വീകരിക്കുക, പണം കടം കൊടുക്കുക, ഡ്രാഫ്ററു്, ബില്ല് മുതലായവ കൊടുക്കുകയും വാങ്ങുകയും ചെയ്യുക തുടങ്ങി എല്ലാ ബാങ്കു പ്രവത്തനങ്ങളും നടത്തുന്നു.

പലിശനിരക്കു് അടങ്ങിയ കൂടുതൽ വിവരങ്ങൾ ഏതെങ്കിലും ആഫീസിൽനിന്നും അറിയാവുന്നതാണു്.

എ. സി. മാത്യു, ബി. എ., സി. എ., ഐ. ഐ. ബി.

(സിക്രട്ടറി)




### വിമർശനത്തിനു പഠനമാവശ്യം

ഒരിക്കൽ സർ ഐസക്കു് ന്യൂട്ടൻ, ശാസ്ത്രജ്ഞനെങ്കിലും അവിശ്വാസിയായിരുന്ന സ്വസ്നേഹിതൻ ഡോക്ടർ ഹാലിയോടു് ഇപ്രകാരം പറയുകയുണ്ടായി: "നിങ്ങൾ ജ്യോതിശ്ശാസ്ത്രത്തെപ്പററിയോ ഗണിതശാസ്ത്രത്തെപ്പററിയോ സംസാരിക്കുന്നതു കേൾക്കുവാൻ എനിക്കു സന്തോഷമുണ്ടു്. കാരണം, നിങ്ങൾ അവ പഠിച്ചിട്ടുണ്ടു്; നിങ്ങൾക്കവ മനസ്സിലാക്കാൻ സാധിച്ചിട്ടുമുണ്ടു്. പക്ഷെ ക്രിസ്തുമതത്തെപ്പററി നിങ്ങൾ സംസാരിക്കാതിരിക്കുകയാണു വേണ്ടതു്; കാരണം, നിങ്ങളതു പഠിച്ചിട്ടില്ല."

കത്തോലിക്കാമതം എന്തെന്നു പഠിച്ചറിയാൻ ശ്രമിക്കാതെ അതിനെ വിമശിക്കുവാൻ മുതിരുന്നവക്കു ന്യൂട്ടന്റെ ഈ മറുപടി ഒരു പാഠമായിരിക്കട്ടെ.

### സൗഹാർദ്ദം പുലത്തുന്നതിനെന്തുവേണം?

പുരാതനകാലത്തു ചൈനയിലെ ഒരു നഗരത്തിലെ ജനങ്ങളെല്ലാവരും വലിയ സമാധാനത്തിലും സൗഹാർദ്ദത്തിലും ജീവിച്ചിരുന്നു. ഇതു മററുള്ളവരുടെ ആശ്ചര്യത്തിനും അഭിനന്ദനത്തിനും വിഷയീഭവിച്ചു. ഒരിക്കൽ ചക്രവത്തി പ്രസ്തുത നഗരം സന്ദശിക്കുന്നതിനായി ചെന്നു. അദ്ദേഹത്തിനു് ഏററവും ഹൃദ്യമായ ഒരു സ്വീകരണമാണു് അവിടത്തെ ജനങ്ങൾ നല്കിയതു്. അവരുടെ വിജയരഹസ്യം എന്തെന്നറിവാനായി അദ്ദേഹം അവരുടെ നേതാവിനെ വിളിച്ചു് സംഭാഷണംചെയ്തു. ആ ജനപ്രമാണി ഒരു കടലാസെടുത്തു് പരസ്പരം ക്ഷമിക്കേണ്ടതു് എങ്ങനെയെല്ലാമെന്നു കാണിക്കുന്ന നൂറു വാക്കുകൾ എഴുതി ചക്രവത്തിക്കു സമർപ്പിച്ചു. എന്നിട്ടു് ഇപ്രകാരം പറഞ്ഞു: "തിരുമേനി, അന്യോന്യം ക്ഷമിക്കയും സഹിക്കയും ചെയ്യേണ്ടതെങ്ങനെയെന്നു ഞങ്ങൾക്കറിയാം. അതുകൊണ്ടാണു സമാധാനവും സൗഹാർദ്ദവും പാലിക്കുവാൻ ഞങ്ങൾക്കു സാധിക്കുന്നതു്." (Sidelight on Chinese Life)

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്കു്
ബാങ്ക് ഓഫ് കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ, വില്ലിങ്ങ്ടൺ ഐലൻഡ്

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam.

